2025 OCTOBER 13

emalayalee.com

# The Weekly

WEEKLY NEWSPAPER

Co ct: tor@ alay | P 917 324 4907; 17 662 1122



# പുതു നരേറ്റീവുകൾ സമ്മാനിച്ച് ചരിത്രമായി ഐ.പി.സി.എൻ.എ കോൺഫറൻസ്



11th INTERNATIONAL MEDIA CONFERENCE & AWARD NIGHT

## ചാനലുകളുടെ റേറ്റിങ് പ്രേക്ഷക അംഗീകാരത്തിന്റെ പ്രതിഫലനമോ..?


MALABAR
GOLD & DIAMONDS
Malabar
with you in all your
Celebrations
FREE
CASH
VOUCHERS
On Every Purchase of Diamond
& Precious Gem Jewellery*
*Offer valid until 20th October 2025
*Terms & Conditions apply.

# പുതു നരേറ്റീവുകൾ സമ്മാനിച്ച് ചരിത്രമായി ഐ.പി.സി.എൻ.എയുടെ 11-ാം പ്രോജ്വല കോൺഫറൻസ്

എ.എസ് ശ്രീകുമാർ

ന്യൂജേഴ്സി: അമേരിക്കൻ മലയാളി മാധ്യമ ചരിത്രത്തിൽ എക്കാലവും സ്മരിക്കപ്പെടുന്ന ഒട്ടനവധി അറിവുകളും അവബോധവും പങ്കുവച്ചുകൊണ്ടാണ് എഡിസൺ ഷെറാട്ടണിൽ ഐ.പി.സി.എൻ.എ 11-ാം കോൺഫറൻസിന് തിരശീല വീണത്. കേരളത്തിലെ മുഖ്യധാരാ ചാനലുകളിൽ പ്രൊഫഷണൽ മൽസരം കാഴ്ചവയ്ക്കുന്ന പ്രതിഭകളുടെ സജീവ സാന്നിധ്യവും അവരുമായുള്ള ഇന്ററാക്ടീവ് സെഷനുകളും സെമിനാറുകളും പുതുമയുള്ളതും സമകാലിക വിഷയങ്ങളെയും ചില ആശങ്കകളെയും ആഴത്തിൽ സ്പർശിക്കുന്നതായിരുന്നു. കേരളത്തിലെ രാഷ്ട്രീയ പ്രവർത്തകരും പങ്കെടുത്ത സമ്മേളനത്തിന് കൊടിയിറങ്ങിയത് സമാനതകളില്ലാത്ത ചില അടയാളപ്പെടുത്തലുകളുമായാണ്.

ലോകമെങ്ങും മാധ്യമ സ്വാതന്ത്ര്യം കടുത്ത വെല്ലുവിളികൾ നേരിടുന്ന കാലഘട്ടമാണിതെന്നും ഇന്ത്യയിലും വിദേശ രാജ്യങ്ങളിലുമായി മാധ്യമ സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളാണെങ്കിലും, അവയെല്ലാം ഇല്ലാതായി വരികയാണെന്നും









സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത എൻ.കെ പ്രേമചന്ദ്രൻ എം.പി പറഞ്ഞു. അതേസമയം, കേരളത്തിലെ പ്രശസ്തരായ മാധ്യമ പ്രതിഭകളെ അമേരിക്കയിലെത്തിച്ച് പ്രവാസി സമൂഹത്തിന് മുമ്പിൽ അവതരിപ്പിക്കുകയെന്നത് അനിതര സാധാരണമായ നേട്ടം തന്നെയാണ്. കേരളത്തിലെ മാധ്യമ സംവിധാനം തീവ്രവും സജീവവുമാണ്. അതിന് അതിന്റേതായ ഗുണദോഷങ്ങളുണ്ടെങ്കിലും, കേരളം വേറിട്ട് നിൽക്കുന്നത് മാധ്യമങ്ങളുടെ വലിയ സംഭാവനകൾ കൊണ്ടുതന്നെയാന്ന് ഐ.പി.സി.എൻ.എയുടെ മാധ്യമ ജാഗ്രതയെ അഭിനന്ദിച്ചുകൊണ്ട് എൻ.കെ പ്രേമചന്ദ്രൻ പറഞ്ഞു.

സമാപന സമ്മേളനത്തിന് സ്വാഗതമാശംസിച്ച ഐ.പി.സി.എൻ.എ നാഷണൽ പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, ഈ വിശാലമായ രാജ്യത്ത് മലയാളി സമൂഹത്തിന്റെ വളർച്ചയ്ക്കൊപ്പം നമ്മുടെ മാധ്യമ പ്രവർത്തനവും അഭിവൃദ്ധിപ്പെട്ടുവെന്ന് വ്യക്തമാക്കി. ഐ.പി.സി.എൻ.എയുടെ കഴിഞ്ഞ രണ്ടുവർഷക്കാലത്തെ വിജയത്തിന്റെ ക്രെഡിറ്റ് അഡ്വൈസറി ബോർഡിനാണ്. അഡ്വൈസറി ബോർഡിനും എക്സിക്യൂട്ടീവ് കമ്മിറ്റിക്കും നാഷണൽ കമ്മിറ്റിക്കും ചാപ്റ്ററുകൾക്കും സ്പോൺസർമാർക്കുമെല്ലാം പടിയിറങ്ങുന്ന പ്രസിഡന്റ് ഹൃദയപൂർവം നന്ദി പ്രകാശിപ്പിച്ചു.

ഭരണഘടനാപരമായ അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോൾ അതിനെ അതിശക്തമായി ചോദ്യം ചെയ്യേണ്ടത് മാധ്യമങ്ങളാനെന്നും അത് അവരുടെ ധർമമാണെന്നും പാലക്കാട് എം.പി വി.കെ ശ്രീകണ്ഠൻ അഭിപ്രായപ്പെട്ടു. ഭരണകർത്താക്കൾ വിമർശനത്തിനതീതരല്ല. വിമർശിക്കപ്പെടുമ്പോൾ അതിനെ ഉൾക്കൊള്ളാൻ കഴിയുന്നവരാണ് യഥാർത്ഥ ജനാധിപത്യ വാദികളെന്നും മീഡിയയോട് അസഹിഷ്ണുതയുള്ളവർ ഏകാധിപത്യ ചിന്ത മനസിൽപേറി നടക്കുന്നവരാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. രണ്ട് പതിറ്റാണ്ട് പിന്നിടുന്ന ഐ.പി.സി. എൻ.എയെ കുറിച്ച് തലഉയർത്തി അഭിമാനത്തോടെ അവ





സരം കിട്ടിയാൽ താൻ കേരള നിയമസഭയിലും പറയുമെന്ന് റാന്നി എം.എൽ.എ പ്രമോദ് നാരായണൻ വ്യക്തമാക്കിയപ്പോൾ സദസിൽ നിറഞ്ഞ കരഘോഷം മുഴങ്ങി.

ഇക്കുറി നാട്ടിൽ നിന്ന് ഇവിടേയ്ക്ക് തിരിക്കുമ്പോൾ ഒരിക്കലും ഉണ്ടാവാത്തചില ആശങ്കകൾ ഉണ്ടായിരുന്നുവെന്ന് മനോരമ ന്യൂസ് ഡയറക്ടർ ജോണി ലൂക്കോസ് പറഞ്ഞു. അമേരിക്കയിൽ വന്ന മാറ്റങ്ങൾ ഇത്തരം യാത്രാ വേളകളിൽ എങ്ങിനെയാണ് പ്രതിഫലിക്കുക എന്നറിയില്ലായിരുന്നു. എയർപോർട്ടിൽ എത്തിയപ്പോൾ എമിഗ്രേഷനിലെ ഓഫീസർ കൈയിൽ എത്ര ഡോളർ ഉണ്ടെന്ന് ചോദിച്ചു. ഡോളർ ഇല്ലെന്നും എന്നെ ഇവിടെ കൊണ്ടുനടക്കുന്ന സുഹൃത്തുക്കളുടെ കൈവശം ഡോളർ ഉണ്ടെന്നും അവർ അത് എനിക്കു വേണ്ടി ഇവിടെ തന്നെ ചെലവാക്കുമെന്നും പറഞ്ഞപ്പോൾ, പ്രസിഡന്റ് ട്രംപിന്റെ അതേ സാമ്പത്തിക വീക്ഷണം പങ്കു വയ്ക്കുന്ന ഒരിന്ത്യാക്കാരനാണ് ഞാനെന്ന് ആ ഉദ്യോഗസ്ഥന് തോന്നിയിട്ടുണ്ടാവുമെന്ന് ജോണി ലൂക്കോസ് നർമ്മ ബോധത്തോടെ പറഞ്ഞു.

ഏഷ്യാനെറ്റ് ന്യൂസ് എഡിറ്റർ അബ്ജോദ് വർഗീസ്, 24 സീനിയർ ന്യൂസ് എഡിറ്റർ ഹാഷ്മി താജ് ഇബ്രാഹിം, റിപ്പോർട്ടർ ചാനൽ കോ-ഓർഡിനേറ്റിങ് എഡിറ്റർ സുജയ പാർവ്വതി, മാതൃഭൂമി ടി.വി സീനിയർ സബ് എഡിറ്റർ മോത്തി രാജേഷ് തുടങ്ങിയവർ തങ്ങൾക്ക് എന്നെന്നും മനസ്സിൽ സൂക്ഷിക്കാൻ പറ്റുന്ന ദിവസങ്ങൾ സമ്മാനിച്ച ഐ.പി.സി.എൻ.എയ്ക്ക് ഊഷ്മളമായ നന്ദി പ്രകാശിപ്പിച്ചു.

ന്യൂസ് 18 കൺസൾട്ടിങ് എഡിറ്റർ ലീൻ ബിജെസ്മസ്, ബിലീവേഴ്സ് ചർച്ച് മാനേജിങ് ഡയറക്ടർ ഫാ. സിജോ പന്തപ്പള്ളിൽ, ഐ.പി.സി.എൻ.എ ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, ഐ.പി.സി.എൻ.എ 2026-27 പ്രസിഡന്റ് ഇലക്ട് രാജു പള്ളത്ത്, നാഷണൽ വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആഷ മാത്യു, ജോയിന്റ് ട്രഷറർ റോയി മുളകുന്നം, കോൺഫറൻസ് ചെയർമാൻ സജി എബ്രഹാം, ഷോളി കുമ്പിളുവേലി തുടങ്ങിയവർ സംസാരിച്ചു. മധു കൊട്ടാരക്കരയും മാത്യു വർഗീസും എം.സിമാരായി പ്രവർത്തിച്ചു.



















INTERNATIONAL
MEDIA
CONFERENCE &




CONFERENCE & AWARD NIGHT
2025



India Press Club of North America














































Joywali
Diwali
FREE
24K LAKSHMI IDOL OR GOLD BAR
★ 500 MG 24K ★
GOLD BAR
SPEND
USD 1,250 ON
DIAMOND &
PRECIOUS STONE
JEWELLERY
★ 1 GM 24K ★
LAKSHMI IDOL
OR GOLD BAR
SPEND USD 2,200 ON
DIAMOND & PRECIOUS
STONE JEWELLERY OR
SPEND USD 8,200
ON GOLD JEWELLERY
★ 10 GM 24K ★
GOLD BAR
SPEND
USD 16,400 ON
DIAMOND &
PRECIOUS STONE
JEWELLERY
SPEND USD 800
ON DIAMOND & PRECIOUS
STONE JEWELLERY & GET A
FREE
USD 25
CASH VOUCHER
NO MAKING
CHARGES ON
8GM GOLD COINS
0% DEDUCTION
ON OLD GOLD
EXCHANGE
OFFER VALID FROM 3RD TO 20TH OCT. 2025
SCAN TO
EXPLORE
NEW JEWELLERY
COLLECTIONS
*Conditions apply / Not applicable for Gold Bars, Gold coins & 24kt Jewellery
Offers Cannot be Combined together.
joyalukkas.com
Joyalukkas
World's favourite jeweller
USA • UK • SINGAPORE • MALAYSIA • AUSTRALIA • UAE • OMAN • QATAR • BAHRAIN • KUWAIT • KSA • INDIA

# ചാനലുകളുടെ ബാർക്ക് റേറ്റിങ് പ്രേക്ഷക അംഗീകാരത്തിന്റെ യഥാർത്ഥ പ്രതിഫലനമോ..? ചൂടൻ ചർച്ച

ന്യൂജേഴ്സി: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അന്താരാഷ്ട്ര സമ്മേളനത്തിന്റെ സമാപന ദിവസത്തെ ഇന്ററാക്ടീവ് ഫോറം മീഡിയ സെമിനാറിൽ 'പ്രേക്ഷകർക്ക് ടി.വി റേറ്റിംഗ് എത്രമാത്രം പ്രസക്തമാണ്..?' എന്ന വിഷയത്തിൽ നടന്ന ചർച്ച ചൂടേറിയതായിരുന്നു. ബാർക്ക് റേറ്റിങ് സത്യസന്ധമാണോ അതോ മാനിപ്പുലേറ്റഡ് ആണോ എന്ന സദസ്യരുടെ നിലപാടുകളും പരസ്പരം മൽസരിക്കുന്ന ചാനൽ പ്രതിനിധികളുടെ ഉത്തരങ്ങളും അവരവരുടെ നിലപാടുകളെ സാധൂകരിക്കുന്നതായിരുന്നു. അതേസമയം റേറ്റിങ് എന്തായാലും സത്യസന്ധമായ വാർത്തകൾ പ്രേക്ഷകരിൽ എത്തുന്നുണ്ടോ എന്ന ചോദ്യവും ഉയർന്നു.

മുതിർന്ന മാധ്യമ പ്രവർത്തകൻ കുര്യൻ പാമ്പാടിയുടെ സാന്നിധ്യത്തിൽ ജോസ് കാടാപുറമാണ് ചർച്ച മോഡറേറ്റ് ചെയ്തത്. ബാർക്ക് റേറ്റിങ് വച്ചാണോ ആളുകൾ ടി.വി ചാനലുകൾ കാണുന്നത് എന്ന ചോദ്യത്തിന് ഇപ്പോൾ പ്രസക്തി ഉണ്ടെന്ന് ന്യൂസ് 18 കൺസൾട്ടിങ് എഡിറ്റർ ലീൻ ജെസ്മാസ് അഭിപ്രായപ്പെട്ടു. ചാനലുകളുടെ വിപണനത്തിന് ഉപയോഗിക്കുന്ന ബാർക്ക് റേറ്റിങ്ങിന്റെ സത്യസന്ധത ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടെന്നും ഒന്നാം സ്ഥാനത്തു നിൽക്കുന്ന ചാനൽ കാണാൻ പ്രേക്ഷകർ



കൂടുതൽ ഉണ്ടാവുമെന്നും ലീൻ വ്യക്തമാക്കി.

ആത്യന്തികമായി പ്രേക്ഷകർ അവർക്ക് ഇഷ്ടപ്പെട്ട ചാനൽ കാണുന്നു എന്നതിനാണ് പ്രാധാന്യം എന്ന് ഏഷ്യാനെറ്റിന്റെ അബ്ജോദ് വർഗീസ് അഭിപ്രായപ്പെട്ടു. ഏഷ്യാനെറ്റ് ന്യൂസ് വർഷത്തിൽ ഏതാണ്ട് 95 ശതമാനം ആഴ്ചകളിലും ഒന്നാം സ്ഥാനത്ത് വരുന്നു. അപൂർവം ചില അവസരങ്ങളിൽ റിപ്പോർട്ടർ അല്ലെങ്കിൽ 24, ഏഷ്യാനെറ്റിനെ മറികടന്നിട്ടുണ്ട്. അപ്പോൾ അവർ നടത്തുന്ന ആഘോഷം ഈ ഒന്നാം സ്ഥാനം എന്നത് വളരെ വിലപിടിച്ചതാണെന്ന് വ്യക്തമാക്കുന്നതാണ്. ചാനലുകൾ തമ്മിലുള്ള മത്സരം രൂക്ഷമായപ്പോൾ ലാൻഡിങ് പേജിന് വലിയ സ്വാധീനം ഉണ്ടായെങ്കിലും പഴയതു പോലെ ആൾക്കാർ ടി.വി കാണുന്നില്ലെന്ന് അബ്ജോദ് പറഞ്ഞു. കഷ്ടപ്പെട്ടിട്ടു തന്നെയാണ് ഏഷ്യാനെറ്റ് ഒന്നാം സ്ഥാനം നിലനിർത്തുന്നതെന്നും അബ്ജോദ് കൂട്ടിച്ചേർത്തു.











ആരോഗ്യകരമായ മത്സരം ഏത് ഇൻഡസ്ട്രിയിലും നല്ലതാണെന്നും കഠിനാദ്ധ്വാനം ചെയ്താൽ എന്തും എത്തിപ്പിടിക്കാമെന്ന് തനിക്ക് മനസ്സിലാക്കി തന്നത് റിപ്പോർട്ടറിലെ രണ്ടര വർഷക്കാലമാണെന്നും റിപ്പോർട്ടർ ടി.വി കോ-ഓർഡിനേറ്റിങ് എഡിറ്റർ സുജയ പാർവതി ചൂണ്ടിക്കാട്ടി. ഷിഫ്റ്റ് ഇല്ലാതെയാണ് ഞങ്ങൾ ജോലി ചെയ്യുന്നത്. ആരോഗ്യകരമായ മത്സരബുദ്ധി പുലർത്തിയാലേ കണ്ടന്റും ടെക്നോളജിയും മെച്ചപ്പെടൂ. റിപ്പോർട്ടറും 24-ഉം കൊടുത്ത ഒരു സ്ക്രീൻ നറേറ്റീവ് ആണ് ഏഷ്യാനെറ്റ് വർഷങ്ങളായി തുടർന്നു പോന്നിരുന്ന സ്റ്റാൻഡേർഡ് ഫോം മാറ്റാൻ അവരെ പ്രേരിപ്പിച്ചതെന്ന് സുജയ പറഞ്ഞു.

മനോരമയും മാതൃഭൂമിയും കൈരളിയും ന്യൂസ് 18നും ജനവുമെല്ലാം മാറ്റത്തിന്റെ പാതയി

ലാണ്. മത്സരത്തിൽ ഒരു പ്രോഗ്രസ് റിപ്പോർട്ട് കിട്ടുന്നതു പോലെയാണ് എല്ലാ വ്യാഴാഴ്ചയും വരുന്ന ബാർക്ക് അപ്ഡേറ്റിനെ കാണുന്നത്. മാർക്കറ്റിങ് സൈഡിലാണ് ഈ റേറ്റിങ് കൂടുതൽ പ്രതിഫലിക്കുന്നതെന്നും അത് അനിവാര്യമാണെന്നുമാണ് സുജയയുടെ വാദം. ഏഷ്യാനെറ്റ് ഒന്നാം സ്ഥാനത്ത് തുടരാതിരിക്കാനുള്ള പണി ഞങ്ങൾ തന്നു കൊണ്ടിരിക്കുമെന്നും സുജയ പറഞ്ഞു.

ബാർക്ക് റേറ്റിങ് അപ്ഡേറ്റ് വരുന്ന എല്ലാ വ്യാഴാഴ്ചയും ചാനൽ പ്രവർത്തകർക്ക് ചങ്കിടിപ്പാണ് എന്ന് 24 ന്യൂസ് സീനിയർ ന്യൂസ് എഡിറ്റർ ഹാഷ്മി താജ് ഇബ്രാഹിം പറഞ്ഞു. ഇതൊരു ഇൻഹൗസ് മാർക്കറ്റിങ് ടൂളാണ്. അത് പ്രേക്ഷകരെ നേരിട്ട് ബാധിക്കുന്നില്ല. പക്ഷേ ഇപ്പോൾ പ്രേക്ഷകർക്ക് ഇതിനെ പറ്റി ബോധമുണ്ട്. മത്സരം കടുക്കുമ്പോൾ പല മാർക്കറ്റിങ് തന്ത്രങ്ങളും ചാനലുകൾ പ്രയോഗിക്കാറുണ്ട്. അതിലൊന്നാണ് ലാൻഡിങ് പേജ്. അതിനൊക്കെ വലിയ പണച്ചെലവുണ്ട്. എന്നാൽ ഏതെങ്കിലുമൊക്കെ കാലത്ത് ഈ റേറ്റിങ് എന്നത് പ്രേക്ഷകരുടെ ചാനൽ കാഴ്ചയുടെ പ്രതിഫലനമാണോ എന്ന് ചോദിച്ചാൽ അല്ല എന്നും ഹാഷ്മി താജ് പറഞ്ഞു.

എല്ലാ ചാനലുകളിലെയും 80-90 ശതമാനം കണ്ടന്റുകളും ഒന്നാണെന്ന് മനോരമ ന്യൂസ് ഡയറക്ടർ ജോണി ലൂക്കോസ് വാദിക്കുന്നു. ന്യൂസ് ചാനലുകൾക്ക് റേറ്റിങ് വേണോ എന്നൊരു ആലോചന വന്നതാണ്. പക്ഷേ, മാർക്കറ്റിങ് ഏജൻസികൾക്കൊക്കെ എന്തെങ്കിലും ഒരു തീരുമാനമെടുക്കണമെങ്കിൽ അവർക്കൊരു കറൻസി വേണം എന്നൊരു നിലപാടെടുത്തു. റേറ്റിങ് നോക്കിയല്ല ക്ലൈന്റുകൾ പരസ്യം തരുന്നത്. റേറ്റിങിനെ ആശ്രയിക്കുന്നവരുമുണ്ട്. ലോകം മുഴുവൻ നേടിയാലും ആത്മാവ് നഷ്ടപ്പെട്ടാൽ എന്തു ഫലം എന്നു ചോദിക്കുന്നതു പോലെ ചാനലുകൾ തങ്ങളുടെ പ്രൊഫഷണൽ എത്തിക്സ് നിലനിർത്തേണ്ടതുണ്ട്. ഒന്നാം സ്ഥാനത്ത് സ്ഥിരമായി തുടരുന്ന ഏഷ്യാനെറ്റ് എന്തുകൊണ്ടാണ് ഒന്നും രണ്ടും ലാൻഡിങ് പേജുകൾ എടുത്തതെന്ന് ജോണി ലൂക്കോസ് ചോദിച്ചു. വീഡിയോ വ്യൂവേഴ്സിന്റെ കാര്യത്തിൽ മനോരമ തന്നെയാണ് ഒന്നാമതെന്ന് അദ്ദേഹം വ്യക്തമാക്കി. മാറ്റങ്ങൾ കൊണ്ടുവരുന്നതിൽ ബാർക്ക് റേറ്റ് ഒരു പ്രേരകശക്തിയായി പ്രവർത്തിക്കുന്നു എന്നത് ശരിയാണെന്ന് മാതൃഭൂമിയുടെ മോത്തി രാജേഷ് പറഞ്ഞു. ബാർക്ക് റേറ്റിങിന്റെ കാര്യത്തിൽ തങ്ങൾക്ക് അമിതാവേശമില്ലെന്നും, മൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നതെന്നും മോത്തി പറഞ്ഞു. കണ്ടന്റ് നന്നാക്കുന്നതു സംബന്ധിച്ച് റിസേർച്ച് ഉൾപ്പെടെയുള്ള കാര്യങ്ങൾ മാതൃഭൂമിയും നടത്തുന്നുണ്ട്. റേറ്റിങ് കൂടിയാലോ കുറഞ്ഞാലോ തങ്ങളുടെ ചാനലിൽ അമിത സന്തോഷമോ അതീവ ദുഃഖമോ ആരും പ്രകടിപ്പിക്കാറില്ല. അത്തരം ഭയമില്ലാതെ ആത്മ വിശ്വാസത്തോടു കൂടിയാണ് മുന്നോട്ടു പോകുന്നത്. എന്നാൽ ബാർക്കിന്റെ റേറ്റിങ് വ്യത്യാസങ്ങളിൽ പലരും ഗൂഢമായി ആനന്ദിക്കുന്നുണ്ടെന്ന് മോത്തി ചൂണ്ടിക്കാട്ടി.

ചാനലുകളുടെ രാഷ്ട്രീയ ചായ്‌വിനെതിരെയും അസത്യ പ്രചാരണത്തിനെതിരെയും സദസിൽ നിന്ന് ചോദ്യങ്ങൾ ഉയർന്നു. ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും വിമർശിക്കാം. പക്ഷേ, സ്തുതി പാടൽ അരോചകമാണെന്നും അഭിപ്രായമുയർന്നു. ബാർക്ക് റേറ്റിങ് പ്രേക്ഷകരുടെ വിശ്വാസ്യതയായി കണക്കാക്കാനാകില്ലെന്നാണ് പലരും പറഞ്ഞത്. ഫ്ളവേഴ്സ് ടി.വി യു.എസ്.എയുടെ മാർക്കറ്റിങ് ഹെഡ് ബിജു സക്കറിയ കൃതജ്ഞത പ്രകാശിപ്പിച്ചു.



# ഡോ: കൃഷ്ണ കിഷോറിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്



ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ സമഗ്ര സംഭാവനയ്ക്കുള്ള ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ന്യൂ ജേഴ്സിയിൽ നടന്ന വർണാഭമായ ചടങ്ങിൽ എൻകെ പ്രേമചന്ദ്രൻ എംപി ഡോ. കൃഷ്ണ കിഷോറിനെ ആദരിച്ചു. വികെ ശ്രീകണ്ഠൻ എംപി, പ്രമോദ്

നാരായണൻ എംഎൽഎ. പ്രസ് ക്ലബ് പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, സെക്രട്ടറി ഷിജോ പൗലോസ്, കേരളത്തിലെ പ്രശസ്ത മാധ്യമ പ്രവർത്തകർ എന്നിവർ പങ്കെടുത്ത ചടങ്ങിലാണ് അവാർഡ് സമ്മാനിച്ചത്.

ലോകമലയാളികൾക്ക് അഭിമാനമാണ് ഡോ: കൃഷ്ണ കിഷോർ. 1989ഇൽ ഫുൾ മെറിറ്റ് സ്കോളർഷിപ്പോടെ ഉപരി പഠനത്തിനായി അമേരിക്കയിൽ എത്തിയ അദ്ദേഹം, അക്കാദമിക് മേഖലയിലും , കോർപ്പറേറ്റ് രംഗത്തും, മാധ്യമ രംഗത്തും ഒരു പോലെ തിളങ്ങിയ അസാമാന്യ വ്യക്തിത്വമാണ്. ഡോ. കൃഷ്ണ കിഷോർ സഞ്ചരിച്ച ജീവിതയാത്ര അത്യപൂർവവും പ്രചോദനാത്മകവുമായ ബഹുമുഖ മികവിന്റെ തെളിവാണ്.

ഇന്ന് ഡോ. കൃഷ്ണ കിഷോർ ലോകത്തിലെ ഏറ്റവും വലിയ, 58 ബില്യൺ ഡോളർ വാർഷിക വരുമാനമുള്ള പ്രൊഫഷണൽ സർവീസ് സ്ഥാപനങ്ങളിലൊന്നായ പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സ് (ജംഉ) -യിലെ മെർജേഴ്സ് & അക്വിസിഷൻസ് ബിസിനസിനായുള്ള ഇൻഫർമേഷൻ മാനേജ്മെന്റിന്റെ സീനിയർ ഡയറക്ടറും യുഎസ് ലീഡറുമാണ്.

ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയിലെ നിരവധി സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നു.

അതിന് മുമ്പ്, ഡോ. കിഷോർ ഡിലോയിറ്റ് എന്ന ആഗോള കൺസൾട്ടിങ് കമ്പനിയിൽ 15

വർഷം ഡയറക്ടറായി പ്രവർത്തിച്ചു. അമേരിക്കയിലെ പ്രമുഖ ടെലികമ്മ്യൂണിക്കേഷൻ കേന്ദ്രമായ ബെൽ കമ്മ്യൂണിക്കേഷൻസ് റിസർച്ച് ൽ അദ്ദേഹം പതിനാണ്ടിലേറെകാലം വിജയകരമായ സേവനം അനുഷ്ഠിച്ചു. 15-ലേറെ രാജ്യങ്ങളിൽ ടെലികോം ഇൻഫ്രാസ്ട്രക്ചർ സ്വതന്ത്രവൽക്കരണത്തിൽ സംഭാവന ചെയ്ത പദ്ധതികൾക്ക് അദ്ദേഹം നേതൃത്വം നൽകി. ഇന്ത്യയിൽ റിലയൻസ് ഇൻഡസ്ട്രീസ് ടെലികമ്മ്യൂണിക്കേഷൻസ് ബിസിനസ്സ് ആരംഭിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചു. ഏഷ്യ പസഫിക് മേഖലയുടെ ഡയറക്ടറായി.

ലോകത്തിലെ ഏറ്റവും വലിയ സ്ഥാപനങ്ങളിൽ നേതൃസ്ഥാനങ്ങളിലേക്ക് ഉയർന്നുകൊണ്ടിരിക്കുമ്പോഴും, അവിടെ നിന്നുതന്നെ അദ്ദേഹം ഒരു പ്രതിഭാധനനായ മാധ്യമ പ്രവർത്തകനായി തന്റേതായ പ്രത്യേക വഴിയെ തീർത്തുഗൗരവത്തോടും വ്യക്തതയോടും സമഗ്രതയോടും കൂടി അമേരിക്കൻ സംഭവവികാസങ്ങളെ ഇന്ത്യൻ പ്രേക്ഷകരിലേക്കെത്തിച്ചു. 37 വർഷങ്ങൾക്ക് മുൻപ് ആകാശവാണിയിൽ ന്യൂസ് റീഡറായിരുന്ന അദ്ദേഹം, കഴിഞ്ഞ 18 വർഷമായി ഏഷ്യാനെറ്റ് ന്യൂസിലൂടെ ലോക മലയാളികൾക്ക് സുപരിചിതനായ , ഡോ: കൃഷ്ണ കിഷോർ ഇന്നും അമേരിക്കയിൽ നിന്നുള്ള മലയാളികളുടെ ഏറ്റവും ആധികാരിക ശബ്ദം തന്നെ. അകലെയുള്ള അമേരിക്കയെ മലയാളികൾക്ക് കൃത്യതയോടെ അടുത്തെത്തിച്ച വ്യക്തിയാണ് അദ്ദേഹം.

ഇംഗ്ലീഷിലും മലയാളത്തിലും ഒരേ മികവോടെ മാധ്യമ പ്രവർത്തനം നടത്തുന്ന അപൂർവ വ്യക്തികളിൽ ഒരാൾ.

നാലായിരത്തിലധികം ന്യൂസ് റിപ്പോർട്ടുകൾ, യുഎസ് വീക്കിലി റൌണ്ട് അപ്പ്, അമേരിക്ക ഈ ആഴ്ച്ച പരിപാടികളുടെ 1000 പ്രതിവാര എപ്പിസോഡുകൾ പൂർത്തിയാക്കി. ഇന്ന് ഇംഗ്ലീഷിലും, മലയാളത്തിലും മുൻ നിര പത്രങ്ങളിൽ കോളംനിസ്റ്റ്. മുപ്പതിലധികം മാധ്യമ പുരസ്കാരങ്ങൾ. അന്താരഷ്ട്ര ക്രിക്കറ്റ് മത്സരങ്ങളിലും, ആഗോള രാഷ്ട്രീയ വേദികളിലും ഒരു പോലെ നിറ സാന്നിധ്യം .

ടെലികമ്മ്യൂണികേഷൻസ് രംഗത്തെ ഗവേഷണത്തിന് യുഎസ് ഗവൺമെന്റിന്റെ ഔട്ട്സ്റ്റാൻഡിങ് റിസേർച്ചർ ബഹുമതി. സതേൺ ഇല്ലിനോയ് യൂണിവേസിറ്റിയിൽ നിന്ന് മാസ്റ്റർ ബിരുദം. പെൻസിൽവേനിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് പിഎച്ച് ഡി - ഈ വർഷത്തെ ഔട്ട്സ്റ്റാൻഡിങ് അലുംനി അവാർഡും അദ്ദേഹത്തിന് ലഭിച്ചു.

ഇന്ത്യയുടെയും അമേരിക്കയുടെയും ബന്ധങ്ങളെ ശക്തിപ്പെടുത്താൻ പ്രവർത്തിക്കുന്ന അദ്ദേഹത്തെ ന്യൂജേഴ്സിഇന്ത്യ കമ്മീഷനിലേക്ക് ന്യൂജേഴ്സി ഗവർണർ ഫിൽ മർഫി നിയമിച്ചത് ഒരു അസുലഭ നേട്ടമാണ്.

ലോക പൗരത്വം ലക്ഷ്യബോധത്തോടുകൂടി എങ്ങനെയാകണം എന്നതിന് അദ്ദേഹത്തിന്റെ ജീവിത പ്രവർത്തനം ഒരു അപൂർവ മാതൃകയായി നിലകൊള്ളുന്നു. അർപ്പണബോധത്തിന്റെയും, മികവിന്റെയും പര്യായമായ ഡോ: കൃഷ്ണ കിഷോറിന് ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് അഭിമാനപൂർവമാണ് നൽകിയതെന്ന് ഭാരവാഹികൾ അറിയിച്ചു.



# ജോർജ് തുമ്പയിലിന് ഇന്ത്യ പ്രസ് ക്ലബിന്റെ 'പയനിയർ ഇൻ ജേർണലിസം' അവാർഡ്



എഡിസൺ, ന്യു ജേഴ്സി: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ 'പയനിയർ ഇൻ ജേർണലിസം' അവാർഡ് പ്രശസ്ത മാധ്യമ പ്രവർത്തകൻ ജോർജ് തുമ്പയിലിനു പ്രമോദ് നാരായൺ എം.എൽ. എ സമ്മാനിച്ചു. ഇന്ത്യ പ്രസ് ക്ലബിന്റെ അന്താരാഷ്ട്ര കോൺഫറൻസിൽ എം.പി.മാരായ എൻ.കെ. പ്രേമചന്ദ്രൻ, വി.കെ. ശ്രീകണ്ഠൻ, നാട്ടിൽ നിന്ന് എത്തിയ പ്രമുഖ മാധ്യമ പ്രവർത്തകർ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു അവാർഡ് സമ്മാനിച്ചത്.

കൈവച്ച രംഗങ്ങളിലെല്ലാം മികവ് തെളിയിച്ച ബഹുമുഖ പ്രതിഭയായ ജോർജ് തുമ്പയിലിനു ഇത് അർഹതക്കുള്ള അംഗീകാരമായി. ദൃശ്യ, ശ്രാവ്യ, അച്ചടി മേഖലകളിലെല്ലാം സ്വന്തം തട്ടകമൊരുക്കി തുമ്പയിൽ ശ്രദ്ധേയനായിട്ട് 32 വർഷം പിന്നിടുന്നു. തൂലികയുടെ അക്ഷരത്തുമ്പിൽ നിന്നും ഇറ്റു വീണ പുസ്തകങ്ങളും നിരവധി.

അമേരിക്കയിലെ പ്രമുഖ വാർത്താവാരികയായിരുന്ന 'മലയാളംപത്ര'ത്തിന്റെ നാഷണൽ കറസ്പോണ്ടന്റ്, ഇപ്പോൾ ഇ-മലയാളി സീനിയർ എഡിറ്റർ, മനോരമ ഓൺലൈൻ കറസ്പോണ്ടന്റ്, എന്നിവക്ക് പുറമെ വിവിധ സംഘടനകളുടെ മീഡിയ ലയസൺ ഓഫീസറും പബ്ലിക് റിലേഷൻസ് ഓഫീസറുമായി സേവനമനുഷ്ഠിക്കുന്നു. എംസി.എൻ ചാനലിലെ കാഴ്ച ഈ ആഴ്ച എന്ന പരിപാടിയുടെ ചീഫ് ന്യൂസ് എഡിറ്ററായിരുന്നു. ഏഷ്യാനെറ്റിലും വാർത്താവതാരകനായി പ്രവർത്തിച്ചിട്ടുണ്ട്.

വിമാനറാഞ്ചികളെന്നു കരുതിനടി സംയുക്ത വർമ്മയും സംഘവും അറസ്റ്റിലായ വാർത്ത

(2002 മലയാള മനോരമ) ചൂടും ചൂരും നഷ്ടപ്പെടുത്താതെ ലോകമെമ്പാടുമുള്ള മലയാളികളിലെത്തിച്ച തുമ്പയിൽ 9/11 വാർത്തകൾ മനോരമയുടെ ഒന്നാം പേജിൽ വരത്തക്കവണ്ണം റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

മലയാളത്തെയും കേരളത്തെയും വിദേശരാജ്യങ്ങളിൽ പരിപോഷിപ്പിക്കാൻ ആവേശം കാണിക്കുന്ന ജോർജ് തന്റെ മാധ്യമമണ്ഡലങ്ങളിലൊക്കെ ഈ വിഷയത്തിന് കാര്യമായ സംഭാവനകൾ നൽകാറുണ്ട്. ദൃശ്യമാധ്യമ രംഗത്ത് വൈഡ് ആംഗിൾ പ്രൊഡക്ഷൻസിന്റെ ബാനറിൽ സുഹൃത്തുക്കളുമായി രൂപപ്പെടുത്തിയെടുത്തു വിജയിപ്പിച്ച യു.എസ് റൗണ്ടപ്പ് പരിപാടികൾക്ക് 2006ൽ ഏഷ്യാനെറ്റ് പുരസ്ക്കാരം ജോർജിനെ തേടിയെത്തി.

2009ൽ അന്നത്തെ മന്ത്രിയായിരുന്ന ബിനോയ് വിശ്വം പത്രപ്രവർത്തനത്തിലെ മികവിന് ഇന്ത്യ പ്രസ് ക്ലബ് നാഷണൽ കോൺഫറൻസിൽ പൊന്നാട ചാർത്തിയാണ് ആദരിച്ചത്.

'മലയാളംപത്ര'ത്തെ പ്രതിനിധീകരിച്ച് വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ ബ്രസീൽ സമ്മിറ്റിൽ പങ്കെടുത്ത് റിപ്പോർട്ട് ചെയ്തു. 2000ൽ ഓസ്ട്രേലിയയിൽ ഒളിമ്പിക്സും റിപ്പോർട്ട് ചെയ്തു.

സമയരഥമുരുളുന്ന പുണ്യഭൂമി (വിശുദ്ധനാടുകളിലേക്കുള്ള യാത്രാവിവരണം), ജന്മഭൂമിയുടെ വേരുകൾ തേടി (ഇന്ത്യൻ യാത്രാവിവരണം), ഒരു പിറന്നാളിന്റെ ഓർമ്മയ്ക്ക് (എം.ടി വാസുദേവൻ നായരെക്കുറിച്ച്), ഭൂമിക്കുമപ്പുറത്തു നിന്ന് (ചെറുകഥ സമാഹരണം), ദേശാന്തരങ്ങൾ (യാത്രാവിവരണം) എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2007 മുതൽ തുടർച്ചയായി 'മലയാളംപത്ര'ത്തിൽ കോളം ചെയ്തു. ഗ്രൗണ്ട് സീറോ എന്ന കോളം ഏറെ ശ്രദ്ധിക്കപ്പെട്ടു. തുടർന്ന് 2008ൽ സമസ്യ എന്ന പേരിലും 2009ൽ ദേശാന്തരങ്ങൾ എന്ന പേരിലും തുടർച്ചയായി എഴുതി.

2010ൽ ലാളിത്യത്തിന്റെ സങ്കീർണതകൾ എന്ന പേരിലെഴുതിയ കോളത്തിന് ഏറെ വായനക്കാരെ ലഭിച്ചു. തുടർന്ന് തൊട്ടടുത്ത വർഷം പരിണാമ ഗാഥകൾ എന്ന പേരിൽ ഒരു വർഷം തുടർച്ചയായി 'മലയാളംപത്ര'ത്തിലൂടെ മികച്ച വായനാനുഭവം നൽകി. ടർക്കി/ ഗ്രീസ് യാത്രാവിവരണം 20122013ൽ തുടർച്ചയായി പ്രസിദ്ധീകരിച്ചു. 'മലയാളംപത്ര'ത്തിനു പുറമേ, പ്രകൃതിയുടെ നിഴലുകൾ തേടി എന്ന പേരിൽ 2014ൽ കേരളത്തിലെ പ്രസിദ്ധങ്ങളായ സഞ്ചാരഭൂപടത്തെക്കുറിച്ച് പ്രമുഖ വാർത്താ വെബ്സൈറ്റായ ഇ-മലയാളിയിലും എഴുതി.

ഫൈൻ ആർട്സ് മലയാളം ആർട്സ് ക്ലബ്ബിന്റെ സ്ഥാപകസെക്രട്ടറി, പിന്നീട് മൂന്നുതവണ സെക്രട്ടറി, രണ്ട് തവണ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിക്കുകയും നാടകാവതരണത്തിൽ പങ്കാളിയാകുകയും ചെയ്യുന്നു. അമേരിക്കയിലും കാനഡയിലും മലേഷ്യയിലും വിവിധ സ്റ്റേജുകളിൽ നാടക അഭിനേതാവായി കൈയടി നേടുകയും ചെയ്തു.

അമേരിക്കയിലുടനീളം അവതരിപ്പിച്ച നിരവധി കലാ സാംസ്കാരിക പരിപാടികളുടെ സ്റ്റേജ് പ്രോഗ്രാമിന്റെ അവതാരകൻ എന്ന നിലയിലും ശ്രദ്ധേയൻ. കേരളസർക്കാർ, ഫൊക്കാന, ഫോമ, വേൾഡ് മലയാളി കൗൺസിൽ എന്നീ സംഘടനകളുടെ പരിപാടികൾ ആസ്വാദകർക്കായി അവതരിപ്പിച്ചിട്ടുണ്ട്. ഗാന ഗന്ധർവ്വൻ യേശുദാസ് ഏറെ



ക്കാലത്തിനു ശേഷം ലൈവ് പ്രോഗ്രാം നടത്തിയ ദാസേട്ടൻ യസ്റ്റർഡേ, ടുഡേ എന്ന പരിപാടിയുടെയും അവതാരകനായിരുന്നു. ക്രൈസ്തവ ഭക്തി ഗായകൻ ബിനോയ് ചാക്കോയുമായി ചേർന്ന് സ്നേഹം, ഹൃദ്യം, സോൾഫുൾ മെലഡീസ് എന്നീ ഓഡിയോ ആൽബങ്ങൾ നിർമ്മിച്ചു.

മാർത്തോമാ സഭയുടെ പരമാദ്ധ്യക്ഷൻ വിമാനത്തിൽ ജന്മദിനം ആഘോഷിച്ച കഥ ആദ്യമായി റിപ്പോർട്ട്ചെയ്തു. ചുഴലികൊടുങ്കാറ്റ് ഐറീൻ അമേരിക്കയിൽ വരുത്തിയ നാശനഷ്ടങ്ങൾക്കു നടുവിൽ നിന്നും വാർത്താവിനിമയ ബന്ധങ്ങൾ പോലും തകരാറിലായ സമയത്തും കൃത്യമായി റിപ്പോർട്ട് ചെയ്യാൻ തുമ്പയിലിനു കഴിഞ്ഞത് ഏറെ പ്രംശസനീയമായി. ഇതിനു പുറമെ, കേരളത്തിൽ പ്രശസ്തരായ നിരവധി പ്രമുഖരെ അഭിമുഖം നടത്താനും അവസരം ലഭിച്ചു.

അമേരിക്കൻ മലയാളികളുടെ മാധ്യമകൂട്ടായ്മയുടെ തുടക്കം മുതൽക്കുതന്നെ ജോർജിന്റെ സഹകരണമുണ്ട്. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ 2010-12 വർഷങ്ങളിൽ നാഷണൽ ട്രഷററായിരുന്നു. സംഘടനയുടെ ന്യൂയോർക്ക് ചാപ്റ്ററിന്റെ പ്രസിഡന്റായും സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. 2008-09 ൽ ന്യൂജേഴ്സി കേരള അസോസിയേഷന്റെ മീഡിയ പബ്ലിക്കേഷൻസ് ലയസൺ ഓഫീസറായിരുന്നു. അതേവർഷം തന്നെ ന്യൂജേഴ്സി എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പി.ആർ.ഒ യുമായിരുന്നു. അമേരിക്കൻ ഭദ്രാസന ഇന്ത്യൻ ഓർത്തഡോക്സ് ഫാമിലി കോൺഫറൻസിന്റെയും മാധ്യമ പ്രതിനിധിയായി 2009 മുതൽ പ്രവർത്തിച്ചുവരുന്നു.

പുരസ്കാരങ്ങളും അവാർഡുകളും നിരവധി തവണ ജോർജിനെ തേടിയെത്തി. മികച്ച ന്യൂസ് റിപ്പോർട്ടിംഗിന് ആദ്യമായി ന്യൂജേഴ്സി കേരള കൾച്ചറൽ ഫോറം 1994ൽ പുരസ്കാരം നൽകി. മികച്ച അന്വേഷണാത്മക പത്രപ്രവർത്തനത്തിന് ഫൊക്കാനയുടെ പുരസ്ക്കാരം 1994ലും 1996ലും ലഭിച്ചിട്ടുണ്ട്. മികച്ച വികസനാത്മക റിപ്പോർട്ടിനുള്ള പുരസ്ക്കാരവും ഈ വർഷങ്ങളിൽ ഫൊക്കാനയിൽ നിന്നും ലഭിച്ചു. ക്രിസ്ത്യൻ ആർട്സ് ആൻഡ് കൾച്ചറൽ ഫോറത്തിന്റെ മികച്ച പെർഫോമൻസിനുള്ള 2003ലെ പുരസ്കാരമാണ് ശ്രദ്ധേയമായ മറ്റൊന്ന്. പുറമേ ഇന്ത്യ കാത്തലിക് അസോസിയേഷന്റെ മികച്ച ലേഖനത്തിനുള്ള അവാർഡും ആ വർഷം തന്നെ ലഭിച്ചത് നേട്ടമായി. തുടർന്ന് ഇതേ പുരസ്ക്കാരം 2004ൽ ഫൊക്കാനയിൽ നിന്നും ലഭിച്ചു. ഫോമ, നാമം എന്നീ സംഘടനകളും പുരസ്ക്കാരം നൽകി ആദരിച്ചിട്ടുണ്ട്.

2006 ൽ അമേരിക്കൻ മലയാളികൾക്കിടയിലെ സാഹിത്യ സംഭാവനകൾക്ക് ഫൊക്കാനയിൽ നിന്നുള്ള പുരസ്ക്കാരം ഏറ്റുവാങ്ങി.

2008ൽ മികച്ച ലേഖനങ്ങൾക്കും മികച്ച മ്യൂസിക്കൽ ആൽബത്തിനും ഫോമ അവാർഡുകൾ നൽകി ആദരിച്ചു. യാത്രാനുഭവങ്ങൾ തേടി ഓസ്ട്രേലിയ, ന്യൂസിലൻഡ്, ബ്രസീൽ, സിംഗപ്പൂർ, മലേഷ്യ, ജർമ്മനി, നെതർലൻഡ്സ്, ബെൽജിയം, ടർക്കി, ഗ്രീസ്, ഇസ്രയേൽ, ഇറ്റലി, വത്തിക്കാൻ, ജോർദാൻ, ഈജിപ്ത് എന്നീ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഏറെക്കാലം സൗദി അറേബ്യയിൽ ജോലി ചെയ്തിരുന്നതുകൊണ്ട് ഒട്ടുമിക്ക ഗൾഫ് രാജ്യങ്ങളും സന്ദർശിക്കാനായി. കേരള ഗവൺമെന്റ്, ഇന്ത്യൻ ടൂറിസം ഡിപ്പാർട്ട്മെന്റ് എന്നിവരുടെ പ്രത്യേക ക്ഷണിതാവായി ഇന്ത്യ ഒട്ടാകെ സന്ദർശിച്ചു.

നാലായിരത്തിലേറെ പേർ ജോലി ചെയ്യുന്ന ന്യൂവാർക്ക് ബെത്ത് ഇസ്രയേൽ മെഡിക്കൽ സെന്ററിലെ എംപ്ലോയ് ഓഫ് ദി മംത്, കോർവാല്യു അവാർഡ് ജേതാവ്, ഡിപ്പാർട്ട്മെന്റ് വിഷണറി അവാർഡ് ജേതാവ് മാനേജർ ഓഫ് ദി മംത് ആയും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

അവിടെ റെസ്പിറേറ്ററി ഡിപ്പാർട്ട്മെന്റിലെ അസിസ്റ്റന്റ് ഡയറക്ടറായി വിരമിച്ചു. ബെർഗൻ കൗണ്ടി കമ്യൂണിറ്റി കോളജിൽ അഡ്ജങ്ക്റ്റ് ഫാക്കൽറ്റി അംഗവുമായിരുന്നു . ഭാര്യ ഇന്ദിര ന്യൂവാർക്ക് ബെത്ത് ഇസ്രയേൽ മെഡിക്കൽ സെന്ററിൽ നേഴ്സ് പ്രാക്ടീഷണറായി വിരമിച്ചു. മകൻ ബ്രയൻ ചിക്കാഗോയിൽ എഞ്ചിനീയർ. മകൾ ഷെറിൻ കണക്റ്റിക്കട്ടിൽ യെയ്ൽ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിസിനിൽ അസി. പ്രൊഫസറും റെസ്പിറേറ്ററി സ്ലീപ് മെഡിസിൻ ഉപമേധാവിയുമാണ്. മരുമകൻ ജയ്സൺ അക്കൗണ്ടന്റ്.



# ഡോ സിമി ജെസ്റ്റോ ജോസഫിനു ഇന്ത്യ പ്രസ് ക്ലബിന്റെ മീഡിയ എക്സലൻസ് അവാർഡ്

emalayalee.com

എഡിസൺ, ന്യു ജേഴ്സി: ഡോ. സിമി ജെസ്റ്റോ ജോസഫ് 2025-ലെ ഐ.പി.സി.എൻ.എ (India Press Club of North America) മീഡിയ എക്സലൻസ് അവാർഡ് -ടെലിവിഷൻ ആങ്കറിങ്ങ് വിഭാഗത്തിൽ നേടി. എഡിസൺ ഷെറാട്ടണിൽ നടന്ന ഇന്ത്യ പ്രസ് ക്ലബ് പതിനൊന്നാമത് അന്താരാഷ്ട്ര കോൺഫറൻസിൽ എൻ.കെ. പ്രേമചന്ദ്രൻ എം.പി. അവാർഡ് സമ്മാനിച്ചു.

ഐ.പി.സി.എൻ.എ ഷിക്കാഗോ ചാപ്റ്റർ ജോയിന്റ് സെക്രട്ടറി കൂടിയായ ഡോ. സിമി ജെസ്റ്റോയുടെ മാധ്യമരംഗത്തെ പത്ത് വർഷത്തിലേറെയായുള്ള സമർപ്പണത്തിനും മികവിനുമാണ് ഈ പുരസ്കാരം. ഏഷ്യാനെറ്റ് യുഎസ് വീക്ക് ലി റൗണ്ടപ്പ് പരിപാടിയിൽ 400 എപ്പിസോഡുകൾ അവതരിപ്പിച്ചതും അവർ സൃഷ്ടിച്ച ‘‘ലൈഫ് ആൻഡ് ഹെൽത്ത്’’ പരിപാടിയും പ്രേക്ഷകരുടെ വൻസ്വീകരണം നേടിയിരുന്നു.

ഏഷ്യാനെറ്റ് , ഫ്ളവേഴ്സ് ചാനലുകളിലെ ചിക്കാഗോയിൽ നിന്നുള്ള ടി വി അവതാരകയായി മാധ്യമ രംഗത്ത് ചുവടുറപ്പിച്ച സിമി കൈരളി ടിവിയിലെ ഓർമ്മസ്പർശം എന്ന സംഗീത പരിപാടിയുടെ പ്രധാന അവതാരകയായി ശ്രദ്ധിക്കപ്പെട്ടു. തുടർന്ന് ഏഷ്യാനെറ്റിൽ യുഎസ് വീക്കിലി റൗണ്ടപ്പിന്റെ പ്രധാന അവതാരകയായി അഞ്ചു വർഷത്തോളം പ്രവർത്തിച്ചു.

ചിക്കാഗോയിലെ കുക്ക് കൗണ്ടി ഹെൽത്ത് സിസ്റ്റത്തിൽ Nursing Innovation



and Research Center ന്റെ സിസ്റ്റം സീനിയർ ഡയറക്ടറായി ആയി പ്രവർത്തിക്കുന്ന ഡോ സിമി ജെസ്റ്റോ മൂന്ന് ഫെല്ലോഷിപ്പുകളും രണ്ടു ഡോക്ടറേറ്റും കരസ്ഥമാക്കിയിട്ടുണ്ട്. അമേരിക്കയിലെ ആരോഗ്യ രംഗത്തെ നേതൃപാടവത്തിന് ലഭിക്കുന്ന ഏറ്റവും പ്രാധാന്യമേറിയ American College of Healthcare Executives ന്റെ ഫെല്ലോഷിപ്പ് ഡോ. സിമി ജെസ്റ്റോയുടെ ഏറെ ശ്രദ്ധേയമായ നേട്ടമാണ്.

ഇത് കൂടാതെ the National Academies of Practice (NAP), the American Association of Nurse Practitioners (FAANP) എന്നിവയുടെ ഫെല്ലോഷിപ്പുകൾ ഡോ. സിമി ജെസ്റ്റോ സ്വന്തമാക്കിയിട്ടുണ്ട്. ANA-Illinois 40 Under 40 Nurse Leader Award, the American Association of Nurse Practitioners (AANP) National Award for Excellence in Clinical Practice, and Top Nurse Practitioner Award in USA എന്നീ പുരസ്കാരങ്ങളും നേടി .

ഇപ്പോൾ ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയിയുടെ പ്രസിഡന്റായും സേവനം ചെയ്യുന്നു.




# SPECTRUM AUTO

*Exceeding Perfection*




## CERTIFIED COLLISION CENTER

TESLA APPROVED COLLISION CENTER

GOLD CLASS I-CAR

PLATINUM I-CAR

5.0 average rating

## OEM CERTIFICATIONS

HONDA CERTIFIED · HYUNDAI CERTIFIED COLLISION REPAIR CENTER · RAM · INFINITI · ACURA CERTIFIED · CHRYSLER · DODGE

Jeep · KIA · FIAT · NISSAN · GT-R CERTIFIED COLLISION REPAIR PROVIDER · FORD CERTIFIED COLLISION NETWORK · GENESIS CERTIFIED COLLISION REPAIR CENTER · gm COLLISION REPAIR NETWORK

SCAN ME

**845 348 7777 | SPECTRUMAUTOINC.COM**

**175 SOUTH ROUTE 303, WEST NYACK, NY 10994**

# സ്ത്രീ–പുരുഷ സമത്വത്തെക്കുറിച്ച് ശ്രദ്ധേയമായ ചർച്ച




emalayalee.com

എഡിസൺ, ന്യൂ ജേഴ്സി: ഇന്ത്യ പ്രസ് ക്ലബ് സമ്മേളനത്തോടനുബന്ധിച്ചു നടത്തിയ വിമൻ ഇൻ മീഡിയ കോൺക്ലേവിൽ സ്ത്രീ-പുരുഷ സമത്വത്തെക്കുറിച്ച് ചർച്ച ശ്രദ്ധേയമായി.

ആഷ മാത്യു മോഡറേറ്ററായിരുന്നു. സ്ത്രീത്വത്തെ എങ്ങനെ പുതുതായി നിർവചിക്കാം എന്ന വിഷയത്തിൽ സുജയ പാർവ്വതി, മോത്തി രാജേഷ്, തുളസി ടീച്ചർ, ആനി പോൾ, ലീല മാരേട്ട് തുടങ്ങിയവർ സംസാരിച്ചു.

'സ്ത്രീയോ പുരുഷനോ എന്നത് പെൻഡുലം പോലെയാണ്. ഇടത്തുനിന്ന് വലത്തേക്കോ വലത്തുനിന്ന് ഇടത്തേക്കോ അതിന്റെ നീക്കം ഒരു ബാലൻസിന്റെ പുറത്താണ്. തൊഴിലിടങ്ങളിലായാലും വീട്ടിലായും സമൂഹത്തിന്റെ ഏത്





തുറയിലായാലും പരസ്പരപൂരകങ്ങളാണ് സ്ത്രീയും പുരുഷനും' എന്ന് പറഞ്ഞുവയ്ക്കുകയാണ് സുജയ പാർവ്വതി വിമൻ ഇൻ മീഡിയ കോൺക്ലേവിൽ. കലഹിച്ചുകൊണ്ട് പുരുഷന്റെ കയ്യിൽ നിന്ന് സ്ഥാനങ്ങൾ സ്ത്രീകൾ പിടിച്ചുവാങ്ങണമെന്ന കാഴ്ചപ്പാടില്ലെന്നും അവർ വ്യക്തമാക്കി. കഴിവ് കൃത്യമായി ഉപയോഗപ്പെടുത്തുന്നതിലാണ് നിലനിൽപിരിക്കുന്നത്. കുടുംബത്തിന് ശേഷം മാത്രം കരിയറിന് സ്ഥാനം കല്പിക്കുകയും രണ്ട് മക്കൾക്ക് ജന്മം കൊടുത്തതിൽ അഭിമാനിക്കുകയും ചെയ്യുന്നതായി സുജയ അഭിപ്രായപ്പെട്ടു.




സ്ത്രീയും പുരുഷനും തുല്യരാണെന്ന വാദത്തോട് യോജിക്കില്ലെന്ന് മോദി രാജേഷ് പറഞ്ഞു. പുരുഷന്റെ കായികക്ഷമത ആർജ്ജിക്കാൻ പ്രത്യേക വ്യായാമമുറയിലൂടെ ഒരുപക്ഷേ സാധിച്ചേക്കും. കൂടുതൽ അനുകമ്പ സ്ത്രീകൾക്കാണെന്നും ഒരാളെ ചേർത്തുപിടിച്ച് ആശ്വസിപ്പിക്കാൻ പുരുഷനേക്കാൾ കഴിയുക സ്ത്രീക്കാണെന്നും അവർ പറഞ്ഞു. സമചിത്തതയോടെ കാര്യങ്ങൾ ചെയ്യാനും ഒരേസമയം ഒരുപാടു കാര്യങ്ങൾ ചെയ്യാനും സ്ത്രീക്കുള്ള പാടവവും മോത്തി രാജേഷ് എടുത്തുപറഞ്ഞു. തുല്യത എന്നത് അങ്ങോട്ടും ഇങ്ങോട്ടുമുള്ള അംഗീകാരമാണ്. ഞാനൊരു സ്ത്രീയാണ് എന്ന് ആവർത്തിച്ചുള്ള പറച്ചിൽ സ്ത്രീയുടെ അവസരങ്ങളും ശക്തിയും കുറയ്ക്കുമെന്നും അവർ ചൂണ്ടിക്കാട്ടി. ഫെമിനിസത്തിന്റെ യഥാർത്ഥ അർത്ഥം തെറ്റിദ്ധരിക്കപ്പെടുന്നു. ലിംഗം ഏത് തന്നെയായാലും നല്ല വ്യക്തി ആവുക എന്നുള്ളതാണ്



പ്രധാനമെന്നും അവർ അടിവരയിട്ടു.

സ്ത്രൈണത എക്കാലത്തും ആഘോഷിക്കപ്പെടേണ്ട ഒന്നാണെന്ന് തുളസി ടീച്ചർ അഭിപ്രായപ്പെട്ടു. വനിത കമ്മീഷൻ അംഗമായിരിക്കെ കേരളത്തിലെ 14 ജില്ലകളിലും പ്രവർത്തിക്കവെ സ്ത്രീകളുടെ പ്രശ്നങ്ങൾ നേരിൽകണ്ട് മനസ്സിലാക്കിയതിനെക്കുറിച്ചും അവർ വിശദീകരിച്ചു. സ്ത്രീകളെ ഉൾക്കൊള്ളുന്ന ഇടങ്ങളിൽ കൂടുതൽ നന്നായി കഴിവ് പ്രകടിപ്പിക്കാനാകുമെന്നും അവർ കൂട്ടിച്ചേർത്തു. മാറ്റം ആഗ്രഹിക്കുന്നവർ സ്വയം മാറുകയാണ് വേണ്ടതെന്നും അവർ പറഞ്ഞു. സ്ത്രീകൾക്കുവേണ്ടി പോസിറ്റീവ് നിലപാട് എടുത്ത ഒട്ടനവധി പുരുഷന്മാർ കേരളത്തിൽ ഉണ്ടെന്നത് പ്രതീക്ഷാവഹമാണെന്നും സൂചിപ്പിച്ചു. ഒരു വ്യക്തി എന്ന നിലയിൽ നമ്മുടെ നൂറ് ശതമാനം നൽകുക എന്നതാണ്

പ്രധാനം, അവിടെ ലിംഗത്തിന് പ്രസക്തിയില്ല.

മാധ്യമം എന്നത് മാറ്റങ്ങൾ കൊണ്ടുവരാനാകുന്ന ശക്തിയാണെന്ന് ലെജിസ്ളേറ്റർ ആനി പോൾ അഭിപ്രായപ്പെട്ടു. വെല്ലുവിളികളെ അഭിമുഖീകരിച്ചാലേ മാറ്റങ്ങൾ സാധ്യമാകൂ എന്നും അവർ ഓർമ്മപ്പെടുത്തി. മുന്നിൽ ഒരുപാട് ചോയ്സ് മുന്നിലുള്ളപ്പോൾ അതിൽ നിന്ന് ശരിയായത് തിരഞ്ഞെടുക്കുന്നതാണ് പ്രധാനം. അവസരം ലഭിച്ചാൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശക്തരാണ് സ്ത്രീകളെന്നും കൂട്ടിച്ചേർത്തു.

മൾട്ടി ടാസ്കിങ്ങിലെ കഴിവും സഹനശക്തിയുമാണ് സ്ത്രീകളെ പുരുഷന്മാരിൽ നിന്ന് വേറിട്ട് നിർത്തുന്നതെന്ന് ലീല മാരേട്ട് പറഞ്ഞു. സ്ത്രീകൾ ജോലിക്ക് പോകുന്നത് തെറ്റാണെന്ന് കരുതിയിരുന്ന നമ്മുടെ നാട്ടിൽ ഇന്ന് കലക്ടർമാരായും മാധ്യമപ്രവർത്തകരായും ചുറുചുറുക്കുള്ള വനിതകളെ കാണുന്നതിലെ സന്തോഷവും അവർ പങ്കുവച്ചു. ഏതൊരു സ്ത്രീയുടെ വിജയത്തിന് പിന്നിലും ഒരു പുരുഷൻ ഉണ്ടെന്നും ആനി പോളിനെപ്പോലുള്ള ഇലക്റ്റഡ് ഒഫീഷ്യൽ അതിന് ഉദാഹരമാണെന്നും അവർ കൂട്ടിച്ചേർത്തു.







സൗത്ത് ഏഷ്യയിലെ ഏറ്റവും വലിയ മാധ്യമ അവാർഡ് സംഘടിപ്പിക്കാൻ സാധിച്ചതും ക്യാമറയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്ന ടെക്നീഷ്യന്മാർക്ക് കൂടി അവാർഡ് ഏർപ്പെടുത്തിയതും ഇത്തവണത്തെ ഐപിസിഎൻഎ ഭരണസമിതിയുടെ നേട്ടമാണെന്ന് പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ അഭിമാനത്തോടെ പറഞ്ഞു.



# സ്ത്രീയും പുരുഷനും ഒന്നെന്ന് സുജയ പാർവതി; തുല്യരല്ലെന്ന് മോത്തി രജേഷ്:

## ഐ.പി.സി.എൻ.എ വിമൻ ഇൻ മീഡിയ കോൺക്ലേവിൽ ചർച്ച കസറി

ന്യൂജേഴ്സി: ഐ.പി.സി.എൻ.എ 11-ാം അന്താരാഷ്ട്ര കോൺഫറൻസിലെ ശ്രദ്ധേയമായ വിമൻ ഇൻ മീഡിയ കോൺക്ലേവിൽ സ്ത്രീ-പുരുഷ സമത്വത്തെ കുറിച്ചുള്ള ചർച്ച വ്യത്യസ്ത അഭിപ്രായ പ്രകടനങ്ങളാൽ സജീവമായി. ''സ്ത്രീയോ പുരുഷനോ എന്നത് പെൻഡുലം പോലെയാണ്. ഇടത്തുനിന്ന് വലത്തേക്കോ വലത്തുനിന്ന് ഇടത്തേക്കോ അതിന്റെ നീക്കം ഒരു ബാലൻസിന്റെ പുറത്താണ്. തൊഴിലിടങ്ങളിലായാലും വീട്ടിലായും സമൂഹത്തിന്റെ ഏത് തുറയിലായാലും പരസ്പര പൂരകങ്ങളാണ് സ്ത്രീയും പുരുഷനും എന്ന് അഭിപ്രായപ്പെട്ടിരിക്കുകയാണ് റിപ്പോർട്ടർ ടി.വിയുടെ വനിതാ ശബ്ദമായ സുജയ പാർവ്വതി.

കലഹിച്ചുകൊണ്ട് പുരുഷന്റെ കയ്യിൽ നിന്ന് സ്ഥാനങ്ങൾ സ്ത്രീകൾ പിടിച്ചുവാങ്ങണമെന്ന കാഴ്ചപ്പാടില്ലെന്നും സുജയ വ്യക്തമാക്കി. കഴിവ് കൃത്യമായി ഉപയോഗപ്പെടുത്തുന്നതിലാണ് നിലനിൽപിരിക്കുന്നത്. കുടുംബത്തിന് ശേഷം മാത്രം കരിയറിന് സ്ഥാനം കല്പിക്കുകയും രണ്ട് മക്കൾക്ക് ജന്മം കൊടുത്തതിൽ അഭിമാനിക്കുകയും ചെയ്യുന്നതായി സുജയ അഭിപ്രായപ്പെട്ടു. വുമൺഹുഡിനകത്ത് ഒരു മാൻ ഉണ്ടെന്നും സ്ത്രീയും പുരുഷനും ഒന്നാകുമ്പോഴാണ് വുമൺഹുഡ് യാഥാർത്ഥ്യമാകുന്നതെന്നും സുജയ പറഞ്ഞു.

പ്രകൃതിയുടെ നിർമിതിക്ക് ഓരോ ലക്ഷ്യമുണ്ടെന്നും സ്ത്രീയും പുരുഷനും ആ ലക്ഷ്യ സാക്ഷാത്ക്കാരത്തിനു വേണ്ടി പ്രവർത്തിക്കുന്നവരാണെന്ന്



മാതൃഭൂമി ചാനലിന്റെ മുഖമായ മോത്തി രാജേഷ് പറഞ്ഞു. ഒരാൾക്കും സാധിക്കാത്തതായി ഈ ലോകത്ത് ഒന്നും തന്നെയില്ല. പക്ഷേ, ജൻഡർ എന്നത് വ്യത്യസ്തമായി നില കൊള്ളുന്നതാണ്. ഒരു കാര്യത്തെ വളരെ അനുകമ്പയോടെ കാണാൻ പുരുഷനേക്കാൾ സ്ത്രീക്ക് കഴിയും. ഏറ്റവും പ്രിയപ്പെട്ട ഒരാളെ ഒന്നു ചേർത്തു പിടിച്ച് ആശ്വസിപ്പിക്കാനുള്ള കഴിവ് പുരുഷനേക്കാൾ സ്ത്രീക്കാണ് കൂടുതൽ എന്ന് താൻ മനസ്സിലാക്കുന്നുവെന്ന് മോത്തി രാജേഷ് വ്യക്തമാക്കി.

എല്ലാ കാര്യങ്ങളും സമചിത്തതയോടെ ചെയ്യാനും ഒരേ സമയം ഒരുപാട് കാര്യങ്ങൾ ചെയ്യാനും സ്ത്രീക്ക് സാധിക്കുന്നു. പുരുഷൻ ഒരു സാധനം കാണുന്നില്ല എന്ന് പറഞ്ഞാൽ സ്ത്രീക്ക് അത് വളരെ എളുപ്പത്തിൽ കണ്ടുപിടിച്ചു കൊടുക്കാൻ പറ്റും. ഇങ്ങനെ വളരെ നിസ്സാരമെന്ന് തോന്നുന്ന വലിയ വ്യത്യാസങ്ങൾ സ്ത്രീയും പുരുഷനും തമ്മിലുണ്ട്. പക്ഷേ, നമ്മൾ ഒക്കെ ആഗ്രഹിക്കുന്ന തുല്യത എന്നത് സഹജീവി എന്ന നിലയിൽ അങ്ങോട്ടും ഇങ്ങോട്ടും ഉള്ള അംഗീകാരമാണെന്നും ജെൻഡർ ഏതു തന്നെയായാലും നല്ല വ്യക്തിയാവുക എന്നതാണ് പ്രധാനമെന്നും മോത്തി രാജേഷ് ചൂണ്ടിക്കാട്ടി.

കേരളത്തിൽ വനിതാകമ്മീഷൻ അംഗമായിരുന്ന പ്രൊഫസർ കെ.എ തുളസിക്ക് പറയാനുള്ളത് സ്ത്രീകളുടെ ഇന്നത്തെ അവസ്ഥ പൊതുവേ ആശാസ്യകരമെന്നാണ്. പുരാതന കാലഘട്ടത്തിൽ സ്ത്രീയും പുരുഷനും എന്ന വേർതിരിവ് ഉണ്ടായിരുന്നില്ലെങ്കിൽ ഇന്നത് പല സാഹചര്യങ്ങളിലും പ്രകടമാണ്. അത് മാറ്റിയെടുക്കണമെന്നുണ്ടെങ്കിൽ ആ മാറ്റത്തിനു വേണ്ടി വാദിക്കുന്നവർ തന്നെ ആദ്യം മാറേണ്ടതുണ്ടെന്ന് തുളസി ടീച്ചർ ചൂണ്ടിക്കാട്ടി. വ്യക്തി എന്ന നിലയിൽ പരസ്പരം കമ്മ്യൂണിക്കേറ്റ് ചെയ്ത് പോകുമ്പോൾ അവിടെ സ്ത്രൈണത ആഘോഷിക്കപ്പെടുമെന്ന് ടീച്ചർ പറഞ്ഞു.

ഏത് പ്രതിസന്ധി ഘട്ടത്തിലും മാറ്റങ്ങൾ വരുത്താൻ പ്രാപ്തരാണ് സ്ത്രീകളെന്ന് ഡോ. ആനി പോൾ പറഞ്ഞു. വെല്ലുവിളികളിലൂടെയും ജീവിത സാഹചര്യങ്ങളിലൂടെയും ആണ് മാറ്റം കൊണ്ടുവരുവാൻ പറ്റുക. കഠിനാദ്ധ്വാനത്തിലൂടെ നമുക്ക് മുന്നിലുള്ള അവസരങ്ങളുടെ വാതിൽ തുറന്ന് നേട്ടങ്ങൾ കൊയ്യുമ്പോഴാണ് വുമൺഹുഡ് അംഗീകരിക്കപ്പെടുകയെന്ന് സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ ഡോ. ആനി പോൾ അഭിപ്രായപ്പെട്ടു.

സ്ത്രീകൾ ഒരുപാട് സാക്രിഫൈസ് ചെയ്താണ് ഒരു കുടുംബം കെട്ടിപ്പടുക്കുന്നതെന്നാണ് മുതിർന്ന സാമൂഹിക പ്രവർത്തകയായ ലീല മാരേറ്റിന്റെ അഭിപ്രായം. പഴയ കാല സ്ത്രീകൾ നാട്ടിൽ വളർന്നത് പുരുഷാധിപത്യമുള്ള ഒരു സാമൂഹിക പശ്ചാത്തലത്തിലാണ്. സ്ത്രീയ്ക്ക് ശബ്ദിക്കാൻ പോലുമുള്ള അവസരമുണ്ടായിരുന്നില്ല. പക്ഷേ, വർഷങ്ങൾ ഒരുപാട് കഴിഞ്ഞ് ഇന്നീ ആധുനിക കാലഘട്ടത്തിൽ എത്തിനിൽക്കുമ്പോൾ പുരുഷന്മാർക്കൊപ്പമോ അവർക്ക് മുകളിലോ ആണ് സ്ത്രീകളുടെ സ്ഥാനം.

ഏതൊരു പുരുഷന്റെയും വിജയത്തിന് പിന്നിൽ ഒരു സ്ത്രീ ഉണ്ടെന്ന് പറയുന്നതുപോലെ തന്നെ ഏതൊരു സ്ത്രീയുടെ ഉയർച്ചയ്ക്ക് പിന്നിലും ഒരു പുരുഷൻ ഉണ്ടെന്ന് ലീല മാരേറ്റ് പറഞ്ഞു. സ്ത്രീയും പുരുഷനും തുല്യരാണെന്ന വാദത്തോട് യോജിക്കില്ലെന്ന് തങ്കം അരവിന്ദ് പറഞ്ഞു. ഞാനൊരു സ്ത്രീയാണ് എന്ന് ആവർത്തിച്ചുള്ള പറച്ചിൽ സ്ത്രീയുടെ അവസരങ്ങളും ശക്തിയും കുറയ്ക്കുമെന്നും തങ്കം ചൂണ്ടിക്കാട്ടി.



# ഭദ്രദീപം കൊളുത്തി തുടക്കം കുറിച്ച മാധ്യമ സമ്മേളനം



ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിന് ഐപിസിഎൻഎ ഫൗണ്ടിങ് പ്രസിഡന്റും മുതിർന്ന മാധ്യമപ്രവർത്തകനുമായ ജോർജ് ജോസഫ് ഭദ്രദീപം തെളിച്ചു. പ്രാദേശിക വാർത്തകൾക്ക് പിന്നാലെ പോകാതെ ജനങ്ങളെ വൈകാരികമായി സ്പർശിക്കുന്ന വാർത്തകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടാണ് പ്രമുഖ ന്യൂസ് ചാനലുകളെ പിന്തള്ളി 24 ന്യൂസും റിപോർട്ടറും പോലെ താരതമ്യേന പുതിയ ചാനലുകൾ മുന്നേറിയതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രിന്റിങ് കണ്ടുപിടിച്ചിട്ട് 450 വർഷങ്ങൾ പിന്നിടുമ്പോൾ ആ മാറ്റത്തിനൊപ്പം സഞ്ചരിക്കുകയാണ് വേണ്ടതെന്നും അച്ചടി നിലച്ചാലും വാർത്താമാധ്യമങ്ങൾ ഉണ്ടായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.മലയാളത്തോടുള്ള സ്നേഹംകൊണ്ട് മലയാളികളായ മാധ്യമപ്രവർത്തകരെ മാത്രം ഉൾപ്പെടുത്തിയാണ് ഐപിസിഎൻഎ രൂപീകരിച്ചതെന്നും ജോർജ്ജ്





ജോസഫ് വ്യക്തമാക്കി.

ഇന്ററാക്ടിവ് ഫോറം മീഡിയ സെമിനാറിൽ ലോക വാർത്ത കൾ മലയാള വാർത്താമാധ്യ മങ്ങളിൽ എങ്ങനെ സ്വാധീനി ക്കുമെന്ന് ചർച്ച ചെയ്തു.

മധു കൊട്ടാരക്കര(24 ന്യൂസ്) മോഡറേറ്റർ ആയിരുന്നു.

ഹൂസ്റ്റൺ,ഡാലസ് ചാപ്റ്ററു കളുടെ എക്സിക്യൂട്ടീവ് അം ഗങ്ങളാണ് പരിപാടി നടപ്പാ ക്കിയത്.ശതകോടീശ്വരന്മാർ എങ്ങനെ മാധ്യമലോകത്തെ നിയന്ത്രിക്കുന്നു എന്ന വിഷ യത്തിൽ ചർച്ച നടത്തി. ഐ പിസിഎൻഎ പ്രസിഡന്റ് സു നിൽ ട്രൈസ്റ്റാറാണ് വിഷയം തിരഞ്ഞെടുത്തത്. എൻഡിടി വി പോലുള്ള സ്ഥാപനങ്ങൾ അദാനി ഗ്രൂപ്പ് ഏറ്റെടുക്കുമ്പോ ഴും ജെഫ് ബെസോസ് വാഷിം ഗ്ടൺ പോസ്റ്റ് കയ്യാളുമ്പോഴും സത്യത്തോട് എത്രത്തോളം നീതിപുലർത്താനാകും എന്ന താണ് ചർച്ച ചെയ്തത്.സാമ്പ ത്തിക നേട്ടത്തിനല്ല, ഭരിക്കുന്ന സർക്കാരുകളെ മാധ്യമങ്ങളിൽ നിന്ന് സംരക്ഷിക്കാൻ വേണ്ടി യാണ് അദാനിയും അംബാനി യും വാർത്ത ചാനലുകൾ വി ലയ്ക്കെടുത്തതെന്ന് ജോണി ലൂക്കോസ് ചൂണ്ടിക്കാട്ടി. പരോ ക്ഷമായ ഫണ്ടിങ് ഇന്ന് പ്രത്യ ക്ഷത്തിലായി. രാഷ്ട്രീയക്കാർ ക്ക് സോഷ്യൽ മീഡിയയിലൂടെ മൈക്രോ-ടാർഗെറ്റിംഗ് നട ത്താൻ സാധിക്കുന്നതിലേക്കും അദ്ദേഹം വിരൽചൂണ്ടി.

മാധ്യമങ്ങൾ എന്നല്ല ഏത് വ്യവസായം തുടങ്ങാനും മൂല ധനം പ്രധാനമാണെന്നും അദാ നിയും അംബാനിയും മാത്രമല്ല എല്ലാ മാധ്യമങ്ങൾക്ക് മുകളി ലും കോർപറേറ്റുകൾ ഉണ്ടെ ന്നും സുജയ പാർവ്വതി അഭിപ്രാ യപ്പെട്ടു. നിക്ഷേപത്തിനപ്പുറം അതിലൂടെ നടക്കുന്ന വിനിമയ ത്തിൽ ഫോക്കസ് ചെയ്യണമെ ന്നും അവർ കൂട്ടിച്ചേർത്തു.

ചില കാര്യങ്ങളിൽ ഇടപെ ടാം എന്നതിൽ കവിഞ്ഞ് 'മിനി റ്റ്-ബൈ-മിനിറ്റ്' ഇങ്ങനെ പേ ാകണമെന്ന് മാധ്യമസ്ഥാപന ങ്ങളിൽ ഇൻവെസ്റ്റർക്ക് ശഠി ക്കാൻ ആകില്ലെന്നും വ്യക്ത മാക്കി.പ്രേക്ഷകന് മടുത്താൽ ഏത് വാർത്ത ചാനലും അപ്ര സക്തമാകും.കാഴ്ചക്കാരനെ തൃപ്തിപ്പെടുത്താനാണ് ചാന ലുകളുടെ മത്സരമെന്നും വാ ദിച്ചു.ജലം അത് വച്ചിരിക്കുന്ന പത്രത്തിന്റെ രൂപമെടുക്കുന്ന തുപോലെ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ ശൈലി നമ്മി ലേക്ക് കടന്നുവരാമെന്ന് തങ്കം തോമസ് പറഞ്ഞു. നല്ലതിനെ നല്ലതെന്നും മോശമായതിനെ മോശമെന്നും തുറന്നുപറയാൻ തൻ ജോലി ചെയ്യുന്ന മാതൃ ഭൂമി ന്യൂസ് അനുവദിക്കുന്നു ണ്ടെന്നും അവർ വ്യക്തമാ ക്കി.ആത്മാഭിമാനവും നട്ടെല്ലും പണയം വയ്ക്കാതെ കിട്ടുന്ന അവസരങ്ങൾ ഉപയോഗപ്പെ ടുത്താൻ ശ്രമിക്കണമെന്നും ഊന്നിപ്പറഞ്ഞു. ലാഭത്തിനു വേണ്ടിയല്ല നറേറ്റീവ് മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ശ തകോടീശ്വരന്മാർ ന്യൂസ് ചാ നൽ ഏറ്റെടുക്കുന്നതെന്ന് ഹാ ഷ്മി താജ് അഭിപ്രായപ്പെട്ടു. ഉടമകളുടെ ഇടപെടൽ ഇതുവ രെ ജോലി ചെയ്തിട്ടുള്ള ഒരു സ്ഥാപനങ്ങളിലും ഉണ്ടായിട്ടി ല്ലെന്നും അദ്ദേഹം പറഞ്ഞു. അൾട്ടിമേറ്റ് പവർ ശതകോടീ ശ്വരന്മാർക്കല്ല കാഴ്ചക്കാർക്ക് തന്നെയാണെന്ന് മുതിർന്ന മാ ധ്യമപ്രവർത്തകൻ കുര്യൻ പ ാമ്പാടിയും അഭിപ്രായപ്പെട്ടു. പ്രൈവറ്റ് ക്യാപിറ്റലാണ് നൂ റ്റാണ്ടുകളായി അമേരിക്കയി ലെ മാധ്യമങ്ങളെ വളർത്തിയ തും നിലനിർത്തിയതുമെന്ന് കൃഷ്ണ കിഷോർ വ്യക്തമാ ക്കി. വാഷിംഗ്ടൺ പോസ്റ്റിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോം പുനരു ജ്ജീവിപ്പിച്ചതും ലാഭകരമാക്കി യതും ജെഫ് ബെസോസാണെ ന്നും ചൂണ്ടിക്കാട്ടി.ജേണലിസം ഒരു പ്രൊഫഷനും മീഡിയ ഒരു വ്യവസായവുമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

# മാധ്യമങ്ങളെ അവഗണിക്കുവാൻ ആർക്കും ആവില്ല: പ്രമോദ് നാരായണൻ എം.എൽ.എ



എഡിസൺ, ന്യൂജേഴ്സി: ഒരിക്കലും സംഭവിക്കാത്ത കാര്യങ്ങൾ സംഭവിച്ചു എന്ന് വരുത്തിത്തീർക്കുന്ന ഭാവിയിലേക്കാണ് നമ്മൾ ചുവടുവയ്ക്കുന്നതെന്നും അത്തരം ഭയാശങ്കകൾ നേരിടാൻ മലയാളത്തിന്റെ മാധ്യമങ്ങൾക്ക് സാധിക്കട്ടെ എന്നും റാന്നി എം.എൽ.എ പ്രമോദ് നാരായണൻ അഭിപ്രായപ്പെട്ടു. എഡിസൺ ഷെറാട്ടൺ ഹോട്ടലിൽ ഇന്ത്യാ പ്രസ് ക്ളബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാം അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിൽ ആശംസകൾ നേർന്ന് സംസാരിക്കുകയായിരുന്നു അദ്ദേഹം.

“ഒരുകാലത്ത് വാർത്തകളെ അവഗണിച്ചാൽ ആ വാർത്തകൾ സംഭവിച്ചില്ല എന്ന് പറയപ്പെട്ടിരുന്നു. ഭരണാധികാരികളുടെ ആതമസ്ക്കരണത്തിൽ നിന്ന് ജനാധിപത്യത്തിന്റെ മൂല്യങ്ങളോട് നീതി പുലർത്താൻ ഇനിയും ഒരുപാട് കാലം യാത്ര ചെയ്യേണ്ടിവരും. ഏത് ഭരണാധികാരിയും ഏത് മർദ്ദന ഉപകരണങ്ങളും കൈകാര്യം ചെയ്യുന്നതു പോലെ എക്കാലവും മാധ്യമങ്ങളെ അവഗണിക്കുവാൻ സാധിക്കുകയില്ല. വാർത്തകളുടെ നിറപ്പകിട്ടുകൾ ഒഴിവാക്കാൻ പലകാലങ്ങളിലും ശ്രമം നടന്നിട്ടുണ്ട്. സമൂഹ മാധ്യമങ്ങളുടെ വരവോടു കൂടി അതിന് വലിയ മാറ്റം ഉണ്ടായിട്ടുണ്ട്...” പ്രമോദ് നാരായണൻ പറഞ്ഞു.



സങ്കുചിത ചിന്തകളും കാല-ദേശ-ഭേദ അതിർത്തികളും മായ്ച്ചു കളയുന്ന മഹിതമായ മലയാള സംസ്കാരം തങ്ങളുടെ ജനിതകത്തിന്റെ ഭാഗമായി സൂക്ഷിക്കുന്നവരാണ് മാധ്യമ പ്രവർത്തകർ എന്നും പുതിയ കാലത്തും ആ കരുത്ത് കെടാവിളക്കായി തെളിയട്ടെ എന്നും കാവ്യഭാഷയിൽ അദ്ദേഹം നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി സംസാരി



ച്ചു. മനുഷ്യർക്കിടയിൽ മമത അഗാധമാവുന്നത് ഭൂമിയോടും ജീവജാലങ്ങളോടും പ്രകൃതിയോടുമെല്ലാം കനിവുള്ളവരാകുമ്പോഴാണ്. കനിവ് എന്ന വാക്കിന് ഭൂമിയേക്കാൾ ആകർഷണവും സൂര്യനേക്കാൾ വെളിച്ചവും കടലിനേക്കാൾ ആഴവുമുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇവിടെ നടക്കുന്ന മാധ്യമ ലക്ഷ്യങ്ങളുടെയും വെല്ലുവിളികളുടെയും ചർച്ചകൾ അർത്ഥസമ്പുഷ്ടമാവട്ടെ. കേരളത്തിന്റെ മാധ്യമ രംഗത്തിന്റെ പ്രശോഭിത മുഖങ്ങൾ അണിനിരക്കുന്ന ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ 11-ാം അന്താരാഷ്ട്ര സമ്മേളനം കൊളുത്തിയ സ്നേഹ ദീപം ലോകം മുഴുവൻ സുഖം പകരാൻ മിഴി തുറക്കട്ടെ എന്ന് ആശംസിക്കുന്നു.







eM The Weekly

# അപ്രിയ സത്യങ്ങൾ കേൾക്കുന്നില്ല, മാധ്യമങ്ങൾ വലിയ ഭീഷണി നേരിടുന്നു:

## ഇന്ത്യ പ്രസ് ക്ലബ് സമ്മേളനത്തിൽ വി.കെ ശ്രീകണ്ഠൻ എം.പി



എഡിസൺ, ന്യൂജേഴ്സി: ജനാധിപത്യത്തെ സംരക്ഷിച്ച് നിർത്തുന്ന മാധ്യമങ്ങൾ ഇന്ന് കടുത്ത ഭീഷണിയും നിയന്ത്രണങ്ങളും നേരിടുകയാണെന്നും അപ്രിയ സത്യങ്ങൾ കേൾക്കാൻ അധികാരികൾ ആഗ്രഹിക്കുന്നില്ലെന്നും പാലക്കാട് എം.പി വി.കെ ശ്രീകണ്ഠൻ അഭിപ്രായപ്പെട്ടു. എഡിസൺ ഷെറാട്ടൺ ഹോട്ടലിൽ ഇന്ത്യാ പ്രസ് ക്ളബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാം അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്വതന്ത്രമായി നീതിയുക്തമായി ജനങ്ങൾക്കു വേണ്ടി ഏറ്റവും നന്നായി പ്രവർത്തിക്കേണ്ട മേഖലയാണ് മാധ്യമപ്രവർത്തനം. അത് ഇന്ന് വലിയ ഭീഷണിയും നിയന്ത്രണങ്ങളും നേരിടുന്നു എന്നു പറഞ്ഞാൽ ജനാധിപത്യം തന്നെ ഭീഷണിയിലാണെന്നാണ് മനസ്സിലാക്കേണ്ടത്. ഇന്ത്യയിൽ മാത്രമല്ല, അമേരിക്കയിലും ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന് വി.കെ ശ്രീകണ്ഠൻ പറഞ്ഞു.

‘‘ഇവിടെ ആധുനിക കാലഘട്ടത്തിലെ മാറ്റങ്ങൾ വിവിധ സെഷനുകളിലായി ചർച്ച ചെയ്യപ്പെട്ടു. ലോകം അതിവേഗം മാറുകയാണ്. പ്രിന്റ് മീഡിയയിൽ നിന്ന് വിഷ്വൽ മീഡിയ












പത്രപ്രവർത്തനം തുടങ്ങിയതെന്നും പിന്നെ പാലക്കാട്ട് മംഗളത്തിന്റെയും മലയാള മനോരമയുടെ ഒറ്റപ്പാലം, പട്ടാമ്പി ബ്യൂറോ ചീഫായും പ്രവർത്തിച്ചുവെന്നും വലിയ പ്രതിസന്ധികൾ തരണം ചെയ്താണ് അക്കാലത്ത് വാർത്തകൾ ശേഖരിച്ചിരുന്നതെന്നും പറഞ്ഞു.

വിദ്യാർത്ഥി രാഷ്ട്രീയത്തിലുള്ള സമയത്തെ പത്രപ്രവർത്തനം എന്നെ സംബന്ധിച്ചിടത്തോളം ഒരുപാട് പേരുമായി ബന്ധപ്പെടാനും ആശയവിനിമയം നടത്താനും കിട്ടിയ അപൂർവ അവസരമായിരുന്നു. ടെലിപ്രിന്റർ മാത്രമായിരുന്നു കമ്മ്യൂണിക്കേഷനുള്ള ഏക മാർഗം. ഒരു വാർത്തയ്ക്കു വേണ്ടി ഇന്ന് ലൈൻ ബുക്ക് ചെയ്താൽ നാളെയാവും കണക്ഷൻ കിട്ടുക. അപ്പോഴേയ്ക്കും വാർത്ത മരിച്ചിട്ടുണ്ടാകുമെന്ന് വി.കെ ശ്രീകണ്ഠൻ പറഞ്ഞു.

യിലേക്കും ഡിജിറ്റൽ മീഡിയയിലേക്കും സോഷ്യൽ മീഡിയയിലേക്കും അത് പടർന്ന് പന്തലിച്ചിരിക്കുന്നു. എല്ലാവരും വിരൽത്തുമ്പിൽ അതാത് സമയത്ത് കാര്യങ്ങൾ അറിഞ്ഞുകൊണ്ടിരിക്കുന്നു. ഇത്ര വേഗത്തിൽ സഞ്ചരിക്കുമ്പോൾ ആ മാറ്റങ്ങൾ ഉൾക്കൊള്ളാനുള്ള മാനസികമായ അവസ്ഥ കൂടി സമൂഹത്തിന് ഉണ്ടാകണം ..'' അദ്ദേഹം വ്യക്തമാക്കി.

30 വർഷങ്ങൾക്കു മുമ്പ് താനും ഒരു മാധ്യമപ്രവർത്തകൻ ആയിരുന്നു എന്ന് പറഞ്ഞ വി.കെ ശ്രീകണ്ഠൻ തന്റെ പാർട്ടിയുടെ മുഖപത്രമായ വീക്ഷണത്തിലൂടെയാണ്







പാർലമെന്റിലും മന്ത്രാലയങ്ങളിലുമൊക്കെ ഒരു മാധ്യമപ്രവർത്തകൻ കടന്നു പോകണമെങ്കിൽ നിരവധി പരിശോധനകൾക്കു വിധേയമാകേണ്ട ഗതികേടുണ്ട് ഇപ്പോൾ. പലപ്പോഴും മാധ്യമപ്രവർത്തകർക്കു പോലും പ്രവേശനം നിഷേധിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. മാധ്യമങ്ങളെന്ന തിരുത്തൽ ശക്തിയെ ഇല്ലാതാക്കാൻ മാധ്യമ സ്ഥാപനങ്ങളിലെ റെയ്ഡ്, ഇഡി, അന്യായ തടങ്കൽ , ഭീഷണി തുടങ്ങിയ ഭരണകൂട ഭീകരതകൾ നിലനിൽക്കുന്ന അവസ്ഥയുണ്ട്. രാജ്യവും ജനാധിപത്യവും നിലനിൽക്കണമെങ്കിൽ എല്ലാ മനുഷ്യർക്കും തുല്യ അവകാശവും സ്വാതന്ത്ര്യവും വേണമെന്ന കാര്യം മറക്കരുത്.

അമേരിക്കൻ മലയാളികൾ ഒറ്റക്കെട്ടായി ഭിന്നതയേതുമില്ലാതെ ഐപിസിഎൻഎയുടെ കീഴിൽ അണിചേർന്നു നിൽക്കുന്നത് ഏറെ സന്തോഷകരമായ കാഴ്ചയാണെന്നും ശ്രീകണ്ഠൻ പറഞ്ഞു.

ജനാധിപത്യം എന്നത് വെറുതെ വളരുന്ന ഒരു ചെടിയല്ലെന്നും അത് നട്ടുനനച്ചു വളർത്തേണ്ട ഒന്നാണെന്നും അതിന് കാഴ്ചക്കാരായി നിൽക്കുകയല്ല എല്ലാവരും ജാഗ്രതയോടെ ഇടപെടുകതന്നെ വേണമെന്ന് മനോരമ ന്യൂസ് ടിവി ഡയറക്ടർ ജോണി ലൂക്കോസ് പറഞ്ഞു . അമേരിക്കൻ മലയാളിക്ക് മലയാളത്തോടും മലയാള മാധ്യമ രംഗത്തോടുമുള്ള അഭിനിവേശം അതിശയകരമാണെന്നും പലപ്പോഴായി അമേരിക്കയിലെ സുഹൃത്തുക്കളുടെ വീട്ടിൽ താമസിച്ചിട്ടുള്ള തനിക്ക് അമേരിക്ക കേരളം പോലെതന്നെ തോന്നിക്കുന്ന ഒരു സ്ഥലമാണെന്നും ജോണി ലൂക്കോസ് പറഞ്ഞു. ബിജു കിഴക്കേക്കൂറ്റിനെ പോലെ പലരുടേയും വീട്ടിലാണ് ഞാൻ ഇവിടെ വന്നാൽ താമസിക്കുന്നത്. കേരളത്തിലെ അതേ ഭക്ഷണം, ആറ്റിറ്റ്യൂഡ്, സംസ്കാരം എല്ലാമുള്ളവരാണ് ഇവിടുത്തെ മലയാളി . ഇടയ്ക്കിടെ ഇവിടെയുള്ളവർ ഫോൺ വിളിക്കാറുണ്ട്, അതുകൊണ്ട് എനിക്കിവിടെ അമേരിക്കയിൽ ആണോ ജോലി എന്നു പോലും സംശയമുണ്ടാകാറുണ്ടെന്നും ജോണി ലൂക്കോസ് തമാശ രൂപേണ പറഞ്ഞു.



ഇരു പതിറ്റാണ്ടുകളായി അമേരിക്കയിൽ പ്രവർത്തിച്ചു വരുന്ന ഐ പി സി എൻ എ എന്ന സംഘടന ഐക്യത്തോടെ കൂടുതൽ ശക്തമായി വരികയാണെന്നും ഈ സംഘടനയ്ക്ക് അമേരിക്കയിലെ ജനമസ്സിൽ വലിയ സ്ഥാനമാണ് ഉള്ളതെന്നും അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം പറഞ്ഞു. കേരളത്തിലെ രാഷ്ട്രീയ സാമൂഹിക രംഗത്തുള്ളവരുമായി അമേരിക്കൻ

മലയാളികൾക്ക് പരിചയപ്പെടാനും സംവദിക്കാനുമുള്ള അവസരം ഐ പി സി എൻ എ സൃഷ്ടിക്കുകയാണ്. ഒരു സംഘടന എന്നതിനെക്കാൾ കൂടുതൽ ഇതൊരു കൂട്ടായ്മയാണ്. മുൻ ഭാരവാഹികളും ഇപ്പോഴത്തെ ഭാരവാഹികളും തോളോട് തോൾ ചേർന്ന് നിൽക്കുന്ന ഇടമാണ് ഐ പി സി എൻ എ എന്നും സുനിൽ പറഞ്ഞു.

റിസോഴ്സുകളുടെ കുറവും സമയ കുറവും എല്ലാം ഉണ്ടെങ്കിലും ആത്മാർത്ഥമായി മാധ്യമപ്രവർത്തനം നടത്തുന്നവരാണ് യുഎസിലെ മലയാളികൾ. സ്വന്തം പോക്കറ്റിൽ നിന്ന് കാശുമുടക്കിയാണ് പലരും ഈ ജോലി ചെയ്യുന്നതെന്ന് ഐ പി സി എൻ എ പ്രസിഡന്റ് സുനിൽ ട്രൈസ്ററാർ പറഞ്ഞു.

മുതിർന്ന മാധ്യമ പ്രവർത്തകൻ കുര്യൻ പാമ്പാടി, മാധ്യമ പ്രവർത്തകരായ ലീൻ ജെസ്മാസ്, ഹാഷ്മി താജ് ഇബ്രാഹിം, സുജയ പാർവതി, അബ്ജോത് വർഗീസ്, മോത്തി രാജേഷ് എന്നിവരും ഫൊക്കാന പ്രസിഡന്റ് സജിമോൻ ആൻറണി, ഫോമാ ജനറൽ സെക്രട്ടറി ബൈജു വർഗീസ് എന്നിവരും ചടങ്ങിൽ സംസാരിച്ചു. അനിൽ ആറന്മുള, ജോർജ് തുമ്പയിൽ എന്നിവർ എംസിമാർ ആയിരുന്നു.

മുൻ പ്രസിഡന്റ് റെജി ജോർജിന്റെ ഭാര്യ എലിസബത്ത് ജോർജിൻറെയും (സുജ) മുതിർന്ന പത്രപ്രവർത്തകൻ TJS ജോർജിന്റെയും വേർപാടിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടാണ് സമ്മേളനം ആരംഭിച്ചത്.

മാലിനി നായരുടെ നേതൃത്വത്തിൽ അവതരിപ്പിച്ച തെയ്യവുമായി ബന്ധപ്പെട്ട നൃത്ത ശില്പം അത്യന്തം മനോഹരമായി.







ഷിജോ പൗലോസ് (ജനറൽ സെക്രട്ടറി), വിശാഖ് ചെറിയാൻ (ട്രഷറർ ), രാജു പള്ളത്ത് (പ്രസിഡണ്ട് ഇലക്ട്), അനിൽ ആറന്മുള (വൈസ് പ്രസിഡന്റ്), ആശാ മാത്യു (ജോയിന്റ് സെക്രട്ടറി), സജി എബ്രഹാം (കൺവൻഷൻ ചെയർ), ഷോളി കുമ്പിളുവേലി, ന്യുയോർക്ക് ചാപ്റ്റർ പ്രസിഡന്റ്), അഡ്വൈസറി ബോർഡ് ചെയർ സുനിൽ തൈമറ്റം, മെമ്പർമാരായ ബിജു കിഴക്കേക്കുറ്റ്, ജോർജ് ജോസഫ്/, മാത്യു വർഗീസ്, മധു കൊട്ടാരക്കര, വിൻസെന്റ് ഇമ്മാനുവൽ, താജ് മാത്യു, റെജി ജോർജ്, തുടങ്ങിയവർ നേതൃത്വം നൽകി.

ആശ മാത്യു (ജോയിന്റ് സെക്രട്ടറി) നന്ദി പറഞ്ഞു.

ചടങ്ങിൽ വച്ച് പ്രസ് ക്ലബ് സുവനീർ ശ്രീകണ്ഠൻ എം.പി. ഒരു കോപ്പി പ്രമോദ് നാരായൺ എം.എൽ.എക്ക് നൽകി ഉദ്ഘാടനം ചെയ്തു. ചീഫ് എഡിറ്റർ മാത്യുക്കുട്ടി ഈശോ, സജി എബ്രഹാം എന്നിവർ സംസാരിച്ചു.

സമ്മേളനത്തിന് ശേഷം മുൻ പ്രസിഡന്റ് മധു കൊട്ടാരക്കരയുടെ നേതൃത്വത്തിൽ ഗാനമേള നടന്നു.

# കോടീശ്വരർ മാധ്യമങ്ങളെ വാങ്ങുന്നത് പുതിയ നരേറ്റീവ് സൃഷ്ടിക്കാൻ: ജോണി ലൂക്കോസ്




ബിജു കിഴക്കേക്കൂറ്റ്

എഡിസൺ (ന്യു ജേഴ്സി): ശതകോടീശ്വരന്മാർ മാധ്യമങ്ങളെ വാങ്ങുന്നത് പണം ഉണ്ടാക്കാൻ അല്ല, അധികാരത്തിനു വേണ്ടിയും അവർക്ക് താല്പര്യമുള്ള ഭരണകൂടത്തിനു അനുകൂല സ്ഥിതി സൃഷ്ടിക്കാനുമാണ് എന്ന് മനോരമ ന്യൂസ് ടിവി ഡയറക്ടർ ജോണി ലൂക്കോസ്.

ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐ പി സി എൻ എ) അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിൽ 'ശതകോടീശ്വരന്മാർ കയ്യടക്കിയ മാധ്യമ ലോകം' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മണി, പവറാണെങ്കിൽ പവറിന്റെ മറ്റൊരു രൂപമാണ് മീഡിയ.







ഇന്ത്യൻ ജനാധിപത്യത്തെ നിർവചിച്ചിരുന്ന എൻഡിടിവി പോലുള്ള മാധ്യമത്തെ അദാനി വിലക്കു വാങ്ങിച്ചത് എൻഡിടിവിയുടെ നിലപാടുകളെ ഇല്ലാതാക്കാനാണ് . അതിൽ അവർ വിജയിച്ചു. അമ്പാനി മീഡിയകൾക്കു വേണ്ടി പണം മുടക്കുന്നത് ഭരിക്കുന്ന സർക്കാരിനെ സംരക്ഷിക്കാൻ വേണ്ടിയാണ്. പണ്ടൊക്കെ രഹസ്യമായി പണം മുടക്കിയിരുന്നത് ഇപ്പോൾ പരസ്യമായി ചെയ്യാൻ തുടങ്ങി. ഇത് ജനാധിപത്യത്തെ എങ്ങനെ ബാധിക്കും എന്ന് കണ്ടറിയേണ്ടതുണ്ട്- ജോണി ലൂക്കോസ് പറഞ്ഞു.

എന്നാൽ എല്ലാ മാധ്യമങ്ങളുടെ പിന്നിലും കോർപറേറ്റ് പവർ ഉണ്ടെന്നും പണം മുടക്കാതെ ഒരു മാധ്യമവും മുന്നോട്ടുപോകില്ലെന്നും റിപ്പോർട്ടർ ടിവി കോർഡിനേറ്റിങ് എഡിറ്റർ സുജയ പാർവതി പറഞ്ഞു. പക്ഷെ അവരല്ല യഥാർഥ ഉടമ. അത് ടിവി കാണുന്ന പ്രേക്ഷകനും പത്രം വായിക്കുന്നവരുമാണ്. അവർ വന്നില്ലെങ്കിൽ ചാനലും പത്രവും പൂട്ടിപ്പോകും. കാഴ്ചക്കാരെ തൃപ്തിപ്പെടുത്താനാണ് എല്ലാവരും ശ്രമിക്കുന്നതും വാർത്തയുടെ മൂല്യം തീരുമാനിക്കുന്നതും. അട്ടപ്പാടി ആദിവാസി ഉന്നതിയിലെ പരിതോവസ്ഥയെക്കാൾ വലുത് മെട്രോ പില്ലറിൽ കയറിയിരിക്കുന്ന പൂച്ചയുടെ വാർത്തയായിരിക്കും- സുജയ പറഞ്ഞു.

ശതകോടി ബിസിനാണ് മാധ്യമ രംഗം. അതുകൊണ്ടു തന്നെ ഓരോ മാധ്യമത്തിന്റേയും എഡിറ്റോറിയൽ പോളിസിയിൽ നിന്നുകൊണ്ട് ജോലി ചെയ്യേണ്ട ഉത്തരവാദിത്വം ഓരോ മാധ്യമപ്രവർത്തകനുമുണ്ട്. ഭരണപക്ഷത്ത് ഇരിക്കുന്നവരെ വെറുപ്പിച്ചാൽ ലൈസൻസ് തന്നെ നഷ്ടമാകുന്ന അവസ്ഥയുമുണ്ടെന്ന് ന്യൂസ് 18 എഡിറ്റർ ലീൻ ബി ജെസ്മാസ് പറഞ്ഞു.

അതി സമ്പന്നരായ മുതലാളിമാർ മാധ്യമങ്ങളെ വില






ക്കെടുക്കുന്നത് തീർച്ചയായും ഭരണാധികാരിക്കു വേണ്ടി നരേറ്റിവുകൾ മാറ്റാൻ വേണ്ടി തന്നെയാണെന്നും എന്നാൽ കേരളത്തിലെ മാധ്യമങ്ങൾ ഇത്തരം ഒരു അവസ്ഥയിലേക്ക് പോയിട്ടില്ല എന്നും 24 ന്യൂസിലെ ഹാഷ്മി താജ് ഇബ്രാഹിം പറഞ്ഞു.

മാധ്യമങ്ങൾക്കു വേണ്ടി പണം മുടക്കുന്നത് മുതലാളിമാരാണെങ്കിൽ എഡിറ്റോറിയൽ തീരുമാനം ജോർണലിസ്റ്റുകൾ തന്നെ എടുക്കുന്ന സാഹചര്യമാണ് കേരളത്തിൽ നിലനിൽക്കുന്നത് എന്ന് ഏഷ്യാനെറ്റ് ന്യൂസ് എഡിറ്റർ അബ്ജോദ് വർഗീസ് പറഞ്ഞു.

പെട്ടിക്കട നടത്തുന്ന മുതലാളിക്കു പോലും അയാളുടെ താൽപര്യമുണ്ടെന്നും അതുകൊണ്ടു തന്നെ സാധ്യമായ സ്പേസിനെ കൃത്യമായി ഉപയോഗപ്പെടുത്താനാണ് ഓരോ മാധ്യമ പ്രവർക്കനും ശ്രമിക്കേണ്ടതെന്നും മാതൃഭൂമി ന്യൂസ് സീനിയർ സബ് എഡിറ്റർ മോത്തി രാജേഷ് പറഞ്ഞു.

ഏറ്റവും വലിയ പവർ എന്നത് ജനങ്ങളുടെ വിശ്വാസമാണെന്നും അവർക്കു വേണ്ടിയായിരിക്കണം വാർത്തകളെന്നും മുതിർന്ന മാധ്യമ പ്രവർത്തകൻ കുര്യൻ പാമ്പാടി പറഞ്ഞു.

പ്രൈവറ്റ് ക്യാപിറ്റൽ എന്നത് പുത്തരിയല്ലെന്നും അമേരിക്കയിൽ ഇതു പണ്ടേ നിലവിൽ ഉള്ള കാര്യമാണെന്നും എന്നാൽ മീഡിയ മൊണോപളി ഉണ്ടാകാതിരിക്കാൻ 39 ശതമാനം ഓണർഷിപ് ക്യാപ് ഉറപ്പാക്കുന്ന നിയമം ഉണ്ടെന്നും ഏഷ്യാനെറ്റ് ന്യൂസ് യുഎസ് എഡിറ്റർ കൃഷ്ണകിഷോർ പറഞ്ഞു.

24 ന്യൂസ് യുഎസ് കറസ്പോണ്ടന്റ് മധു കൊട്ടാരക്കര മോഡറേറ്ററായിരുന്നു



# 32–ാമത് കരുണാ വാർഷിക ഡിന്നർ ന്യൂജേഴ്സിയിൽ കലയും കരുണയും നിറഞ്ഞൊരു രാവ്




എഡിസൺ (ന്യൂജേഴ്സി) : കരുണാ ചാരിറ്റബിൾ ഓർഗനൈസേഷന്റെ 32-ാമത് വാർഷിക ഡിന്നർ ഒക്ടോബർ 4-ന് എഡിസണിലെ പാർലർ ബാങ്കറ്റ് ഹാളിൽ ആഘോഷപൂർവ്വം നടന്നു. സമൂഹ സേവനത്തിന്റെ നന്മയും ഇന്ത്യൻ സംസ്കാരത്തിന്റെ ഭംഗിയും ഒരുമിച്ചുചേർന്ന ഈ സായാഹ്നം പ്രതിഭാധനരായ അതിഥികളുടെയും കലാകാരന്മാരുടെയും പങ്കാളിത്തത്തോടെ ഒരത്ഭുതസന്ധ്യയായി മാറി.

പ്രമുഖ മാധ്യമപ്രവർത്തകരായ റുക്സാന കരൂലും ലിസ് പൗലോസുമായിരുന്നു ചടങ്ങിന് എംസിമാർ. ഡെയ്സി തോമസ് (വൈസ് പ്രസിഡന്റ്) സ്വാഗതം ആശംസിച്ചു. ലക്ഷ്മി ശങ്കറിന്റെ ഭക്തിപൂർണമായ പ്രാർത്ഥനാഗാനം ചടങ്ങിന് ആത്മീയമായ തുടക്കം നൽകി. പ്രസിഡന്റ് ഷീലാ ശ്രീകുമാർ തന്റെ അധ്യക്ഷ




പ്രസംഗത്തിൽ സംഘടനയുടെ സാമൂഹിക പ്രതിബദ്ധതയും സേവനപാരമ്പര്യവും അടയാളപ്പെടുത്തി.ഇന്ത്യൻ കോൺസുലേറ്റ് ഓഫ് ന്യൂയോർക്ക് കമ്മ്യൂണിറ്റി അഫയേഴ്സ് കോൺസുൽ സെവാങ് ഗ്യാൽട്സൻ ആയിരുന്നു പ്രധാന പ്രഭാഷണം നിർവഹിച്ചത്. ആഫിയ നാഥാനിയൽ, സോഹൻലാൽ ദാസ്, ഡോ. സജിമോൻ ആന്റണി(ഫൊക്കാന പ്രസിഡന്റ്) എന്നിവരും പ്രത്യേക അതിഥികളായി പങ്കെടുത്തു.

സെവാങ് ഗ്യാൽട്സൻ, ഫിലിം മേക്കർ ആഫിയ നാഥാനിയൽ, ഡോ. സജിമോൻ ആന്റണി, ഉപേന്ദ്ര ചിവാകുല, മിസിസ്.ചിവാകുല, കരുണാ കമ്മിറ്റി അംഗങ്ങൾ, മുൻ പ്രസിഡന്റുമാർ എന്നിവർ ചേർന്ന് ഭദ്രദീപം തെളിച്ചു.

ഡോ. കെയ്പ് കൊമോറിൻ പച്ചുമണി അവാർഡ് ഡോ. രാമചന്ദ്രൻ നായർ വിതരണം ചെയ്തു. നൃത്തവും ഇന്ത്യൻ സംസ്കാര

വുമായുള്ള അഭൂതപൂർവ്വ സംഭാവനകൾക്ക് ബീന മേനോന് വത്സല നായർ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു. സെനറ്റർ വിൻ ഗോപാൽ, അസംബ്ലിവിമൻ ഡോൺലൺ, പീറ്റർപോൾ എന്നിവർ കരുണായ്ക്ക് അഭിനന്ദനമറിയിച്ചു.

സംഗീതസന്ധ്യയിൽ തഹ്സീൻ, ദേവല്ക ഗോട്ട്സെ എന്നിവർ ഗാനങ്ങൾ ആലപിച്ചു. മാലിനി നായർ (സൗപർണിക ഡാൻസ് കമ്പനി), ജിത്തു കോട്ടാരക്കര (ട്രൈസ്റ്റേറ്റ് ഡാൻസ് കമ്പനി) എന്നിവരുടെ നൃത്തവും കാണികൾക്ക് വേറിട്ട അനുഭവമായി.



വയലാർ രാമവർമ്മയുടെ അനശ്വര ഗാനങ്ങൾ കോർത്തിണക്കിയുള്ള 'വയലാർ സ്മൃതികൾ' എന്ന ഒരു മണിക്കൂർ നീളുന്ന സംഗീതാവതരണമായിരുന്നു ചടങ്ങിന്റെ ഹൈലൈറ്റ്. വയലാർ ശരത്ചന്ദ്രവർമ്മയും സോഹൻലാലും (ചലച്ചിത്രസംവിധായകൻ)വയലാറിനെക്കുറിച്ച് സംസാരിച്ചു.ഗായകരായ അനിത കൃഷ്ണ, ശബരിനാഥ്, സിജി ആനന്ദ്, അശ്വതി, ടോം വിനോയ് ജോൺ (ബേസ് ഗിറ്റാർ), റോബർട്ട് (കീബോർഡ്), റോണി കുര്യൻ (ഡ്രംസ്) എന്നിവർ ചേർന്നതാണ് പരിപാടി അവിസ്മരണീയമാക്കിയത്.




മഞ്ജു ഹർഷൻ (സെക്രട്ടറി) നന്ദി അറിയിച്ചു. തുടർന്ന് വിരുന്നും ഡിജെ മ്യൂസിക്കോടുകൂടിയ ട്രൈസ്റ്റേറ്റ് ഡാൻസ് അക്കാഡമിയുടെ ഫിനാലെ നൃത്തവും നടന്നു. തെരേസ തഞ്ചനും റോസാമ്മ തഞ്ചനും റാഫിൾ ഡ്രോയിംഗിന്റെ ഫലം പ്രഖ്യാപിച്ചു.




കരുണാ ജനറൽ ബോഡി മീറ്റിംഗും തിരഞ്ഞെടുപ്പും നവംബർ 8-ന് നടക്കുമെ







KARUNA CHARITIES NEW YORK, INC.
Helping the Needy Around the World














Helping the Needy Around the World


TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# മാഗ് തെരഞ്ഞെടുപ്പ് ഡിസംബറിൽ മുൻഗാമികളുടെ മാർഗത്തിൽ നേരോട് നൻമ ലക്ഷ്യമാക്കി ടീം യുണ്ണേറ്റഡ്

**ജിൻസ് മാത്യു റാന്നി, റിവർസ്റ്റോൺ.**




ഹൂസ്റ്റൺ: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റണിന്റെ ഡിസംബറിൽ നടക്കുന്ന വാർഷിക തെരഞ്ഞെടുപ്പിൽ പ്രസിഡന്റ് സ്ഥാനാർത്ഥി റോയി മാത്യൂവിന്റെ ശക്തമായ നേത്രത്തിൽ ടീം യുണൈറ്റഡ് പാനൽ തയ്യാറായി

അനുഭവ പരിചയത്തിന്റെ പക്വതയും യുവത്വത്തിന്റെ ഊർജസ്വലതയും കൈമുതലാക്കിയ മൽസരാർത്ഥികളാണ് പാനലിൽ.

നേരാണ് പാത,നൻമയാണ് ലക്ഷ്യം എന്ന നയം മുഖമുദ്രയാക്കിയ ടീം യുണൈറ്റഡിൽ ഹൂസ്റ്റണിലെ വിവിധ സംഘടനകൾ വിജയകരമായി മുന്നേറ്റുന്ന കഴിവുറ്റ സംഘാടകരുടെ സ്ഥാനാർത്ഥിത്വം ഏറ്റവും കൂടുതലാണ്.

ഹൂസ്റ്റണിലെ പ്രമുഖരായ സാമൂഹിക, സ്വംസ്കാരിക നേതാക്കളുടെയും നല്ലവരായ നാട്ടുകാരുടെയും സപ്പോർട്ട് ടീം യുണ്ണെറ്റഡിന് ഏറെ നേട്ടകരമാണ്.


FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14 YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555

# പ്രേഷിത തീക്ഷ്ണതയുടെ പ്രഘോഷണം: ഷിക്കാഗോ രൂപത ചെറുപുഷ്പ മിഷൻലീഗ് മൂന്നാം രൂപതാതല സമ്മേളനം കോപ്പേലിൽ വിജയകരമായി സമാപിച്ചു



**മാർട്ടിൻ വിലങ്ങോലിൽ**

കൊപ്പെൽ, ടെക്സസ്: ഷിക്കാഗോ സീറോ മലബാർ രൂപതയുടെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ചെറുപുഷ്പ മിഷൻ ലീഗിന്റെ (CML) മൂന്നാമത് രൂപതാതല സമ്മേളനം ഒക്ടോബർ 4-ന് കൊപ്പെൽ സെന്റ്. അൽഫോൻസാ സീറോ മലബാർ ദേവാലയത്തിൽ പ്രൗഢഗംഭീരമായി നടന്നു.

രൂപതയിലെ യുവജനങ്ങളുടെ മിഷൻ തീക്ഷ്ണതയും ആത്മീയ പ്രതിബദ്ധതയും പ്രകടമാക്കിയ മഹത്തായ സംഗമമായി ഈ സമ്മേളനം.

**ആയിരത്തോളം മിഷനറിമാരുടെ ആത്മീയ സംഗമം:** ടെക്സസ്ഒക്ലഹോമ റീജിയണിലെയും മറ്റു പള്ളികളിലെയും ഏകദേശം 1000-ഓളം ചെറുപുഷ്പ മിഷൻ ലീഗ് അംഗങ്ങളാണ് സമ്മേളനത്തിൽ പങ്കെടുത്തത്. സെമിനാറുകൾ, ക്ലാസുകൾ, ആത്മീയ പരിപാടികൾ എന്നിവ ഉൾപ്പെടുത്തി യുവമിഷനറിമാർക്ക് ആത്മീയ നവീകരണത്തിനും മിഷൻ പ്രതിബദ്ധതയ്ക്കും പ്രചോദനമായിരുന്നു ഈ ദിനം.

രൂപതാ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് മിഷൻ ലീഗ് പതാക ഉയർത്തി പരിപാടികൾ ഉദ്ഘാടനം ചെയ്തു. എമരിറ്റസ് ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത്, സി.എം.ൽ ഡയറക്ടറും, മതബോധന ഡയറക്ടറുമായ റവ. ഡോ. ജോർജ് ദാനവേലിൽ, ഫാ. ജെയിംസ് പുന്നപ്ലാക്കൽ (സിഎംഎൽ ഇന്റർനാഷണൽ ഡയറക്ടർ), സിസ്റ്റർ ആഗ്നസ് മരിയ എം.എ സ്.എം.ഐ. (ജോയിന്റ് ഡയറക്ടർ), ഇടവക വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസിസ്റ്റന്റ് വികാരി ഫാ. ജിമ്മി എടക്കുളത്തൂർ, ഫാ. ഡായി കുന്നത്ത് എംഎസ്ടി (ബാല

ജനസഖ്യം ഡയറക്ടർ), ഗാർലാൻഡ് സെന്റ് തോമസ് ഫൊറോനാ വികാരി ഫാ. സിബി സെബാസ്റ്റ്യൻ കൊച്ചീറ്റത്തോട്ട് (എംഎസ്ടി), സിജോയ് സിറിയക് (പ്രസിഡന്റ്), ടിസൺ തോമസ് (സെക്രട്ടറി), ആൻ ടോമി (റീജണൽ എക്സിക്യൂട്ടീവ് അംഗം) റോസ്മേരി ആലപ്പാട്ട് (സെന്റ് അൽഫോൻസാ CML ഓർഗനൈസർ), തുടങ്ങിവർ സന്നിഹിതരായി. തുടർന്ന് അഭിവന്ദ്യ പിതാക്കന്മാർ മുഖ്യ കാർമ്മികരായി ദേവാലയത്തിൽ ദിവ്യബലി അർപ്പിച്ചു.




**സമ്മേളനത്തിന്റെ 'ഹൈലൈറ്റ്' ആയി പ്രേഷിത റാലി:-** രൂപതയിലെ ആയിര




കണക്കിന് കുരുന്നു മിഷനറിമാർക്കൊപ്പം, വിശ്വാസികളും, സന്യസ്തസമൂഹവും പങ്കെടുത്ത ആവേശപൂർണ്ണവും വർണ്ണശബളമായ ''മിഷനറി റാലി'' അൽഫോൻസാ നഗരിയെ വിശ്വാസ തീക്ഷണതയാൽ പ്രകമ്പനം കൊള്ളിപ്പിച്ചിച്ചു. സംഗീതം, പ്രാർഥന, ആത്മീയ ഉണർവ്, യുവജന ആവേശം എന്നിവ നിറഞ്ഞ ഈ റാലി പങ്കെടുക്കുത്തവരിൽ പ്രേഷിത ആത്മീയതയുടെ പുതിയ തിരയൊരുക്കി.

പ്രേഷിത റാലിക്ക് ശേഷം അല്ഫോൻസാ ഹാളിൽ നടന്ന പൊതു സമ്മേളനം നടന്നു. സമ്മേളന പരിപാടികളിൽ ഇടവക വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസിസ്റ്റന്റ് വികാരി ഫാ. ജിമ്മി എടക്കുളത്തൂർ കുര്യൻ, ആൻ ടോമി , റോസ്മേരി ആലപ്പാട്ട് (CML ഇടവക ഓർഗനൈസേഴ്സ്) എന്നിവർ അതിഥികളെയും വിശ്വാസികളേയും ഇടവകയിലേക്കു സ്വാഗതം ചെയ്തു.

മിഷലീഗ് അംഗങ്ങളുടെ പ്രാർത്ഥനാഗീതത്തിനു ശേഷം രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ട് തിരിതെളിച്ചു പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ മാർ. ജോയ് ആലപ്പാട്ട് അധ്യക്ഷനായിരുന്നു. മാർ. അങ്ങാടിയത്ത്, റവ. ഡോ. ജോർജ് ദാനവേലിൽ , ഫാ. ജെയിംസ് പുന്നപ്ലാക്കൽ (CML ഇന്റർനാഷണൽ ഡയറക്ടർ), ഫാ. ബിൻസ് ചേത്തലിൽ (CML അസിസ്റ്റന്റ് ഡയറക്ടർ), സിസ്റ്റർ ആഗ്നസ്









മരിയ , ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, ഫാ. ജിമ്മി എടക്കുളത്തൂർ കുര്യൻ, സിജോയ് സിറിയക്, മിസ്. ലിലിയൻ സംഗീത്, തുടങ്ങിയവർ ആശംസകൾ നേർന്നു.

റവ. ഡോ. ജോർജ് ദാനവേലിൽ മുഖ്യ പ്രഭാഷണത്തിൽ യുവജനങ്ങളെ മിഷൻ പ്രവർത്തനങ്ങളുടെ പ്രാധാന്യം ഓർമ്മിപ്പിച്ചു. സമ്മേളന വേളയിൽ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലിയും ആദരിക്കപ്പെട്ടു. മാർ. അങ്ങാടിയത്ത് അനുഗ്രഹ പ്രഭാഷണം നൽകി.

മിഷൻ ലീഗ് ജനറൽ സെക്രട്ടറി ടിസൺ തോമസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. ബിൻസ് ചേത്താലിൽ നന്ദി പ്രകാശിപ്പിച്ചു. മാർ ജോയ് ആലപ്പാട്ട് സമാപന പ്രാർത്ഥനയും നൽകി. ഇടവക കോർഡിനേറ്റേഴ്സ് ആൻ ടോമി, റോസ്മേരി ആലപ്പാട്ട് എന്നിവർ എംസിയായി പരിപാടികൾ നിയന്ത്രിച്ചു.

മിഷൻലീഗ് ആഭിമുഖ്യത്തിൽ ഷംഷാബാദ് രൂപതക്കൊരു പുതിയ ദേവാലയ നിർമ്മാണ പദ്ധതി:- ഷംഷാബാദ് രൂപതയ്ക്കായി പുതിയ ദേവാലയ നിർമ്മാണ പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനവും സമ്മേളന വേളയിൽ നടന്നു. രൂപതയിലെ കുഞ്ഞു മിഷനറിമാർ ഏക മനസ്സോടെ ഏറ്റെടുത്ത ഈ മഹത്തായ പദ്ധതിയുടെ ധനസമാഹരണത്തിനായി ഓരോ ഇടവകകളിളെയും യൂണിറ്റ് അംഗങ്ങൾ സമ്മേളനത്തിൽ തുക കൈമാറിയത് ശ്രദ്ധേയമായി.

**വിജയകരമായ സമാപനം:-** കൊപ്പേൽ ഇടവക യുവജന ഗായക സംഘം ആലപിച്ച മിഷൻ ആന്തത്തോടെ സംഗീതസൗന്ദര്യത്തോടെയും ആത്മീയ ഉണർവോടെയും സമ്മേളനത്തിനു സമാപനമായി.

മിഷൻ ലീഗിന്റെ മൂല്യങ്ങൾ ഉയർത്തിയും യുവമിഷനറിമാരുടെ പ്രതിബദ്ധത ഉറപ്പിച്ചും മിഷൻ പ്രേഷിതപ്രവർത്തനങ്ങളുടെ തീക്ഷ്ണത വർദ്ധിപ്പിച്ചും ഈ മൂന്നാമത് രൂപതാതല സമ്മേളനം ചരിത്രം കുറിച്ചു.

ഇടവക വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസിസ്റ്റന്റ് വികാരി ഫാ. ജിമ്മി എടക്കുളത്തൂർ, ആൻ ടോമി, റോസ്മേരി ആലപ്പാട്ട്, എന്നിവരുടെ നേതൃത്വത്തിൽ ഇടവക ട്രസ്റ്റിമാരായ ജോഷി കുര്യാക്കോസ്, റോബിൻ കുര്യൻ, റോബിൻ ജേക്കബ് ചിറയത്ത്, രഞ്ജിത്ത് മാത്യു തലക്കോട്ടൂർ, സെബാസ്റ്റ്യൻ പോൾ (സെക്രട്ടറി), വിവിധ സബ് കമ്മറ്റികൾ, ഇടവക വോളണ്ടിയേഴ്സ് തുടങ്ങിയവർ സമ്മേളനത്തിന്റെ വിജയത്തിനു ചുക്കാൻ പിടിച്ചു.







# സേവന മനോഭാവവും സാമൂഹിക സംഭാവനയും



Dr. Aney Paul



സമൂഹത്തിന്റെ പുരോഗതിയും മനുഷ്യന്റെ ആത്മീയ ഉന്നതിയും സേവന മനോഭാവത്തിലൂടെയാണ് സാധ്യമാകുന്നത്. മറ്റുള്ളവരുടെ ക്ഷേമത്തിനായി സ്വമേധയാ പ്രവർത്തിക്കാനുള്ള താത്പര്യമാണ് സേവനത്തിന്റെ യഥാർത്ഥ സാരാംശം. സന്നദ്ധസേവനവും സാമൂഹിക സേവനങ്ങളും സമൂഹത്തിൽ പ്രത്യാശയുടെ ദീപസ്തംഭങ്ങളായി നിലകൊള്ളുന്നു. ഓരോ ചെറിയ സഹായവും മറ്റൊരാളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയും; അത് സമൂഹത്തിലെ അനീതികളും പോരായ്മകളും മറികടക്കാൻ സഹായിക്കുന്നു. നാം മറ്റുള്ളവർക്കായി ചെയ്യുന്ന പ്രവർത്തനം ചെറുതായിരിക്കും, പക്ഷേ അതിന്റെ പ്രതിഫലം വലിയ സ്വാധീനമായി തിരിച്ചെത്തും. സാമൂഹിക സേവനത്തിനായി ചെലവഴിക്കുന്ന ഓരോ നിമിഷവും പ്രത്യാശയുടെ പുതിയ അലകൾ സമൂഹത്തിൽ പരത്തുന്നു, സഹാനുഭൂതിയും ധാരണയും വളർത്തുന്നു. സേവനം ലഭിക്കുന്നവർക്ക് മാത്രമല്ല, സേവനം ചെയ്യുന്നവർക്കും അതിൻറെ ആത്മീയ പ്രതിഫലനം അനുഭവപ്പെടുന്നു. സേവനത്തിലൂടെയാണ് മനുഷ്യൻ മനസ്സിന്റെ സമാധാനവും ആത്മശക്തിയും കണ്ടെത്തുന്നത്.

“”We make a living by what we get, but we make a life by what we give.” - Winston Churchill

ഈ ഉദ്ധരണി നമ്മെ ഓർമ്മിപ്പിക്കുന്നത്, ഒരാളുടെ യഥാർത്ഥ മൂല്യം ഭൗതിക സമ്പാദ്യങ്ങളിൽ അല്ല, മറിച്ച് അവർ സമൂഹത്തിൽ ചെലുത്തുന്ന നല്ല സ്വാധീനത്തിലും ദാനമനോഭാവത്തിലും ആണെന്നതാണ്. സേവനത്തിലൂടെയാണ് നമ്മൾ മറ്റുള്ളവരെയും സ്വയം ഉയർത്തുകയും, സമൂഹത്തെ കൂടുതൽ സഹിഷ്ണുതയുള്ള

തും കരുണയുള്ളതുമായ സ്ഥലമാക്കുകയും ചെയ്യുന്നത്.

യുവതലമുറയാണ് ഒരു സമൂഹത്തിന്റെ ഭാവി നിർണയിക്കുന്നത്. അവരുടെ ചിന്തകളും പ്രവർത്തികളും രാജ്യത്തിന്റെ പുരോഗതിക്കും മാനവിക മൂല്യങ്ങളുടെ നിലനിൽപ്പിനും നേരിട്ട് സ്വാധീനം ചെലുത്തുന്നു. ഈ സാഹചര്യത്തിൽ, സേവന മനോഭാവം യുവാക്കൾക്കിടയിൽ വളർത്തിയെടുക്കുന്നത് അത്യന്തം പ്രാധാന്യമുള്ളതാണ്.

## സേവന മനോഭാവത്തിന്റെ പ്രാധാന്യം

മനുഷ്യജീവിതത്തിന്റെ യഥാർത്ഥ മൂല്യം മറ്റുള്ളവർക്കായി ചെയ്യുന്ന സേവനത്തിലാണ്. സ്വന്തം സ്വാർത്ഥതയ്ക്ക് മീതെ മറ്റുള്ളവരുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിക്കാനുള്ള മനസ്സാണ് സേവന മനോഭാവം. യുവാക്കൾ നമ്മുടെ സമൂഹത്തിന്റെ ഭാവിയും മാറ്റത്തിന്റെ യഥാർത്ഥ കരുത്തുമാണ്. അതിനാൽ അവരുടെ ജീവിതത്തിൽ സേവന മനോഭാവം വളർത്തിയെടുക്കുന്നത് അത്യന്തം പ്രധാനമാണ്. വിദ്യാലയങ്ങളിലും കോളേജുകളിലും സേവനത്തിന്റെ മൂല്യങ്ങൾ പഠിപ്പിക്കുന്നത് യുവതലമുറയെ ഉത്തരവാദിത്തമുള്ള പൗരന്മാരാക്കി വളർത്തുന്നു. ചെറിയൊരു സേവനപ്രവർത്തനവും വലിയൊരു മാറ്റത്തിന് തുടക്കമാകാം. സഹാനുഭൂതി, കരുണ, സഹകരണം തുടങ്ങിയ മൂല്യങ്ങൾ ചെറുപ്പം മുതൽ ഉൾക്കൊള്ളുമ്പോൾ യുവാക്കൾ സമൂഹത്തിന്റെ പുരോഗതിക്കും ഐക്യത്തിനും നേതൃത്വം നൽകാൻ കഴിയും. യുവാക്കളുടെ സേവന മനോഭാവം മനുഷ്യസ്നേഹത്തിന്റെയും സാമൂഹിക ഏകത്വത്തിന്റെയും അടിത്തറയാണ്.




## യുവാക്കളുടെ ഇടയിൽ സേവന മനോഭാവം വളർത്തിയെടുക്കൽ

സേവന മനോഭാവം എന്നത് മറ്റുള്ളവരുടെ നന്മയ്ക്കായി സ്വമേധയാ പ്രവർത്തിക്കാൻ ഉള്ള മനസ്സാണ്. യുവതലമുറയിൽ ഈ മനോഭാവം വളർത്തിയെടുക്കുന്നത് സമൂഹത്തിന്റെ ഭാവി ഉറപ്പാക്കുന്നതിന് നിർണായകമാണ്. വിദ്യാഭ്യാസ സംവിധാനത്തിലൂടെയും കുടുംബമൂല്യങ്ങളിലൂടെയും യുവാക്കളിൽ സഹാനുഭൂതി, കരുണ, സഹകരണം തുടങ്ങിയ ഗുണങ്ങൾ വളർത്തണം. സ്കൂളുകളിലും കോളേജുകളിലും സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നത് യുവാക്കളെ സമൂഹത്തിന്റെ യാഥാർത്ഥ്യങ്ങളുമായി ബന്ധിപ്പിക്കുകയും അവരുടെ ഉത്തരവാദിത്തബോധം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ സ്വമേധാ സേവനത്തിലൂടെ യുവാക്കൾക്ക് മനുഷ്യജീവിതത്തിന്റെ വേദനയും ആവശ്യങ്ങളും മനസ്സിലാക്കാൻ കഴിയും. മഹാത്മാ ഗാന്ധിയും മദർ തെരേസയും പോലുള്ള മഹാന്മാരുടെ ജീവിതം വായിക്കുന്നത് സേവനത്തിന്റെ മഹത്വം തിരിച്ചറിയാൻ സഹായിക്കുന്നു. ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ, യുവാക്കൾക്ക് സാങ്കേതിക വിദ്യ ഉപയോഗിച്ച് സാമൂഹിക സേവനങ്ങളിൽ പങ്കാളികളാകാനുള്ള നിരവധി മാർഗങ്ങളുണ്ട് ഓൺലൈൻ പഠനസഹായം, ബോധവത്കരണ ക്യാമ്പെയ്നുകൾ, സാമൂഹിക മാധ്യമങ്ങളിലൂടെ നന്മയുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കൽ തുടങ്ങിയവ. ഒടുവിൽ, സേവന മനോഭാവം യുവാക്കളുടെ വ്യക്തിപരമായ വളർച്ചയ്ക്കും ആത്മീയ ഉന്നതിക്കും വഴിയൊരുക്കുന്നു. സേവന മനസ്സ് വളർന്നിടത്ത് മനുഷ്യൻ തന്റെ യഥാർത്ഥ മഹത്വം കണ്ടെത്തുന്നു.

## കമ്മ്യൂണിറ്റി വികസനത്തിൽ സേവനത്തിന്റെ പങ്ക്

കമ്മ്യൂണിറ്റി വികസനത്തിൽ സേവനത്തിന്റെ പങ്ക് വളരെ നിർണായകമാണ്. സേവന മനോഭാവം ജനങ്ങളിൽ സഹജീവിതത്തിന്റെ മൂല്യവും കരുണയുടെ

യും ബോധവും വളർത്തുന്നു. സ്കൂളുകളിൽ സൗജന്യ ട്യൂഷൻ നൽകി വിദ്യാർത്ഥികളുടെ ഭാവിയെ ശക്തിപ്പെടുത്തുന്നതും, ആശുപത്രികളിൽ രോഗികൾക്ക് മാനസിക ആശ്വാസവും ആത്മവിശ്വാസവും നൽകുന്നതും, പ്രകൃതി ദുരന്തങ്ങളിൽ സഹായഹസ്തം നീട്ടുന്നതും, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതും ഇവയൊക്കെയും കമ്മ്യൂണിറ്റിയുടെ പുരോഗതിയെയും ഐക്യത്തെയും ഉറപ്പാക്കുന്നു. പാർക്ക് ശുചീകരണം, മരങ്ങൾ നട്ടുവളർത്തൽ, റീസൈക്ലിംഗ് പദ്ധതികൾ തുടങ്ങിയവയിൽ യുവാക്കളും കുടുംബങ്ങളും പങ്കാളികളാകുമ്പോൾ, സേവനം സമൂഹത്തിന്റെ ദിനചര്യയുടെ ഭാഗമാകുന്നു. ഇതിലൂടെ സേവന മനോഭാവം സാമൂഹിക ഉത്തരവാദിത്തത്തിന്റെ അവിഭാജ്യഘടകമായി മാറുന്നു.

“”The best way to find yourself is to lose yourself in the service of others.” - Mahatma Gandhi

സ്വയം കണ്ടെത്താനുള്ള ഏറ്റവും നല്ല മാർഗം മറ്റുള്ളവരുടെ സേവനത്തിൽ സ്വയം നഷ്ടപ്പെടുക എന്നതാണ്. ജീവിതത്തിന് യഥാർത്ഥ അർഥം കണ്ടെത്താൻ മറ്റുള്ളവരുടെ ജീവിതത്തിൽ മാറ്റം സൃഷ്ടിക്കാൻ ശ്രമിക്കുക. സേവനത്തിലൂടെയാണ് വ്യക്തിയുടെ യഥാർത്ഥ ശക്തിയും ആത്മാവും തെളിയുന്നത്.

## അമേരിക്കയിലെ സേവന സംസ്കാരം

അമേരിക്കൻ സമൂഹം ചരിത്രപരമായി സേവന മനോഭാവത്തിൽ അടിയുറച്ച് നിന്നതാണ്. 18-ആം നൂറ്റാണ്ട് മുതൽ വിവിധ മതസംഘടനകളും പള്ളികളും സ്കൂളുകളും പ്രാദേശിക ക്ലബ്ബുകളും സമൂഹ സേവനത്തിൻറെ കേന്ദ്രങ്ങളായി പ്രവർത്തിച്ചു. ‘Civil Society” എന്ന ആശയം അമേരിക്കയിൽ ശക്തമായി വളർന്നത് ഇതിലൂടെയാണ്. സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് സർക്കാർ മാത്രം അല്ല, പൗരന്മാരും മുന്നോട്ട് വരണം എന്ന വിശ്വാസമാണ് ഈ സംസ്കാരത്തിൻറെ അടിസ്ഥാനം.

ഇന്ന്, അമേരിക്കയിൽ കോടിക്കണക്കിന് ആളുകൾ സ്വമേധാ സേവനത്തിലേർപ്പെട്ടിരിക്കുന്നു. ആശുപത്രികൾ, ലൈബ്രറികൾ, ഫുഡ് ബാങ്കുകൾ, ദുരന്താശ്വാസ ക്യാമ്പുകൾ, പരിസ്ഥിതി സംരക്ഷണ പദ്ധതികൾ തുടങ്ങിയ മേഖലകളിൽ സേവന പ്രവർത്തകർ സജീവമായി പ്രവർത്തിക്കുന്നു. Corporation for National and Community Service പ്രകാരം, അമേരിക്കക്കാർ വർഷംതോറും കോടിക്കണക്കിന് മണിക്കൂറുകൾ സമൂഹ സേവനത്തിനായി മാറ്റിവെക്കുന്നു.




## ഉപസംഹാരം

സേവനം ഒരു ബാധ്യതയല്ല. അത് മനുഷ്യസമൂഹത്തോടുള്ള കടപ്പാടാണ്. യുവാക്കൾ ഈ മനോഭാവം ഏറ്റെടുത്താൽ, നമ്മുടെ സമൂഹം കരുണയുടെയും സഹകരണത്തിന്റെയും വഴിയിലൂടെ കൂടുതൽ മനോഹരവും ശക്തവുമായ ഭാവിയിലേക്ക് മുന്നേറും. സേവന മനോഭാവം മനുഷ്യജീവിതത്തിന്റെ അടിത്തറയാണ്; അത് സാമ്പത്തിക നേട്ടത്തിനോ പ്രശംസയ്ക്കോ വേണ്ടിയല്ല, മറിച്ച് കരുണയും സഹകരണവുമുള്ള മനുഷ്യരാശിയുടെ പാരമ്പര്യമാണ്. സേവനം ഒരു വലിയ കാര്യമായിരിക്കേണ്ടതില്ല ഒരു ചെറിയ സഹായം പോലും ഒരാളുടെ ജീവിതത്തിൽ പ്രതീക്ഷയുടെ വെളിച്ചം തെളിയിക്കും. അതിനാൽ നമുക്കെല്ലാം സേവന മനോഭാവം വളർത്തി, സമൂഹത്തിന്റെ മാറ്റത്തിനും പുരോഗതിക്കും പ്രവർത്തിക്കാം.

# കേരളത്തിലെ ക്ലാസിക്കൽ നൃത്ത – നാടകമായ കഥകളിയുടെ അപൂർവ പ്രദർശനം




കേരളത്തിലെ ക്ലാസിക്കൽ നൃത്ത-നാടകമായ കഥകളിയുടെ അപൂർവ പ്രദർശനം ഒരുക്കി മിനസോട്ടയിലെ മലയാളികൾ, ഡോ. ഡാഷ് ഫൗണ്ടേഷനുമായി സഹകരിച്ച് ഇന്ത്യയുടെ സാംസ്കാരിക പൈതൃകം കഥകളിയുടെ അവതരിപ്പിക്കാനൊരുങ്ങുന്നു.

നാടകീയമായ കഥാകഥനം, സങ്കീർണ്ണവും വർണ്ണാഭമായ വേഷവിധാനങ്ങൾ, വിശദമായ മുഖത്തെഴുത്ത് എന്നിവയാൽ ലോകമെമ്പാടും പ്രശസ്തമായ ഈ കലാരൂപത്തിന്റെ വിസ്മയിപ്പിക്കുന്ന പ്രദർശനമാണ് മിനസോട്ടയിൽ നടക്കുന്നത്.

‘കഥകളി‘ എന്നാൽ ‘കഥയുടെ കളി‘ എന്നാണർത്ഥമാക്കുന്നത്. ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന നാടക പാരമ്പര്യങ്ങളിലൊന്നാണിത്. ഈ പ്രകടനം മിനസോട്ടയിലെ താമസക്കാർക്ക് ഈ കലാരൂപത്തിന്റെ ഭാവപ്രകടനങ്ങളുടെ ശക്തിയും ശാരീരികമായ ചിട്ടയും അടുത്തറിയാനുള്ള അതുല്യമായ അവസരം നൽകുന്നു.

‘ഇതൊരു നൃത്തം മാത്രമല്ല; ഇതൊരു സമ്പൂർണ്ണ നാടകാനുഭവമാണ്. അതിമനോഹരമായ ഈ സാംസ്കാരിക നിധി മിനസോട്ടയിലെ നമ്മുടെ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഇത് വഴി നമ്മുടെ പാരമ്പര്യങ്ങൾ ഇവിടെ പ്രോത്സാഹിപ്പിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ കഴിയും. ‘KHMN പ്രസിഡന്റ് നാരായണൻ നായർ അഭിപ്രായപ്പെട്ടു.

നിരവധി ആളുകൾ പങ്കെടുക്കാൻ സാധ്യതയുള്ളതിനാൽ ടിക്കറ്റുകൾ നേരത്തെ തന്നെ ഉറപ്പാക്കണമെന്ന് സംഘാടകർ ഊന്നിപ്പറയുന്നു.

കൂടുതൽ വിവരങ്ങൾക്കും അന്വേഷണങ്ങൾക്കും, പൊതുജനങ്ങൾക്ക് khmninfo@gmail.com എന്ന വിലാസത്തിൽ KHMN-നെ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.



the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere

# സ്വർണ വില വർധന റോക്കറ്റ് വേഗത്തിൽ; കട്ടെടുത്ത പാളികളുടെ മൂല്യം കോടികളുടേത്



എ.എസ് ശ്രീകുമാർ

സ്വർണത്തിന്റെ വില അനുദിനം റോക്കറ്റ് വേഗത്തിൽ കുതിച്ചുകയറുമ്പോൾ ശബരിമലയിൽ നിന്ന് മോഷ്ടിക്കപ്പെട്ട അനേക പവന്റെ മൂല്യം നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. ഇന്ന് ഒരു പവന് 160 രൂപ വർധിച്ചതോടെ സ്വർണ വില 91,000 കടന്നു. 91,040 രൂപയാണ് ഒരു പവൻ സ്വർണത്തിന്റെ വില. ഗ്രാമിന് ആനുപാതികമായി 20 രൂപയാണ് വർധിച്ചത്. 11,380 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില. ഇന്നലെയാണ് സ്വർണവില ആദ്യമായി 90,000 കടന്നത്. ദ്വാരപാലക ശിൽപ്പങ്ങളിലെ സ്വർണം പൊതിഞ്ഞ പാളികൾ 2019-ൽ ഉണ്ണിക്കൃഷ്ണൻ പോറ്റിക്ക് കൈമാറുമ്പോൾ അതിൽ ഒന്നര കിലോ സ്വർണമുണ്ടായിരുന്നു. തിരിച്ചെത്തിച്ചപ്പോൾ 394 ഗ്രാം സ്വർണം മാത്രമാണെന്നാണ് ദേവസ്വം വിജിലൻസിന്റെ നിർണായക കണ്ടെത്തൽ.

ഒന്നര കിലോ 24 കാരറ്റ് സ്വർണത്തിന് ഇന്നത്തെ മാർക്കറ്റ് വില ഏകദേശം 18,900,000 രൂപയാണ്. പാളികളിലെ ഒന്നര കി




ലോ സ്വർണത്തിന് പുറമെ ശ്രീകോവിലിന്റെ കട്ടിള, ദ്വാരപാലക ശിൽപങ്ങളുടെ പീഠം എന്നിവയിലും കൃത്രിമം നടന്നുവെന്നാണ് സംശയം. അതിന്റെ കൃത്യമായ കണക്കുകൾ പൂഴ്ത്തിവച്ചുവെന്നാണ് അനുമാനിക്കേണ്ടത്. ശബരിമലയിലെ സ്വത്തുക്കളുടെ കണക്കെടുപ്പിന് ഹൈക്കോടതി നിയോഗിച്ച മുൻ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് കെ.ടി ശങ്കരൻ നാളെ (ഒക്ടോബർ 10) ശബരിമലയിലെത്തും. അദ്ദേഹത്തിന്റെ അന്വേഷണത്തിൽ എത്രത്തോളം സ്വർണം കൊള്ളയടിക്കപ്പെട്ടുവെന്ന് വ്യക്തമാവുമെന്നാണ് കരുതുന്നത്.

2019-ലും ഇക്കഴിഞ്ഞ സെപ്റ്റംബറിലും സ്വർണം പൂശിയ പുതിയ പാളി ജഡ്ജി ജസ്റ്റിസ് കെ.ടി ശങ്കരൻ പരിശോധിക്കും. വിദഗ്ധന്റെ സഹായത്തോടെ, ശബരിമലയിലെ സ്വർണ്ണത്തിന് പുറമെ വെള്ളി, വിലയേറിയ കല്ലുകൾ, പുരാവസ്തുക്കൾ എന്നിവയുൾപ്പെടെയുള്ള വസ്തുക്കളുടെ വിവരങ്ങളാണ് ശേഖരിക്കേണ്ടത്. ആറൻമുളയിലെയും സന്നിധാനത്തെയും സ്ട്രോങ്ങ് റൂം രജിസ്റ്റർ, തിരുവാഭരണം രജിസ്റ്റർ എന്നിവയും രഹസ്യസ്വഭാവത്തിൽ പരിശോധിക്കണമെന്നാണ് ഹൈകോടതിയുടെ നിർദേ

**സ്വർണം പൂശിയതിന്റെ 40 വർഷത്തെ വാറന്റി ഉണ്ണിക്കൃഷ്ണൻ പോറ്റിയുടെ പേരിലാണെന്നു ചൂണ്ടിക്കാട്ടിയാണ് ഇയാളുടെ പക്കൽ പാളികൾ കൊടുത്തുവിടാൻ മുരാരി ബാബു നിർബന്ധം പിടിച്ചത്. ഇതിനായി മുരാരി ബാബുവും ഉണ്ണികൃഷ്ണൻ പോറ്റിയും ദേവസ്വം ബോർഡിനോട് അനുമതി തേടിയെങ്കിലും നിഷേധിക്കപ്പെട്ടു.**

ശം. പരിശോധനകൾക്ക് ശേഷം വിലപ്പിടിപ്പുള്ള എല്ലാ വസ്തുക്കളുടെയും കണക്കെടുത്ത് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്.

സ്വർണ കവർച്ചയ്ക്ക് പിന്നിൽ ആസൂത്രിത ഗൂഢാലോചനയുണ്ടെന്ന് സ്ഥിരീകരിക്കപ്പെട്ട സാഹചര്യത്തിൽ ഹൈക്കോടതി നിയോഗിച്ച പ്രത്യേക സംഘം (എസ്.ഐ.ടി-സ്പെഷൽ ഇൻവെസ്റ്റിഗേഷൻ ടീം) അനൗദ്യോഗിക അന്വേഷണം ആരംഭിച്ചു. അന്വേഷണ സംഘത്തിലെ രണ്ട് എസ്.ഐമാർ തിരുനന്തപുരത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത് എത്തി വിജിലൻസ് എസ്.പിയുമായി കൂടിക്കാഴ്ച നടത്തി. ദേവസ്വം വിജിലൻസിന്റെ അന്തിമ റിപ്പോർട്ട് ഹൈക്കോടതിയിൽ നാളെ, വെള്ളിയാഴ്ച സമർപ്പിക്കപ്പെട്ടതിന് ശേഷമായിരിക്കും പ്രത്യേക അന്വേഷണ സംഘം ഔദ്യോഗികമായി അന്വേഷണം തുടങ്ങുക. ശബരിമലയിൽ സംഭവിച്ചത് സ്വർണ കവർച്ചയാണെന്നും ഇതിൽ വൻ ഗൂഢാലോചന നടന്നുവെന്നും ദേവസ്വം വിജിലൻസ് പറയുന്നു.

2019-ൽ ദ്വാരപാലക ശിൽപപാളികൾ കൊണ്ടുപോയതിലെ ചട്ടലംഘനങ്ങൾ, സ്വർണമോ ചെമ്പോ എന്നതിലെ വ്യക്തതയില്ലായ്മ, തൂക്കത്തിലെ വ്യത്യാസം എന്നിങ്ങനെ നിരവധി ചോദ്യങ്ങൾക്ക് മറുപടി പറയാൻ സർക്കാരിനോ ദേവസ്വം ബോർഡിനോ കഴിഞ്ഞിട്ടില്ല. അഥവാ അവർ കാര്യങ്ങൾ മറച്ചു വയ്ക്കുന്നുവെന്നാണ് മനസിലാക്കേണ്ടത്. തട്ടിപ്പ് നടക്കുന്ന സമയത്ത് ശബരിമല എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന മുരാരി ബാബു നടത്തിയ കത്തിടപാടുകളിലും ഫയലുകളിലും ദേവസ്വം മഹസറിലുമൊക്കെ വലിയ ദുരൂഹതയുണ്ട്. പാളികൾ 'ചെമ്പ് തകിട്' എന്ന് രേഖയുണ്ടാക്കി. അവ എടുത്തപ്പോഴും തിരികെ വച്ചപ്പോഴും ദേവസ്വം വിജിലൻസിന്റെ സാന്നിധ്യം ഉണ്ടായിരുന്നില്ല. തിരികെ വച്ചപ്പോൾ തൂക്കം നോക്കിയില്ല. കൊള്ളയ്ക്ക് പിന്നിലെ ആസൂത്രിത ഗൂഢാലോചന വ്യക്തമാക്കുന്നതാണ് ഈ നടപടികൾ.

വിജയ് മല്യ 1999-ൽ ഒന്നര കിലോഗ്രാം സ്വർണം പൊതിഞ്ഞ ദ്വാരപാലക ശിൽപത്തിന്റെ പാളികൾ 2019-ൽ ചെമ്പ് പാളിയെന്നു മഹസറിൽ രേഖപ്പെടുത്തി തട്ടിപ്പിനു കളമൊരുക്കിയ മുരാരി ബാബു ഇപ്പോൾ സസ്പെൻഷനിലാണ്. തട്ടിപ്പു നടന്ന 2019-ൽ പുതിയതായി സ്ഥാപിച്ച പാളികളിൽ 397 ഗ്രാം സ്വർണം മാത്രമാണ് പൂശിയിരുന്നത്. 4 വർഷത്തിനു ശേഷം 2023-ൽ പാളിക്ക് അറ്റകുറ്റ പണി വേണമെന്ന് പറഞ്ഞ് വീണ്ടും ഇളക്കിയെടുത്തു കൊണ്ടുപോകാൻ ശ്രമിച്ചു. ഉണ്ണിക്കൃഷ്ണൻ പോറ്റിയാണ് ഇതിനു പിന്നിലെ ചരടു വലി നടത്തിയത്. 2024 ഒക്ടോബർ 10-ന് മുരാരി ബാബു സ്മാർട് ക്രിയേഷൻസിന് അയച്ച കത്തിൽ ശിൽപത്തിലെ 'ചെമ്പ്' പാളികളുടെ അറ്റകുറ്റപ്പണി നടത്തി സ്വർണം പൂശണമെന്നാണ് ആവശ്യപ്പെട്ടത്. അവരുടെ മറുപടിയിൽ ഇക്കാര്യം വ്യക്തമാക്കുന്നു.

സ്വർണം പൂശിയതിന്റെ 40 വർഷത്തെ വാറന്റി ഉണ്ണിക്കൃഷ്ണൻ പോറ്റിയുടെ പേരിലാണെന്നു ചൂണ്ടിക്കാട്ടിയാണ് ഇയാളുടെ പക്കൽ പാളികൾ കൊടുത്തുവിടാൻ മുരാരി ബാബു നിർബന്ധം പിടിച്ചത്. ഇതിനായി മുരാരി ബാബുവും ഉണ്ണികൃഷ്ണൻ പോറ്റിയും ദേവസ്വം ബോർഡിനോട് അനുമതി തേടിയെങ്കിലും നിഷേധിക്കപ്പെട്ടു. എന്നാൽ ഇക്കഴിഞ്ഞ സെപ്റ്റംബറിൽ പാളികൾ ഇളക്കിയെടുത്ത് ഉദ്യോഗസ്ഥർ മുഖേന ചെന്നൈയിയെ സ്മാർട്ട് ക്രിയേഷൻസിൽ രണ്ടാമതും സ്വർണം പൂശാൻ എത്തിക്കുകയായിരുന്നു. ഹൈക്കോടതി നിയോഗിച്ച സ്പെഷൽ കമ്മിഷണറെ അറിയിക്കാതെയായിരുന്നു ദ്രുതഗതിയിലുള്ള ഈ കള്ളത്തരം. കമ്മിഷണർ ഹൈക്കോടതിയെ വിവരം ധരിപ്പിച്ചതോടെയാണ് വൻ കൊള്ളയുടെ ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ പുറം ലോകം അറിയുന്നത്.

ഇതിനിടെ തിരുവനന്തപുരത്തു മടങ്ങിയെത്തിയ ഉണ്ണികൃഷ്ണൻ പോറ്റി സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയതുൾപ്പടെയുള്ള യാത്രാ വിവരങ്ങൾ പ്രത്യേക അന്വേഷണ സംഘം ശേഖരിച്ചു തുടങ്ങിയിട്ടുണ്ട്. അറസ്റ്റിനോടടുക്കുമ്പോൾ പലർക്കും ഇല്ലാത്ത തലകറക്കവും ദേഹാസ്വാസ്ഥ്യവും ഉരുണ്ടുകയറ്റവുമെക്കെ ഉണ്ടവുന്നത് കേരളം എത്ര കണ്ടതാണ്. ഇനിയങ്ങോട്ട് ശബരിമലയിലെ തസ്കര വീരൻമാരുടെ ഇത്തരം നാടകീയ ഷോകൾ രാഷ്ട്രീയ കേരളത്തിൽ അരങ്ങു തകർക്കുന്നത് കണ്ട് രസിക്കാം.

# കോട്ടയം അസോസിയേഷന്റെ സിൽവർ ജൂബിലി ആഘോഷം വർണ്ണാഭമായി




ഫിലാഡൽഫിയ: വടക്കേ അമേരിക്കയിലെ ചരിത്ര സ്മരണകളുറങ്ങുന്ന സഹോദരിക നഗരത്തിന്റെ തിരുമുറ്റത്ത് വച്ച് പ്രമുഖ ചാരിറ്റി സംഘടനയായ

കോട്ടയം അസോസിയേ



ഷന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾ പ്രവർത്തന മികവുകൊണ്ടും സംഘടനാ പാടവം കൊണ്ടും മറ്റൊരു പൊൻതൂവൽ കൂടി ചാർത്തുകയുണ്ടായി

തിരിതെളിയിച്ചു പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും തുടർന്ന് മൗനപ്രാർത്ഥനയോടുകൂടി ആരംഭിച്ചു ചാരിറ്റി പ്രവർത്തനങ്ങൾ മുൻനിർത്തി മറ്റു സംഘടനകൾക്ക് പോലും മാതൃകയായി സമൂഹത്തിൽ സജീവമായിരിക്കുന്ന കോട്ടയം അസോസിയേഷന്റെ പ്രവർത്തനങ്ങളെ വിവിധ ഇടങ്ങളിലെ സാമൂഹിക സാംസ്കാരിക നേതാക്കന്മാർ വളരെയധികം സ്ലാഹിച്ചു സാംസ്കാരികയുണ്ടായി. മിയ ബോബ് അമേരിക്കൻ ദേശീയഗാനവും ഇങ്ങിത ബോബ് ഇന്ത്യൻ ദേശീയ ഗാനവും ആലപിക്കയുണ്ടായി സമൂഹത്തിൽ ഉണ്ടാകുന്ന ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്ന സംഘടനകളെ മാത്രമേ ജനങ്ങൾ അംഗീകരിക്കുകയുള്ളൂ എന്നും അതിലുംപരിയായി മികച്ച പ്രവർത്തങ്ങൾ കാഴ്ച വയ്ക്കുന്ന സംഘടനകൾ മാത്രമേ സമൂഹത്തിൽ നിലനിൽക്കുകയുള്ളു എന്നും സംഘടനകളുടെ സമൂഹത്തിലെ പ്രവർത്തങ്ങളാണ് ജനങ്ങൾ അംഗീകരിക്കുന്നതെന്നും അല്ലാത്ത സംഘടനകൾ സമൂഹത്തിൽ തിരസ്കരിക്കപ്പെടുമെന്നും ശക്തമായ നവമാധ്യമ




ങ്ങളുടെ കടന്നുവരവോടുകൂടി സംഘടനാ പ്രവർത്തങ്ങൾ വളരെയധികം സുതാര്യമായെന്നും സണ്ണി കിഴക്കേമുറി (പ്രസിഡന്റ് കോട്ടയം അസോസിയേഷൻ) അധ്യക്ഷ പ്രസംഗത്തിൽ പറയുകയുണ്ടായി

വ്യത്യസ്തവും നൂതനവുമായ പുതിയ പാതയിലൂടെ സഞ്ചരിച്ചു ചാരിറ്റി പ്രവർത്തങ്ങൾ നടത്തിവരുന്ന കോട്ടയം അസോസിയേഷന്റെ പ്രവർത്തന പന്ഥാവിലെ നാഴികക്കല്ലായ ഈ അസുലഭ വേളയിൽ ചരിത്ര മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് നടത്തുന്ന ഈ സിൽവർ ജൂബിലി ആഘോഷം വേറിട്ടൊരനുഭവം ആക്കി മാറ്റുവാൻ തക്കവണ്ണം സാധിച്ചു എന്ന് ജോബി ജോർജ് (കൺവീനർ സിൽവർ ജൂബിലി) പറയുകയുണ്ടായി .

സിൽവർ ജൂബിലിയുടെ മുഖ്യ അതിഥിയായി എത്തിയ പ്രൊഫ. സാം പനംകുന്നേൽ സാമൂഹിക പ്രസക്തിയുള്ള ചെറുകഥയിലൂടെ കോട്ടയം പട്ടണവുമായിട്ടുള്ള തന്റെ കഴിഞ്ഞകാല ബന്ധങ്ങളെ കുറിച്ച് പരാമർശിക്കുകയും കൂടാതെ കോട്ടയം എന്ന ദേശത്തിനു കോട്ടയം എന്ന പേര് ലഭിച്ചതിനെക്കുറിച്ചു ചരിത്രമികവോടുകൂടി അവതരിപ്പിക്കുകയും സംഘടനയുടെ ചാരിറ്റി പ്രവർത്തങ്ങളെ കുറിച്ച് വളരെയധികം ശ്ലാഹിച്ചു സംസാരിക്കുകയും തുടർന്നുള്ള എല്ലാ ചാരിറ്റി പ്രവർത്തങ്ങൾക്കും ആശംസകൾ അർപ്പിക്കുകയും ചെയ്തു

കഴിഞ്ഞകാലങ്ങളിൽ കോട്ടയം അസോസിയേഷൻ




നടത്തിയ ആരോഗ്യവിദ്യാഭാസ ഭവൻ മേഖലകളിലെ ചാരിറ്റി പ്രവർത്തങ്ങളെ കുറിച്ചും കൂടാതെ അമേരിക്കയിലും കേരളത്തിലുമായി നടത്തി വരുന്ന ചാരിറ്റി പ്രവർത്തങ്ങൾ കൂടുതലായി വിപുലീകരിക്കുവാനുമുള്ള ആലോചനയിലുമാണെന്നും ചാരിറ്റി പ്രവർത്തങ്ങൾക്ക് നിർലോഭമായ സഹായ സഹകരണങ്ങൾ നൽകി വരുന്ന വ്യാപാരസ്ഥാപനങ്ങളെയും വ്യക്തികളെയും ഈ അവസരത്തിൽ നന്ദിയോടുകൂടി ഓർക്കുന്നുവെന്നും, സാജൻ വർഗീസ് (കോഓർഡിനേറ്റർ ചാരിറ്റി ) അറിയിക്കുകയുണ്ടായി . കോട്ടയം അസോസിയേഷനിലെ മുഖ്യ പങ്കാളികളായ വനിതാഫോറമിനെ പ്രതിനിധികരിച്ചു സാറ ഐയ്പ്പും ( പ്രസിഡന്റ് വനിതാ ഫോറം) തദവസരത്തിൽ ആശംസകളർപ്പിക്കുകയുണ്ടായി.

കോട്ടയം അസോസിയേഷന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ചു എക്കാലത്തും ഓർമ്മകളിൽ സൂക്ഷിക്കത്തക്കവിധം ഒരുക്കിയിട്ടുള്ള സ്മരണികയുടെ പ്രകാശനം സഞ്ചു സ്കറിയ (ചീഫ് എഡിറ്റർ സൗവനിർ) മുതിർന്ന കമ്മിറ്റി അംഗവും മുൻ പ്രസിഡന്റുമായ ജോ

സഫ് മാണിക്ക് ആദ്യപ്രതി നൽകികൊണ്ട് നിർവഹിക്കുകയും ഈ വർഷത്തെ കോട്ടയം അസോസിയേഷന്റെ ചാരിറ്റി എക്സെല്ലൻസ് അവാർഡ് നൈനാൻ ചാക്കോയ്ക്ക് നൽകി ആദരിക്കുകയും പിന്നീട് സംഘടനയുടെ ആരംഭകാല ഘട്ടം മുതൽ നടത്തിയ പ്രവർത്തങ്ങൾക്ക് സാബു ജേക്കബ്, ജോണ് പി വർക്കി എന്നിവരെ പ്രത്യേക പുരസ്കാരങ്ങൾ നൽകി ആദരിക്കുകയും തുടർന്ന് മലയാള ചലച്ചിത്ര സിനിമ ലോകത്തു അഭിനയവും ഒപ്പം ചലച്ചിത്ര നിർമ്മാണവും നടത്തി വരുന്ന കമ്മിറ്റി അംഗവുമായ ജീമോൻ ജോർജിനെ പ്രത്യേകം ആദരിക്കുകയുണ്ടായി. തുടർന്ന് സ്പോൺസേഴ്സിനെ ആദരിക്കൽ ചടങ്ങും നടത്തുകയുണ്ടായി. ബിനു മാത്യു (ചെയർമാൻ ട്രൈസ്റ്റേറ്റ് കേരള ഫോറം) ജോണ് പണിക്കർ ( പ്രസിഡന്റ് പമ്പ മലയാളി അസോസിയേഷൻ ) ലിജോ ജോർജ് ( സെക്രട്ടറി മാപ്പ് ) ഫിലിപ്പോസ് ചെറിയാൻ ( ഫ്രണ്ട് ഓഫ് തിരുവല്ല) അഭിലാഷ് ജോൺ ( പ്രസിഡന്റ് സിമിയോ) തുടിങ്ങിയവരും ആശംസകൾ അർപ്പിക്കുകയുണ്ടായി. സാബു ജേക്കബ് (ജനറൽ സെക്രട്ടറി) എല്ലാവർക്കും നന്ദി പറയുകയും ജീമോൻ ജോർജ് കുര്യൻ രാജൻ എന്നിവർ എംസിമാരായി പ്രവർത്തിക്കുകയും ഉണ്ടായി തുടർന്ന് ബെന്നി കൊട്ടാരത്തിൽ സാബു പാമ്പാടി എന്നിവരുടെ നേതൃത്വത്തിൽ കലാസന്ധ്യയും അരങ്ങേറുകയുണ്ടായി. വളരെയധികം വ്യത്യസ്തവും ശ്രുതിമധുരവുമായ ഗാനാലാപനത്തിലും നൃത്തങ്ങളിലൂടെയും കാണികളുടെ മുക്തകണ്ഠം പ്രശംസ പിടിച്ചുപറ്റിയ ഡി എച്ച് ഓ ക്രീയേറ്റീവിന്റെ കലാപരിപാടികൾ ഏറെ ആസ്വാദന ജനകമായിരുന്നു.



പ്രവാസികളായി ജീവിക്കുന്ന നമ്മുടെ ഇടയിൽ കോട്ടയവും സമീപ പ്രദേശങ്ങളിലുമുള്ള ധാരാളം വ്യക്തികൾ പങ്കെടുക്കുകയും അതിലൂടെ പലരെയും പരിചയപ്പെടുകയും സൗഹൃദങ്ങൾ പുതുക്കുവാൻ സാധിക്കുകയും ചെയ്യുകയുണ്ടായി എന്നും സിൽവർ ജൂബിലി ആഘോഷവേളയിൽ പങ്കെടുത്ത ധാരളം ആളുകൾ അഭിപ്രായപ്പെടുകയും ഭാവിയിലും ഇതുപോലുള്ള കൂട്ടായ്മകൾക്ക് നേതൃത്വം കൊടുത്തു നടത്തണമെന്ന് പങ്കെടുത്തവർ ഒന്നടങ്കം ആവശ്യപ്പെടുകയുണ്ടായി

ഈ സിൽവർ ജൂബിലി ആഘോഷ മഹാമഹത്തിനു ജോൺ മാത്യു , ജെയിംസ് അന്ത്രയോസ് , ജെയ്സൺ വർഗീസ് മാത്യു ഐയ്പ് എബ്രഹാം ജോസഫ്, വർഗീസ് വർഗീസ് , രാജു കുരുവിള , വർക്കി പൈലോ, സെറിൻ ചെറിയാൻ കുരുവിള എന്നിവരുടെ നേതൃത്വത്തിലുള്ള വിപുലമായ കമ്മിറ്റിയുടെ കൂട്ടായ പ്രവർത്തനത്തിലൂടെയും വിമൻസ് ഫോറത്തിന്റെ സഹകരണത്തിലുമായി ധാരാളം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ സിൽവർ ജൂബിലി ബാങ്കെറ്റ് നൈറ്റ് ഒരു വൻ വിജയമാക്കി തീർക്കുവാൻ സാധിച്ച ചാരിതാർഥ്യത്തോടുകൂടി ആഘോഷരാവിന് തിരശീല വീഴുകയുണ്ടായി. വാർത്ത അയച്ചത് ജീമോൻ ജോർജ് ഫിലാഡൽഫിയ





Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# ചെറുപുഷ്പ മിഷൻ ലീഗ് വാർഷികാഘോഷങ്ങൾ അവിസ്മരണീയമായി



കൊപ്പേൽ (ടെക്സാസ്): വടക്കേ അമേരിക്കയിലെ ചെറുപുഷ്പ മിഷൻ ലീഗിന്റെ (സി.എം.എൽ.) മൂന്നാം വാർഷികാഘോഷങ്ങൾക്ക് അവിസ്മരണീയമായ സമാപ്തി. ചിക്കാഗോ സെന്റ് തോമസ് സിറോ-മലബാർ രൂപതയുടെ രജത ജൂബിലിയോടാനുബന്ധിച്ചു നടത്തിയ ഈ ആഘോഷ പരിപാടികൾക്ക് വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിന്നത്. അമേരിക്കയിലെ ടെക്സാസ് സംസ്ഥാനത്തുള്ള കൊപ്പേൽ സെന്റ് അൽഫോൻസാ സിറോ-മലബാർ കത്തോലിക്കാ ഇടവക പരിപാടികൾക്ക് ആതിഥേയത്വം വഹിച്ചു.

മിഷൻ ലീഗിലെ പ്രവർത്തനത്തിലൂടെ നല്ല പ്രേഷിതരായി മാറുവാൻ ഏവർക്കും സാധിക്കട്ടെയെന്നു ചിക്കാഗോ രൂപതാ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് ആഹ്വാനം ചെയ്തു. മിഷൻ ലീഗിന്റെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. തിരുസഭയിലെ വിവിധ വിശുദ്ധരെ കൂടുതൽ അടുത്തറിയണമെന്നും അവരുടെ ജീവിത മാതൃക ഏവർക്കും പ്രചോദനമാകുമെന്നും ബിഷപ്പ് ഓർമിപ്പിച്ചു.



ചെറുപുഷ്പ മിഷൻ ലീഗ് ചിക്കാഗോ രൂപതാ പ്രസിഡന്റ് സിജോയ് സിറിയക് പറപ്പള്ളിൽ അധ്യക്ഷത വഹിച്ചു. ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് അനുഗ്രഹ പ്രഭാഷണവും മിഷൻ ലീഗ് അന്തർദേശീയ ഡയറക്ടർ ഫാ. ജെയിംസ് പുന്നപ്ലാക്കിൽ മുഖ്യപ്രഭാഷണവും നടത്തി. മിഷൻ ലീഗ് രൂപതാ ഡയറക്ടർ റവ. ഡോ. ജോർജ് ദാനവേലിൽ, ജനറൽ സെക്രട്ടറി ടിസൺ തോമസ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ, കൊപ്പേൽ ഇടവക വികാരി ഫാ. മാത്യൂസ് മുഞ്ഞനാട്ട്, കൊപ്പേൽ യൂണിറ്റ് പ്രസിഡന്റ് ലില്ലിയൺ സംഗീത്, കോർഡിനേറ്റർമാരായ ആൻ റ്റോമി, റോസ്മേരി ആലപ്പാട്ട് എന്നിവർ പ്രസംഗിച്ചു.

അന്നേദിവസം രാവിലെ 9.45ന് ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്, മിഷൻ ലീഗ് രൂപതാ പ്രസിഡന്റ് സിജോയ് പറപ്പള്ളിൽ എന്നിവർ ചേർന്ന് പതാക ഉയർത്തിയതോടുകൂടി പരിപാടികൾക്ക് തുടക്കമായി.



മിഷൻ ലീഗ് അംഗങ്ങൾക്കായി നടന്ന സെമിനാറിൽ രൂപതാ ജോയിൻറ് ഡയറക്ടർ സിസ്റ്റർ ആഗ്നസ് മരിയ എം.എസ്.എം.ഐ., ഫാ. ഡായി കുന്നത്ത് എന്നിവരുടെ നേതൃത്വത്തിലുള്ള യുവജന ടീം ക്ളാസ്സുകൾ നയിച്ചു .

തുടർന്ന് നടന്ന വിശുദ്ധ കുർബാനയിൽ ചിക്കാഗോ രൂപതാ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് മുഖ്യകാർമികത്വം വഹിച്ചു. ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്തും വിവിധ ഇടവകളിൽ നിന്നുമുള്ള വൈദികരും സഹകാർമ്മികരായി.



ആവേശഭരിതമായി മാറിയ പ്രേഷിത റാലി

മിഷൻ ലീഗിന്റെ വാർഷികത്തിന്റെ ഭാഗമായി ഉച്ചകഴിഞ്ഞു നടന്ന വർണാശബളമായ പ്രേഷിത റാലി ആവേശഭരിതമായി. ടെക്സാസ്, ഒക്കലഹോമ സംസ്ഥാനങ്ങളിലെ വിവിധ ഇടവകളിൽ നിന്നുള്ള കുട്ടികളും മുതിർന്നവരുമടക്കം ആയിരത്തോളം പേർ തങ്ങളുടെ ഇടവകകളുടെ ബാനറുകൾക്ക് പിന്നിൽ അണിചേർന്നു. ഏറ്റവും മുന്നിലായി മിഷൻ ലീഗ് രൂപത ഭാരവാഹികളും ബിഷപ്പുമാരും റാലി നയിച്ചു. മിഷൻ ലീഗിന്റെ ചെമഞ്ഞ പതാകകളുമേന്തി, സ്നേഹം, ത്യാഗം, സേവനം, സഹനം എന്നീ മുദ്രാവാക്യങ്ങളുമായി നീങ്ങിയ റാലി കുട്ടികളേയും മുതിന്നവരെയും ഒരേ പോലെ ആവേശഭരിതരാക്കി. വിവിധ വിശുദ്ധരുടെ വേഷങ്ങളണിഞ്ഞ കുട്ടി വിശുദ്ധരും, ഫ്ലോട്ടുകളും, വാദ്യ മേളങ്ങളും റാലിക്ക് കൊഴുപ്പേകി.



മിഷൻ ലീഗ് അമേരിക്കയിൽ



സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെയും പി.സി എബ്രഹാം എന്ന കുഞ്ഞേട്ടന്റെയും നേതൃത്വത്തിൽ കേരളത്തിലെ ഭരണങ്ങാനത്ത് ആരംഭിച്ച മുന്നേറ്റമാണ് ചെറുപുഷ്പ മിഷൻ ലീഗ്. 1947 ഒക്ടോബർ മൂന്നിന് ബിഷപ്പ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്ത ഈ സംഘടന വർഷങ്ങൾക്കു മുൻപുതന്നെ അമേരിക്കയിലെ വിവിധ ഇടവകളിൽ പ്രവർത്തനമാരംഭിച്ചു.



ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് മൂന്ന് വർഷം മുൻപാണ് ചിക്കാഗോ രൂപതാതലത്തിൽ സംഘടന ഉദ്ഘാടനം ചെയ്യുന്നത്. ചിക്കാഗോ രൂപതയിലെ എല്ലാ ഇടവകകളിലും മിഷനുകളിലും തന്നെ സംഘടനയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും വൈവിധ്യമാർന്ന വിവിധ പരിപാടികൾ യൂണിറ്റ് തലത്തിലും രൂപതാ തലത്തിലും സംഘടിപ്പിച്ചു വരുന്നു.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# പയനിയർ ക്ലബ് ഓഫ് കേരളൈറ്റ്സ് ഇൻ നോർത്ത് അമേരിക്ക അവാർഡ് വിജയികൾ






**1) റവ. വിൽസൺ ജോസ്:** ചെങ്ങന്നൂരുള്ള ബുധനൂരിൽ ജനിച്ച റവ. വിൽസൺ ജോസ്, ഫാത്തിമ മാതാ നാഷണൽ കോളേജ് ഓഫ് കേരള യൂണിവേഴ്സിറ്റിയിലെ കോളേജ് വിദ്യാഭ്യാസത്തിന് ശേഷം 1974 ൽ ഉപരിപഠനത്തിനും ശുശ്രൂഷാ പ്രവർത്തനങ്ങൾക്കുമായാണ് അമേരിക്കയിൽ എത്തിയത്. തുടർന്ന് ചർച്ച് ഓഫ് ക്രൈസ്റ്റ് ബൈബിൾ കോളേജിൽ ചേരുകയും ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടുകയും ചെയ്തു. റവ. വിൽസൺ ജോസ് കഴിഞ്ഞ അമ്പത്തിമൂന്ന് വർഷമായി

മുഴുവൻ സമയ ക്രിസ്ത്യൻ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുകയാണ്. നിലവിൽ ന്യൂയോർക്കിലെ മിനോളയിലുള്ള ഗ്രേസ് ക്രിസ്ത്യൻ ചർച്ചിന്റെ സീനിയർ പാസ്റ്ററായി സേവനമനുഷ്ഠിക്കുന്നു. റവ. വിൽസൺ 1987 മുതൽ ബ്രൂക്ലിൻ ടീൻ ചലഞ്ചിന്റെ ബോർഡ് അംഗമായും വർഷങ്ങളോളം ഡയറക്ടർ ബോർഡ് ചെയർമാനായും സേവനമനുഷ്ഠിച്ചു, ലഹരിവസ്തുക്കളുടെ ദുരുപയോഗ പുനരധിവാസ ശുശ്രൂഷയിൽ സഹായിച്ചത് ശ്രദ്ധേയമായ സംഭാവനയാണ്. ന്യൂയോർക്ക് അഡൽറ്റ് ആൻഡ് ടീൻ ചലഞ്ചിന്റെ ബോർഡ് അംഗമായും വർഷങ്ങളോളം ഡയറക്ടർ ബോർഡ് ചെയർമാനായും സേവനമനുഷ്ഠിച്ചു. ന്യൂയോർക്കിലെ ഇന്ത്യൻ ക്രിസ്ത്യൻ ഫോറത്തിന്റെ സ്ഥാപക അംഗംകൂടിയാണ്. ഇന്ത്യയിലെ പാർശ്വവൽക്കരിക്കപ്പെട്ടവരും പീഡിപ്പിക്കപ്പെടുന്നവരുമായ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിനുള്ള  സംഘടനയായ ഫെഡറേഷൻ ഓഫ് ഇന്ത്യൻ അമേരിക്കൻ ക്രിസ്ത്യൻ ഓർഗനൈസേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ 2000 മുതൽ സ്ഥാപക അംഗമാണ്. യുഎസിലും ഇന്ത്യയിലും ആസ്ഥാനമായുള്ള വിവിധ ക്രിസ്ത്യൻ ചാരിറ്റികളിലും പ്രവർത്തിക്കുന്നു. റവ. വിൽസൺ ജോസും പത്നി എൽസി ജോസും ന്യൂയോർക്കിലെ ലോംഗ് ഐലൻഡിലെ സിയറിംഗ് ടൗണിലാണ് താമസിക്കുന്നത്.

**2)ആൻ തര്യൻ:** പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിലുള്ള ഇരവിപേരൂർ എന്ന ഗ്രാമത്തിൽ ജനിച്ച ആൻ തര്യൻ, തിരുവല്ലയിൽ നിന്ന് കോളജ് വിദ്യാഭ്യാസവും വടക്കേ ഇന്ത്യയിൽ നിന്ന് നഴ്സിംഗ് വിദ്യാഭ്യാസവും പൂർത്തിയാക്കിയ ശേഷം 1993 ലാണ്  അമേരിക്കയിലേക്ക് കുടിയേറിയത്. ഏതാനും വർഷങ്ങൾ നഴ്സായി ജോലി ചെയ്യുകയും പിന്നീട് ഇൻഷുറൻസ് ആൻഡ് ഫിനാൻഷ്യൽ ഇൻവെസ്റ്റ്മെന്റിൽ ലൈസൻസ് നേടുകയും ചെയ്തു. 1980 കളിൽ, ഒരു സ്വതന്ത്ര ജനറൽ ഇൻഷുറൻസ് ഏജന്റായി ബിസിനസ് ആരംഭിക്കുകയും ട്രാവൽ ടൈഡ് കോർപ്പറേഷൻ എന്ന ലൈസൻസ്ഡ് ട്രാവൽ ഏജൻസി സ്വന്തമാക്കി ഏഴുവർഷത്തോളം പ്രവർത്തിപ്പിക്കുകയും ചെയ്തു. കുറച്ചുകാലം നോർത്ത് വെസ്റ്റേൺ മ്യൂചൽ ലൈഫ് ഇൻഷുറൻസ് കമ്പനിയുടെ ഏജന്റായും ജോലി ചെയ്തു. നിരവധി അവാർഡുകൾ അവർക്ക് ലഭിച്ചിട്ടുണ്ട്.  ജിയോ ഇൻഷുറൻസ് ഏജൻസി ഇൻകോർപ്പറേറ്റഡിന്റെ ഉടമ എന്ന നിലയിൽ (പരേതനായ ഭർത്താവിനൊപ്പം), 2023 മെയ് 31 വരെ 40 വർഷത്തിലേറെയായി ന്യൂയോർക്കിലെ മലയാളി സമൂഹത്തിന് ഇൻഷുറൻസും സാമ്പത്തിക സേവനങ്ങളും നൽകി.  ലൈഫ്, ഓട്ടോ, ഹോം ഇൻഷുറൻസ് പരിരക്ഷാരംഗത്തെ മികവിന് ആൾസ്റ്റേറ്റിൽ നിന്ന് ഒന്നിലധികം തവണ ലൈഫ് മില്യണയർ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഗോൾഡ് അവാർഡുകളും മറ്റ് നിരവധി അഭിമാനകരമായ അവാർഡുകളും നേടിയിട്ടുണ്ട്. ചാരിറ്റി, കമ്മ്യൂണിറ്റി സേവനങ്ങളിൽ സജീവമായി ഏർപ്പെടുകയും കേരളത്തിൽ നഴ്സിംഗ് പഠിക്കുന്ന നിർദ്ധനരായ കുട്ടികളെയും വീടുകൾ നിർമ്മിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. നിരവധി വർഷങ്ങളായി ഭവനരഹിതർക്ക് വീടുകൾ നിർമ്മിക്കുകയും അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഭക്ഷണവും പാർപ്പിടവും നൽകുകയും ചെയ്യുന്ന നിരവധി സംഘടനകളിലും സജീവമാണ്. ബാംഗ്ലൂരിലും കേരളത്തിലുമുള്ള വികലാംഗരായ കുട്ടികളെയും സഹായിച്ചിട്ടുണ്ട്. മകൻ മൈക്കൽ തര്യനൊപ്പം ന്യൂയോർക്കിലെ മാൻഹാസെറ്റിലാണ് താമസം.



**3) തോമസ് തോമസ് പാലത്ര:** ചങ്ങനാശേരിയിലെ തുരുത്തിയിൽ ജനിച്ച തോമസ്, തേവരയിലെ സേക്രഡ് ഹാർട്ട് കോളജിൽ നിന്ന് കോളജ് വിദ്യാഭ്യാസം നേടിയ ശേഷം പ്രൊഡക്ഷൻ മാനേജ്മെന്റ്, സെയിൽസ്, മാർക്കറ്റിംഗ് മാനേജ്മെന്റ്, പ്രൊഡക്ഷൻ മാനേജ്മെന്റ് എന്നിവയിൽ ഡിപ്ലോമ നേടി. തുടർന്ന് കൊച്ചിയിൽ ഒരു ഫാക്ടറി ആരംഭിക്കുകയും അവിടെ  കേരള സർക്കാരിന്റെയും ഗ്രാമീണ ചെറുകിട വ്യവസായങ്ങളുടെയും സഹായത്തോടെ കേരളത്തിലെ



ഭക്ഷ്യ വ്യവസായത്തിൽ വിപ്ലവം സൃഷ്ടിക്കുകയും ചെയ്തു.ആദ്യമായി മെഷീൻ ഉപയോഗിച്ച് ബ്രഡ് നിർമ്മിച്ചതിന് 1972-ൽ കേന്ദ്രസർക്കാരിന്റെ അവാർഡ് നേടി. അദ്ദേഹത്തിന്റെ ഈ നേട്ടം കേന്ദ്ര സർക്കാർ 'എ സ്മോൾ ബിഗിനിംഗ്സ് ചേഞ്ചസ്' എന്ന പേരിൽ 30 മിനിറ്റ് ദൈർഘ്യമുള്ള ഒരു ഡോക്യുമെന്ററി ആക്കി. 14 ഇന്ത്യൻ ഭാഷകളിൽ അത് മൊഴിമാറ്റം ചെയ്ത് സംപ്രേഷണം ചെയ്തു. ഹൈദരാബാദിൽ കേന്ദ്ര സർക്കാരിന്റെ ഫുഡ് ക്രാഫ്റ്റ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ ലക്ചററായി ജോലി ചെയ്യുന്നതിനിടയിൽ, അമേരിക്കയിൽ ഉന്നത പഠനത്തിനായി വിസ ലഭിക്കുകയും 1973 ൽ ന്യൂയോർക്കിൽ എത്തുകയും ചെയ്തു. ന്യൂയോർക്കിലെ പഠനത്തിനിടയിൽ, നിരവധി പഞ്ചനക്ഷത്ര ഹോട്ടലുകളിൽ അദ്ദേഹം ജോലി ചെയ്തിട്ടുണ്ട്. 1974 ൽ ഡെയ്സിയെ വിവാഹം ചെയ്തു. 1985 ൽ ന്യൂയോർക്കിൽ 'ടെമ്പിൾ ഓഫ് മ്യൂസിക് & ആർട്സ്' എന്ന ഗാനമേള ട്രൂപ്പ് രൂപീകരിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ കമ്മ്യൂണിറ്റി ജീവിതം ആരംഭിച്ചത്. ഇന്ത്യ കാത്തലിക് അസോസിയേഷന്റെ സ്ഥാപക അംഗവും നിരവധി തവണ വൈസ് പ്രസിഡന്റും പ്രസിഡന്റുമായി സേവനമനുഷ്ഠിച്ചു. സ്റ്റാറ്റൻ ഐലൻഡ് മലയാളി അസോസിയേഷനിൽ, 6 തവണ പ്രസിഡന്റായി സേവനമനുഷ്ഠിച്ചു. ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷനിൽ ട്രഷററായും പ്രവർത്തിച്ചു. ഇന്ത്യ ഡേ പരേഡ് കമ്മിറ്റിയിൽ, ചെയർമാനായിരിക്കെ പ്രശസ്ത ബോളിവുഡ് താരം രാജ് കപൂറിനെ ന്യൂയോർക്ക് സിറ്റിയിലെ ഇന്ത്യ ഡേ പരേഡിന്റെ അതിഥിയും ചീഫ് മാർഷലുമായി സ്പോൺസർ ചെയ്യാനും കൊണ്ടുവരാനും അദ്ദേഹത്തിന് കഴിഞ്ഞു. ഗ്രേറ്റർ ന്യൂയോർക്കിലെ കേരള സമാജത്തിൽ, ബോർഡ് ഓഫ് ട്രസ്റ്റി ആയിരുന്നു. ഫൊക്കാനയുടെ ആദ്യ ട്രസ്റ്റിയായും പ്രവർത്തിച്ചു.വേൾഡ് മലയാളി കൗൺസിലിന്റെ(ഡബ്ലിയുഎംസി) സ്ഥാപക അംഗങ്ങളിൽ ഒരാളാണ്. അതിന്റെ വൈസ് ചെയർമാനായും സേവനമനുഷ്ഠിച്ചു. ഡബ്ലിയുഎംസി വഴി അദ്ദേഹം ഇന്ത്യയുടെ മുൻ ചീഫ് ഇലക്ഷൻ കമ്മീഷണറായിരുന്ന ടി.എൻ. ശേഷന്റെ അടുത്ത സുഹൃത്തായി മാറി. ആ സൗഹൃദവും ആത്മബന്ധവും അദ്ദേഹത്തിന്റെ ജീവിതാവസാനം വരെ നീണ്ടുനിന്നു.

കേരളത്തിൽ ആബേൽ അച്ചൻ നടത്തിയിരുന്ന കലാഭവന്റെ സ്ഥാപക അംഗങ്ങളിൽ ഒരാളാണ്. എൻഎ ഇൻകോർപ്പറേറ്റഡിലെ പയനിയർ ക്ലബ് ഓഫ് കേരളൈറ്റ്സിന്റെ വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു. ഗാനമേള ട്രൂപ്പുകളെയും കലാഭവനെയും, ജോളി എബ്രഹാം & ട്രൂപ്പ്, കൊച്ചിൻ ആർട്സ് & കമ്മ്യൂണിക്കേഷൻസ്, പല്ലവി, കെ.ആർ. രമേശ് & ഗ്രൂപ്പ് തുടങ്ങിയ ട്രൂപ്പുകളെയും അദ്ദേഹം സ്പോൺസർ ചെയ്യുകയും അമേരിക്കയിൽ കൊണ്ടുവരികയും ചെയ്തു. ചെമ്മീൻ ഇംപോർട്ടറായിരുന്ന അദ്ദേഹം ഡെയ്സീസ് ട്രോഫി വേൾഡിന്റെയും രണ്ട് ഫാസ്റ്റ് ഫുഡ് റെസ്റ്റോറന്റുകളുടെയും ഉടമസ്ഥനും നടത്തിപ്പുകാരനുമായിരുന്നു. ഭവനരഹിതർക്കുള്ള വീട്, ദരിദ്രർക്കുള്ള വിദ്യാഭ്യാസ സഹായം, വിവാഹ സഹായം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരിൽ അമേരിക്കൻ മലയാളികൾക്ക് അദ്ദേഹം സുപരിചിതനാണ്. തോമസും ഭാര്യ ഡെയ്സിയും ന്യൂയോർക്കിലെ സ്റ്റാറ്റൻ ഐലൻഡിലാണ് താമസിക്കുന്നത്.

**4) പാറ്റൻമരെത്ത് മാത്യു :** പാറ്റ് എന്ന പേരിലാണ് അറിയപ്പെടുന്നത്. അടൂരിൽ ജനിച്ച അദ്ദേഹം, കൊല്ലത്തുള്ള ഫാത്തിമ മാതാ നാഷണൽ കോളേജിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി. ബോംബെയിൽ നേവൽ ഡോക്ക്‌യാർഡിൽ കരിയർ ആരംഭിച്ച അദ്ദേഹം 1972 ൽ അമേരിക്കയിലേക്ക് കുടിയേറി. വാൾ സ്ട്രീറ്റിലെ മെറിൽ ലിഞ്ചിലാണ് തുടക്കം. ന്യൂയോർക്കിലെ ജോൺ ഹാൻകോക്ക് മ്യൂചൽ ഫണ്ടുകളിൽ നിന്ന് വിരമിച്ചു. ലൈസൻസുള്ള റിയൽ എസ്റ്റേറ്റ് ഏജന്റ് കൂടിയാണ് അദ്ദേഹം. ഭവനരഹിതർക്കുള്ള വീട്, വിവാഹ സഹായം, ദരിദ്രരായ കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായം തുടങ്ങി നിരവധി



ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ തൊഴിൽരഹിതരായ യുവാക്കൾക്ക് ജോലി കണ്ടെത്താനും ന്യൂയോർക്ക് നഗരത്തിൽ അവരുടെ കരിയർ കെട്ടിപ്പടുക്കാനും സഹായിച്ചിട്ടുണ്ട്. എക്കോ, പയനിയർ ക്ലബ് ഓഫ് കേരളൈറ്റ്സ്, ഗുഡ്‌വിൽ ഫ്രണ്ട്സ് ക്ലബ് മുതലായവയിലെ അംഗമാണ്. ഭാര്യ സൂസൻ മാത്യുവിനൊപ്പം ന്യൂയോർക്കിലെ ന്യൂ ഹൈഡ് പാർക്കിലാണ് താമസം. മകൻ റോബിനും കുടുംബവും ന്യൂജേഴ്സിയിലും മകൾ റെനിയും കുടുംബം ടെക്സസിലെ ഫ്രെസ്കോയിലും താമസിക്കുന്നു.

**5) കുന്നുപറമ്പിൽ പി. ആൻഡ്രൂസ്:** കോട്ടയത്തെ ചിങ്ങവനത്ത് ജനിച്ച ആൻഡ്രൂസ്, കോട്ടയത്ത് നിന്ന് അടിസ്ഥാന വിദ്യാഭ്യാസം നേടിയ ശേഷം, ലാൻഡ് സർവേയിൽ ബിരുദം കരസ്ഥമാക്കി. ബോംബെയിലെ നേവൽ ഡോക്ക്യാർഡിൽ നിന്ന് നേവൽ ആർക്കിടെക്റ്റിൽ അസോസിയേറ്റ് ബിരുദവും, ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഇന്ത്യയിൽ നിന്ന് സ്റ്റുഡന്റ്ഷിപ്പ് സർട്ടിഫിക്കറ്റും നേടിയിട്ടുണ്ട്. ന്യൂഡൽഹിയിലെ ഡയറക്ടറേറ്റ് ഓഫ് നേവൽ ഡിസൈനിൽ നേവൽ ആർക്കിടെക്റ്റായി



ജോലി ചെയ്ത അദ്ദേഹം 1975 ൽ അമേരിക്കയിലേക്ക് കുടിയേറി. 1979 ൽ ന്യൂയോർക്ക് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡിപ്ലോമയും 1998 ൽ ന്യൂയോർക്കിലെ നസ്സാവു കമ്മ്യൂണിറ്റി കോളേജിൽ നിന്ന് അപ്ലൈഡ് സയൻസിൽ (റെസ്പിറേറ്ററി തെറാപ്പി) അസോസിയേറ്റ് ബിരുദവും നേടി. ന്യൂയോർക്കിലെ ബ്രൂക്ലിനിലെ റിച്ചാർഡ് ആർ. ടാബുലറിൽ ജോലി ചെയ്യുകയും 1981 മുതൽ 2008 വരെ ന്യൂയോർക്കിലെ നാസോ കൗണ്ടി മെഡിക്കൽ സെന്ററിൽ റെസ്പിറേറ്ററി തെറാപ്പിസ്റ്റായി സേവനമനുഷ്ഠിക്കുകയും ചെയ്തു.

എക്കോ, കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക, ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ ഇൻ നോർത്ത് അമേരിക്ക (ഫൊക്കാന), ക്നാനായ കമ്മ്യൂണിറ്റി (സെന്റ് ഇഗ്നേഷ്യസ് ചർച്ച്, യോങ്കേഴ്സ്, പിന്നീട് സെന്റ് പീറ്റേഴ്സ് ചർച്ച് ആയി മാറി), ക്നാനായ കമ്മ്യൂണിറ്റി സെന്റർ ഓഫ് നോർത്ത് അമേരിക്ക, ഓർത്തഡോക്സ് ക്നാനായ ചർച്ച്, ലോംഗ് ഐലൻഡ്, ന്യൂയോർക്ക്. വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ, ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ തുടങ്ങിയവയിൽ അംഗമാണ്, മേൽപറഞ്ഞ എല്ലാ സംഘടനകളിലും വിവിധ പ്രധാന സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. അമേരിക്കയിലെ കേരളീയർ (കമ്മ്യൂണിറ്റി റഫറൻസ് പുസ്തകം), മലയാളം പഠിക്കാനുള്ള പാഠപുസ്തകം, പുത്തൻപുരക്കൽ കുടുംബം എന്നിവ പ്രസിദ്ധീകരിച്ചു.

കുന്നുപ്പറമ്പിൽ ഫൗണ്ടേഷന്റെ സ്ഥാപകനും ചെയർമാനുമാണ്.

കേരള റിസർച്ച് ആൻഡ് മാർക്കറ്റിംഗ് സർവീസ്, ഇൻകോർപ്പറേറ്റഡിന്റെ പ്രസിഡന്റ്, ഏഷ്യ ബുക്ക് മാർക്കറ്റിംഗ് സർവീസിന്റെ ഡയറക്ടർ എന്നീ നിലകളിലും പ്രവർത്തിച്ചു.

കേരള കൾച്ചറൽ അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയിൽ നിന്ന് വിവിധ കമ്മ്യൂണിറ്റി റെക്കഗ്നിഷൻ അവാർഡുകൾ, ഏർലി സെറ്റിൽറ്റർ റെക്കഗ്നിഷൻ അവാർഡ്, നോർത്ത് അമേരിക്കൻ ക്നാനായ കമ്മ്യൂണിറ്റി സർവീസ്

അവാർഡ്, നാസോ യൂണിവേഴ്സിറ്റി മെഡിക്കൽ സെന്റർ പ്രിൻസിപ്പൽ സർവീസ് അവാർഡ്, ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് ന്യൂയോർക്ക് എക്സലന്റ് കമ്മ്യൂണിറ്റി സർവീസ് അവാർഡ്, വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയന്റെ ഭാഷാ മിത്ര അവാർഡ് തുടങ്ങിയവയും ആൻഡ്രൂസിന് ലഭിച്ചു. ഭാര്യ ശോശാമ്മ ആൻഡ്രൂസിനൊപ്പം ലോംഗ് ഐലൻഡിലെ ന്യൂ ഹൈഡ് പാർക്കിലാണ് അദ്ദേഹം താമസിക്കുന്നത്.

**6) ശ്രീമതി തെരേസ സെബാസ്റ്റ്യൻ:** തൊടുപുഴയിലെ കരിമണ്ണൂരിൽ ജനിച്ച തെരേസ സെബാസ്റ്റ്യൻ, അവിടെ നിന്നുള്ള അടിസ്ഥാന വിദ്യാഭ്യാസത്തിന് ശേഷം നഴ്സിംഗ് വിദ്യാഭ്യാസത്തിനായിന്യൂഡൽഹിയിലേക്ക്പോയി. ഇർവിൻ ആശുപത്രിയിൽ നിന്ന് നഴ്സിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം 1971 ൽ അമേരിക്കയിലേക്ക് കുടിയേറി. ലോംഗ് ഐലൻഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ എം.എസ് സി. ബിരുദവും പൂർത്തിയാക്കി. ന്യൂയോർക്കിലെ വിവിധ ആശുപത്രികളിൽ സ്റ്റാഫ് നഴ്സ്, നഴ്സിംഗ് സൂപ്പർവൈസർ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എന്നീ നിലകളിൽ ജോലി ചെയ്തു. ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റാണ്. 7 വർഷം സംഘടനയുടെ പ്രസിഡന്റായി തുടർന്നു. ന്യൂയോർക്ക്, ന്യൂജേഴ്സി, മേരിലാൻഡ്, ടെക്സസ് തുടങ്ങിയ സ്ഥലങ്ങളിൽ നഴ്സിംഗ് ചാപ്റ്ററുകൾ തുറക്കുന്നതിനും സഹായിച്ചു. ന്യൂയോർക്ക് സ്റ്റേറ്റ് ബോർഡ് ഓഫ് എഡ്യൂക്കേഷന്റെ ബോർഡ് അംഗമായി ഏകദേശം 19 വർഷം പ്രവർത്തിച്ചു.



ഭവനരഹിതർക്കുള്ള വീട്, വിദ്യാഭ്യാസസഹായം, വിവാഹ സഹായം തുടങ്ങിയ ചാരിറ്റി പ്രവർത്തനങ്ങൾ സംഘടനകൾ വഴിയും വ്യക്തിഗതമായും ഉദാരമായി സംഭാവന നൽകുന്നുണ്ട്. നിരവധികുടുംബങ്ങൾക്ക്അമേരിക്കയിലേക്ക്കുടിയേറുന്നതിനും സ്ഥിരതാമസമാക്കുന്നതിനും വേണ്ടിയും അവരെ സ്പോൺസർ ചെയ്യാൻ സഹായിക്കാനും തെരേസ മുൻകൈയെടുത്തുവെന്നത് ശ്രദ്ധേയമാണ്. തൊഴിൽ കണ്ടെത്തുന്നതുൾപ്പെടെ, പ്രാരംഭ ഘട്ടത്തിൽ പലരെയും സാമ്പത്തികമായി സഹായിച്ചു. റിപ്പബ്ലിക്കൻ പാർട്ടിയെ പ്രതിനിധീകരിച്ച് ന്യൂയോർക്ക് സിറ്റി കൗൺസിൽ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായിരുന്നു. എക്കോ, പയനിയർ ക്ലബ് ഓഫ് കേരളൈറ്റ്സ്, കേരള സെന്റർ, കെസിഎഎൻഎ തുടങ്ങിയ സംഘടനകളിലെ അംഗമാണ്. 1മകനും 2 പെൺമക്കളുമുണ്ട്, മക്കളും മരുമക്കളും മെഡിക്കൽ ഡോക്ടർമാരാണ്; ഇപ്പോൾ കുടുംബത്തോടൊപ്പം വൈറ്റ് പ്ലെയിൻസിലാണ് താമസം.

**7) ജോൺ പോൾ പഴുങ്കർ:** തൃശ്ശൂരിലെ ചാലക്കുടിയിൽ ജനിച്ചു. ബോംബെയിലുള്ള സെന്റ് മേരീസ് കലിനയിലും ചെന്നൈയിലും അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് മദ്രാസ് ഐ ഗുണ്ടിയിൽ വെൽഡർ, മെഷീനിസ്റ്റ്, ബ്ലൂപ്രിന്റ് ടെക്നീഷ്യൻ, ടൂൾ ആൻഡ് ഡൈ മേക്കിംഗ് ഡിസൈൻ, മെഷീൻ ഫാബ്രിക്കേഷൻ തുടങ്ങിയ മേഖലകളിൽ സാങ്കേതിക പഠനം പൂർത്തിയാക്കി. അതിനുശേഷം അശോക് ലെയ്ലാൻഡ് മോട്ടോഴ്സ്, പാറ്റേൺ ഹോപ്പ് ഫോർമാൻ, ഡെവലപ്മെന്റ് എഞ്ചിനീയർ, വർക്ക്സ് സൂപ്രണ്ട്, ടൂളിംഗ് എക്സിക്യൂട്ടീവ്, മെസ്സേഴ്സ് എം.എം. സൂരി



യിൽ കൺസൾട്ടിംഗ് എഞ്ചിനീയർ, ന്യൂ ഡൽഹിയിലെ നെഹ്റു പ്ലേസിൽ അസോസിയേറ്റ്സ് തുടങ്ങി നിരവധി പ്രശസ്ത ഓട്ടോമോട്ടീവ് വ്യവസായത്തിലും ഇരുചക്ര വാഹന വ്യവസായത്തിലും പ്രവർത്തിച്ചു. വെസ്പ, ബജാജ്, ലാംബ്രെറ്റ, ബുള്ളറ്റ് എഞ്ചിൻ, രാജ്ദൂത്, എസ്കോർട്ട്സ് ലിമിറ്റഡ്, ജാവ, രാജസ്ഥാൻ സ്കൂട്ടറുകൾ എന്നിവയ്ക്കായി അദ്ദേഹം പാർട്സ് വികസിപ്പിച്ചെടുത്തു. ഐ.എൻ.എസ് വിക്രാന്ത്, ഇന്ത്യൻ നേവി ഗൺ ഷിപ്പ്, എർത്ത് മൂവർ (കോലാർ ഗോൾഡ് ഫീൽഡ്) എന്നിവയ്ക്കുള്ള പാർട്സും നിർമ്മിച്ചു. ഇമ്മേഴ്സിബിൾ പമ്പുകൾക്കുള്ള പാർട്സും നിർമ്മിച്ചു. ഇൻവെസ്റ്റ്മെന്റ് കാസ്റ്റിംഗ് ടെക്നോളജിയിൽ അദ്ദേഹത്തിന് പ്രത്യേക സർട്ടിഫിക്കേഷനുണ്ട്. ന്യൂ ഡൽഹിയിൽ മൈക്രോമെറ്റൽ ഇൻഡസ്ട്രി എന്ന പേരിൽ സ്വന്തമായി ഒരു കമ്പനി ആരംഭിക്കുകയും അത് വിൽക്കുകയും ചെയ്തശേഷമാണ് അമേരിക്കയിലേക്ക് കുടിയേറിയത്. 1984ൽ ന്യൂയോർക്കിൽ എത്തി. താമസിയാതെ മെസ്സേഴ്സ് സ്റ്റെയിൻവേ ആൻഡ് സൺസ് അസ്റ്റോറിയയിൽ ടൂൾ മെഷീനിസ്റ്റായി ജോലി ചെയ്യാൻ തുടങ്ങി, അവിടെ വർഷങ്ങളോളം സേവനമനുഷ്ഠിച്ചു. പിന്നീട് യുഎസ് ആർമി, നേവി, പോലീസ് ഡിപ്പാർട്ട്മെന്റുകൾക്കായി ഇൻസിഗ്നിയകൾ വികസിപ്പിച്ചെടുത്തു, വൻതോതിലുള്ള ഉൽപ്പാദനത്തിനുള്ള ഉപകരണങ്ങളും ടാക്കിളുകളും വികസിപ്പിച്ചു. യൂണിഫോം ആക്സസറീസ് എന്ന പേരിൽ സ്വന്തമായി ഒരു കമ്പനി ആരംഭിച്ചു. ഏകദേശം 30 ജീവനക്കാരുടെ സഹായത്തോടെ ആ കമ്പനി സ്വന്തമാക്കി പ്രവർത്തിപ്പിക്കുന്നു.

ഇന്ത്യൻ ലാറ്റിൻ കാത്തലിക് അസോസിയേഷൻ, ഇന്ത്യ കാത്തലിക് അസോസിയേഷൻ ഓഫ് എൻ.എ, കേരള സമാജം ഓഫ് ഗ്രേറ്റർ എൻ.വൈ, കെ.സി.എ.എൻ.എ, പയനിയർ ക്ലബ് ഓഫ് എൻ.എ., കേരള സെന്റർ എന്നിവയിൽ അംഗമാണ്. ഈ സംഘടനകളിൽ അദ്ദേഹം നിരവധി പ്രധാന സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്, നിലവിൽ അദ്ദേഹം കേരള സെന്ററിന്റെ ട്രഷററാണ്. ന്യൂയോർക്കിലെ ഒരു സംരംഭകനെന്ന നിലയിൽ ജോൺ പോൾ നിരവധി കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്. ഇന്ത്യയിലെ നിരവധി ദരിദ്ര കുടുംബങ്ങളെ വ്യക്തിപരമായും അദ്ദേഹം ബന്ധപ്പെട്ടിരിക്കുന്ന സംഘടനകൾ മുഖേനയും സഹായിച്ചു. 'ഒരു യാത്രയുടെ ലക്ഷ്യം' എന്ന പേരിൽ ഒരു പുസ്തകവും എഴുതി. അദ്ദേഹവും ഭാര്യ ഗ്രേസിയും ന്യൂയോർക്കിലെ അസ്റ്റോറിയയിലാണ് താമസിക്കുന്നത്.







# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL



# അപ്പൂ എന്നെ അനുഗ്രഹിക്കണം

രാജു മൈലപ്രാ

അങ്ങനെ ഒരു തിരുവോണം കൂടി കഴിഞ്ഞു. മഹാബലി തമ്പുരാൻ തൻറെ പ്രജകളെ സന്ദർശിച്ച ശേഷം സസുഖം പാതാളത്തിൽ തിരിച്ചെത്തി. ഏതായാലും സന്ദർശനം കഴിഞ്ഞയുടൻ തന്നെ 'ആഗോള അയ്യപ്പ സംഗമ'ത്തിലൊന്നും പങ്കെടുക്കുവാൻ നിൽക്കാതെ തിരിച്ചു പോയതു നന്നായി. അല്ലെങ്കിൽ ഇന്നത്തെ ഒരു 'ഇതു' വെച്ച് നോക്കുകയാണെങ്കിൽ, സന്നിധാനത്തെ സ്വർണ്ണപ്പാളികൾ അടിച്ചു മാറ്റിയെന്ന 'മോഷണക്കുറ്റം' തമ്പുരാന്റെ തലയിൽ കെട്ടിവെച്ചേനേ! പരാതിയില്ലെങ്കിലും പ്രതികളെ തപ്പി നടക്കുന്ന ഒരു പോലീസ് സംവിധാനമാണ് നമുക്കുള്ളത്. ഏതായാലും ഉറക്കമുണരുമ്പോൾ തലയിലെ തങ്കക്കിരീടം ഒന്നു പരിശോധിക്കുന്നത് നല്ലതാണ്. സ്വർണ്ണം ചെമ്പാക്കി മാറ്റുന്ന ജാലവിദ്യക്കാരാണ് ഇന്ന് അധികാരം കൈയാളുന്നത്.

അമേരിക്കയിലെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ സമംഗളം പര്യവസാനിച്ചു എന്നു വേണം കരുതുവാൻ. പരിപാടികളെല്ലാം ഒന്നിനൊന്നു മെച്ചപ്പെട്ടതായിരുന്നു. എത്രയധികം കലാകാരന്മാരും കലാകാരികളുമാണ് മികച്ച പ്രകടനങ്ങൾ കാഴ്ചവെച്ചത്. അഭിനന്ദനങ്ങൾ!

നമ്മുടെ ആഘോഷങ്ങൾ അതിരുകടന്ന് തെരുവുകളിലേക്കും വ്യാപിക്കുന്നത് അഭികാമ്യമാണോ എന്നത് ആലോചിക്കേണ്ട വിഷയമാണ്. താലപ്പൊലിയുടെയും താളമേളങ്ങളുടെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ മഹാബലിത്തമ്പുരാനെ പബ്ലിക് റോഡുകളിലൂടെ ആനയിക്കേണ്ട ആവശ്യമുണ്ടോ? അധികാരികളുടെ അനുവാദത്തോടെയാണ് ഇതു നടത്തുന്നതെന്ന് അറിയാം. പക്ഷേ, പൊതുജനത്തിനു അസൗകര്യമുണ്ടാക്കുന്ന ഇത്തരം പരിപാടികൾക്കെതിരെ അവർ പ്രതിക

രിച്ചാൽ ഇന്നത്തെ അന്തരീക്ഷത്തിൽ അത് ഇന്ത്യക്കാർക്ക് ബുദ്ധിമുട്ടാകും.

മഹാബലിയായി ഈ ഭൂമിയിൽ ഏറ്റവുമധികം തവണ വേഷമിട്ടിട്ടുള്ളത് എന്റെ നല്ല സുഹൃത്ത് അപ്പുവാണ് (അപ്പുക്കുട്ടൻ പിള്ള). അപ്പു അണിഞ്ഞൊരുങ്ങി വരുമ്പോൾ ആകപ്പാടെ ഒരു ആനച്ചന്തമുണ്ട്. 'അപ്പു എന്നെ അനുഗ്രഹിക്കണം.'

ഈ വർഷം അമേരിക്കയിൽ ഏറ്റവുമധികം ഓണാഘോഷങ്ങളിൽ പങ്കെടുത്തത് ഫൊക്കാനയുടെ അനിഷേദ്ധ്യ നേതാവും എന്റെ സ്നേഹിതനുമായ പോൾ കറുകപ്പള്ളിയാണ്. ഇത് എൻറെ ഒരു നിരീക്ഷണമാണ്.

ഇന്ത്യയുടെ സ്വാതന്ത്ര്യദിനം ഇവിടെ ആഘോഷിക്കുന്നത് എന്തിനാണെന്ന് ഒരു പിടിയും കിട്ടുന്നില്ല. മറ്റു രാജ്യക്കാർ ഇന്ത്യയിൽ വന്ന് അവരുടെ എന്തെങ്കിലും ദേശീയ പരിപാടികൾ നടത്താറുണ്ടോ?

രാവിലെ കുറെ അച്ചായന്മാർ മുണ്ടും ജുബ്ബയും കഴുത്തിലൊരു കോൺഗ്രസ് ഷാളുമണിഞ്ഞ് ഏതെങ്കിലുമൊരു പാർക്കിൻറെ മൂലയിൽ കൂടുന്നു. കൂട്ടിനു സാരിയണിഞ്ഞ കുറേ തരുണീമണികളുമുണ്ട്. കുറച്ചു കഴിയുമ്പോൾ ഒരു ബാനറിൽ തൂങ്ങിക്കിടന്ന് നേതാക്കന്മാർ മുന്നിൽ. ചെണ്ടയടിയും മുത്തുക്കുടകളുമായി അഞ്ചെട്ടെണ്ണം പിന്നാലെ.. 'ഭാരത മാതാ കീ ജെയ്' എന്ന് ഇടയ്ക്കിടെ മുദ്രാവാക്യം മുഴക്കുന്നുണ്ട്.

'താങ്ക്സ് ഗിവിംഗ് ഡേ' പരേഡും 'റോസസ് ഡേ' പരേഡും മറ്റും വർണ്ണശബളമായി, ചിട്ടയോടു കൂടി നടത്തുന്ന നാട്ടിലാണ്, നമ്മളീ നായ്ക്കോലം കെട്ടുന്നതെന്ന് ഓർക്കണം.

ഇനി മറ്റു ചിലർക്ക് ഗാന്ധിജിയുടെയും പട്ടേലിൻറെയും വീരപ്പൻറെയും മറ്റും പ്രതിമകൾ മുക്കിനും മൂലയിലും സ്ഥാപിക്കാതെ ഉറക്കം വരില്ല. ആരെങ്കിലുമൊക്കെ ഈ പ്രതിമകൾ അലങ്കോലപ്പെടുത്തുമ്പോൾ വെറുതേ കിടന്നു മോങ്ങുന്നു!

ജനമനസ്സുകളിൽ ജീവിക്കുന്ന മഹാത്മാ ഗാന്ധിയെ ആദരിക്കുവാൻ എന്തിനൊരു കളിമൺ പ്രതിമ?

ലോകത്തിൻറെ പല കോണുകളിൽ ഇന്ത്യക്കാർക്കെതിരെയുള്ള അധിക്ഷേപ സ്വരങ്ങൾ ഉയരുന്നുണ്ട്. ചിലയിടങ്ങളിൽ കൈയാങ്കളിയും നടന്നതായി വാർത്തകളുണ്ട്.

വൃത്തിയുടെ കാര്യത്തിൽ നമ്മൾ നമ്പർ വൺ ആണെന്ന് ഒരു തെറ്റിദ്ധാരണയുണ്ട്. സത്യത്തിൽ ശുചിത്വ പരിപാലനത്തിൽ (hygiene) നമ്മൾ എത്രയോ പിന്നിലാണെന്ന് മറ്റു രാജ്യങ്ങൾ സന്ദർശിക്കുമ്പോഴാണ് മനസ്സിലാകുന്നത്.

Deodarant, Mouthwash, Perfume/Cologue തുടങ്ങിയവ നനയ്ക്കാതെയും കുളിക്കാതെയും നടക്കുന്ന സായിപ്പൻമാർക്കുള്ള ഉല്പന്നങ്ങളാണെന്നാണ് പല ഇന്ത്യക്കാരുടെയും ധാരണം.

അമേരിക്കൻ പരിപാടികളിൽ, പ്രത്യേകിച്ച് നമ്മുടെ കുട്ടികളുടെ വിദ്യാലയങ്ങളിൽ പങ്കെടുക്കുമ്പോൾ മസാലയുടെയും മത്തി വറുത്തതിൻറെയും മണം തങ്ങി നിൽക്കുന്ന വസ്ത്രങ്ങൾ ധരിക്കാതിരിക്കുവാൻ ശ്രദ്ധിക്കണം.

പൊതു ഇടങ്ങളിലെ ടോയ്ലറ്റ് ഉപയോഗിച്ചശേഷം അതു വേണ്ട രീതിയിൽ വൃത്തിയാക്കപ്പെടാതെയാണ് പലരും സ്ഥലം വിടുന്നത്. "Toilet Cloggers' എന്നൊരു പേരും അടുത്തകാലത്ത് നമുക്കു പതിച്ചു നല്കിയിട്ടുണ്ട്.

വിവാഹസൽക്കാരത്തിനും മറ്റും ഒരിക്കൽ വാടകയ്ക്കു കൊടുത്ത ഹാളുകൾ പിന്നീട് ഇന്ത്യക്കാർക്ക് നല്കാത്തതും നമ്മൾ അവിടെ കാണിക്കുന്ന ശുചിത്വമില്ലായ്മ കൊണ്ടാണ്.

Expiry date കഴിഞ്ഞിട്ടും ഇവിടെ ജീവിക്കുന്ന നമ്മളിൽ പലരേയും ഒരുപക്ഷേ ഇതൊന്നും ബാധിക്കില്ല, പക്ഷേ, നമ്മുടെ അനന്തര തലമുറ നമ്മുടെ അശ്രദ്ധ മൂലം പരിഹസിക്കപ്പെടുവാൻ ഇടവരുത്തരുത്.

എത്ര തൂത്താലും തുടച്ചാലും, തലമുറകൾ കഴിഞ്ഞാലും 'ഇന്ത്യൻ മുഖഛായ' അവരുടെ മുഖത്തുനിന്നും മായിക്കാനാവില്ല. അവരുടെ ശാപം നമ്മളെ പിന്തുടരുവാൻ ഇടവരുത്തരുത്.

ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന ഒരു 'കാലാവസ്ഥാ വ്യതിയാനമാണ്' അമേരിക്കയിൽ നടന്നുകൊണ്ടിരിക്കുന്നത് എന്നുള്ള സത്യം നമ്മൾ ഉൾക്കൊള്ളണം.

ഭയം വേണ്ടാ, ജാഗ്രത മതി

'അപ്പു എന്നെ അനുഗ്രഹിക്കണം'

*(ഇതൊരു സ്വയം വിമർശനമാണ്. മറ്റാരെയും ഉദ്ദേശിച്ച് എഴുതിയതല്ല).*

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Service & Commitment



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ന്യൂയോർക്ക് ചാപ്റ്റർ ഏകദിന സെമിനാർ




നിബു വെള്ളവന്താനം

ന്യൂയോർക്ക് : 'ബഹുസ്വര സമൂഹത്തിൽ സുവിശേഷം പങ്കിടൽ' എന്ന വിഷയത്തെ കേന്ദ്രീകരിച്ച് കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ന്യൂയോർക്ക് ചാപ്റ്റർ ഏകദിന സെമിനാർ നടത്തി. ന്യൂയോർക്ക് ശാലേം പെന്തക്കോസ്തൽ ടാബർണാക്കിൾ സഭയിൽ വെച്ച് നടത്തപ്പെട്ട സെമിനാറിൽ ചാപ്റ്റർ സെക്രട്ടറി ഇവാഞ്ചലിസ്റ്റ് സാം മേമന അധ്യക്ഷത വഹിച്ചു.

സത്യത്തിന്റെ മത്സരാത്മകമായ അവകാശവാദങ്ങളുടെ ലോകത്ത്, വേദവചന സത്യങ്ങളിൽ വേരൂന്നിയതും നമ്മുക്ക് ബോധ്യമായതുമായ യേശുക്രിസ്തുവിന്റെ സന്ദേശം പ്രചരിപ്പിക്കുവാൻ വിശ്വാസ സമൂഹം തയ്യാറാകണമെന്ന് ലണ്ടനിലെ നോർത്ത് ഹാംപ്ടണിൽ നിന്നുള്ള പാസ്റ്റർ വർഗീസ് എം സാമുവൽ പ്രസ്താവിച്ചു. ഏകദിന സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ബഹുസ്വര സമൂഹത്തിൽ സുവിശേഷം പങ്കിടൽ' എന്ന വിഷയത്തിൽ ഉപന്യാസ മത്സരം ആരംഭിക്കുമെന്ന് കെ.പി.ഡബ്ല്യു.എഫ് പ്രഖ്യാപിച്ചു. ഇംഗ്ലീഷിലോ മലയാളത്തിലോ 500 വാക്കുകളുള്ള ഒരു ഉപന്യാസം സമർപ്പിക്കാൻ പങ്കെടുക്കുന്നവരെ ക്ഷണിക്കുന്നു. മത്സരത്തിൽ താൽപ്പര്യമുള്ള എല്ലാ എഴുത്തുകാർക്കും പ്രായഭേദമെന്യേ പങ്കെടുക്കാമെന്ന് ചാപ്റ്റർ പ്രസിഡന്റ് റവ. ഡോ.



ജോമോൻ ജേ ാർജ് അറിയിച്ചു. എൻട്രികൾ 2025 നവംബർ 30-നകം kpwfchapter@gmail.com എന്ന ഇമെയിൽ വഴി സമർപ്പിക്കണം. രണ്ട് ഭാഷാ വിഭാഗങ്ങളിലും അവാർഡുകൾ വെവ്വേറെ നൽകപ്പെടും. ഒന്നും രണ്ടും മൂന്നും. സ്ഥാനക്കാർക്ക് പ്രത്യേക പുരസ്കാരം നൽകും.

റവ. എബി തോമസ് (വൈസ് പ്രസിഡന്റ്), ബ്രദർ. സാം മേമന (സെക്രട്ടറി) ഡോ. റോജൻ സാം (ജോയിന്റ് സെക്രട്ടറി), ബ്രദർ. ജോസ് ബേബി (ട്രഷറർ) സൂസൻ ജെയിംസ് (വനിതാ കോർഡിനേറ്റർ), സ്റ്റെയ്സി മത്തായി (യൂത്ത് കോർഡിനേറ്റർ) എന്നിവരാണ് കെപിഡബ്ല്യുഎഫ് ന്യൂയോർക്ക് ചാപ്റ്റർ ഭാർവാഹികൾ

നോർത്ത് അമേരിക്കയിലുള്ള മലയാളി പെന്തക്കോസ്ത് എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുവാൻ രൂപം കൊണ്ട കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്കയുടെ ദേശീയ ഭാരവാഹികളായി രാജൻ ആര്യപ്പള്ളി (പ്രസിഡന്റ്), സാം മാത്യു (വൈസ് പ്രസിസന്റ്), നിബു വെള്ളവന്താനം ( ജനറൽ സെക്രട്ടറി), റവ. എബിൻ അലക്സ് (ജോ.സെക്രട്ടറി), ഡോ. ജോളി ജോസഫ് (ട്രഷറാർ), ഡോ. ഷൈനി സാം (ലേഡീസ് കോർഡിനേറ്റർ) എന്നിവർ പ്രവർത്തിച്ചുവരുന്നു.




# പ്രായം ചോദിക്കാത്ത മലനിരകൾ: മേഴ്സി ജോസഫിന്റെ സാഹസിക ജീവിതയാത്ര

**മീട്ടു റഹ്മത്ത് കലാം**

തൃശൂർ സ്വദേശിനിയായ മേഴ്സി ജോസഫ് തന്റേതായ ഇഷ്ടങ്ങളെ ചേർത്തുപിടിക്കാൻ തുടങ്ങിയിട്ട് അധികം കാലമായില്ല. ഉള്ളിൽ ഉറങ്ങിക്കിടന്ന സ്വപ്നങ്ങൾക്കായി സമയം ഒത്തുവന്നത് ജോലിയിൽ നിന്ന് വിരമിച്ച ശേഷമാണ്. 1950കളുടെ അവസാനം ജനിച്ച്, 1980കളുടെ മദ്ധ്യത്തിൽ അമേരിക്കയിലേക്ക് കുടിയേറിയ മേഴ്സിക്ക്, ബാല്യത്തിലോ കൗമാരത്തിലോ പുറത്തുപോയി കളിക്കുന്നതിനുപോലും സാഹചര്യം അനുവദിച്ചിരുന്നില്ല. സമൂഹം ഏർപ്പെടുത്തിയ വിലക്കുകളിൽപ്പെട്ട്, കായികപരമായ കഴിവുകൾ സ്വയം തിരിച്ചറിയാൻ പോലും സാധിക്കാതെ പോയ സ്ത്രീകളിൽ ഒരാളായിരുന്നു മേഴ്സി ജോസഫ്. ഇപ്പോൾ ഈ തുറന്നുപറച്ചിൽ നടത്തുന്നതുപോലും, വൈകിയിട്ടില്ലെന്ന പ്രതീക്ഷ തനിക്ക് ചുറ്റുമുള്ളവർക്ക് പകരുക എന്ന ഉദ്ദേശശുദ്ധിയോടെയാണ്. ജനിച്ച നാടോ ജീവിത സാഹചര്യമോ ജീവിക്കുന്ന രാജ്യമോ സാമ്പത്തിക സ്ഥിതിയോ ഒന്നുമല്ല, സ്വപ്നം നേടിയെടുക്കാനുള്ള നിശ്ചയദാർഢ്യമാണ് വിജയം നിർണയിക്കുന്നത്. ജീവനോപാധിക്കായി വ്യക്തിഗത സ്വപ്നങ്ങൾ ത്യജിക്കാൻ യവ്വനത്തിലും മധ്യവയസ്സിലും



നിർബന്ധിതരായവർക്ക് മുൻപിൽ ഇനിയും സമയമുണ്ടെന്ന് തന്റെ ജീവിതയാത്രയുടെ മേഴ്സി പറഞ്ഞുവയ്ക്കുന്നു. 60 വയസ്സിന് ശേഷമുള്ള സമയമാണ് സാധാരണ ആളുകൾ വിശ്രമത്തിനായി തിരഞ്ഞെടുക്കുന്നത്. എന്നാൽ, സ്വപ്നങ്ങളെ പിന്തുടരാൻ ദൈവം നൽകിയ എക്സ്ട്രാ ഇന്നിംഗ്സ് ആയി ജീവിതത്തിന്റെ സായം സന്ധ്യയെ നോക്കിക്കാണാൻ




പ്രചോദിപ്പിക്കുന്നവരും നമുക്കിടയിലുണ്ടെന്നത് വലിയൊരു സന്ദേശമാണ്.

ഡാൻസ് പഠിക്കണം, ഹിമാലയം കാണണം...എന്നിങ്ങനെ പ്രായത്തെ വെല്ലുവിളിച്ചുകൊണ്ട് ആഗ്രഹങ്ങൾ ഒന്നൊന്നായി നിറവേറ്റുന്നതിലെ ത്രിൽ മേഴ്സി ജോസഫ് ഇ-മലയാളി വായനക്കാരുമായി പങ്കുവയ്ക്കുന്നു...

### *മഹാമാരി നൽകിയ ആദ്യ ചവിട്ടുപടി*

കോവിഡ്-19 മഹാമാരിക്കാലത്ത് ന്യൂയോർക്കിലെ പാർക്കുകൾ പൊതുജനങ്ങൾക്ക് സൗജന്യമായി തുറന്നുകൊടുത്തപ്പോൾ, തനിയെ നടത്തിയ ഹൈക്കിംഗ് യാത്രകളിലൂടെയാണ് മെഴ്സി പ്രകൃതിയുമായി പുതിയൊരു ബന്ധം സ്ഥാപിച്ചത്. ''ഒറ്റയ്ക്കുള്ള യാത്രകൾ തന്നെയാണ് എന്റെ കരുത്ത് തിരിച്ചുപിടിക്കാൻ സഹായിച്ചത്,'' അവർ പറയുന്നു. വിരമിക്കുന്നതിന് മുമ്പുതന്നെ മേഴ്സി ഒരു 'ബക്കറ്റ് ലിസ്റ്റ്' തയ്യാറാക്കി. അതിലെ ഒന്നാമത്തെ സ്വപ്നം: 'ഹിമാലയത്തിലേക്ക് പോകുക, ഒരു മല കീഴടക്കുക' എന്നുള്ളതായിരുന്നു.

### *സ്വപ്നത്തിനായി പരിശീലനം*

മാനസികവും ശാരീരികവുമായി ഒട്ടേറെ കരുത്തുണ്ടെങ്കിലേ തന്റെ സ്വപ്നം സാക്ഷാത്കരിക്കാനാകൂ എന്ന ബോധ്യമാണ് പുതിയൊരു ജീവിതക്രമം ഏറ്റെടുക്കാൻ പ്രേരണയായത്.ഡാൻസ് ക്ലാസുകൾ, ഹാഫ് മാരത്തോൺ റൺസ്, ദിനവും നീണ്ട നടത്തം, സ്റ്റെയർ ക്ലൈമ്പിങ്, ചെറിയ ഭാരോദ്വാഹനം എന്നിങ്ങനെ സ്വയം വെല്ലുവിളിച്ചുകൊണ്ട് പലതും ചെയ്തു. ഒരുകാലത്ത് കായികരംഗത്ത് തിളങ്ങിയവർക്കുപോലും ഈ പ്രായത്തിൽ സാധിക്കാത്തതാണ് യാതൊരുവിധ അനുഭവപരിചയവുമില്ലാത്ത മേഴ്സിക്ക് സാധ്യമായത്. സ്വപ്നത്തിലേക്ക് നടന്നടുക്കാൻ ഓരോ ചുവട് വീതം എടുത്ത് മുന്നോട്ടുപോകാമെന്ന ഉറച്ച തീരുമാനമായിരുന്നു ആയുധം.



### *എവറസ്റ്റും കിളിമഞ്ജാരോയും*

ലോകത്തിലെ ഏറ്റവും വെല്ലുവിളികളുള്ള പാതകളിലേക്ക് സ്വയം മറന്ന് നടന്നടുക്കുക ഒട്ടും എളുപ്പമായിരുന്നില്ല. അവരുടെ നിശ്ചയദാർഢ്യത്തിന് മുൻപിൽ പ്രതിബന്ധങ്ങൾ വഴിമാറി എന്ന് പറയുന്നതാകും ശരി. എവറസ്റ്റ് ബേസ് ക്യാമ്പിലേക്കുള്ള പാറക്കെട്ടുകളും

മരംകോച്ചുന്ന മഞ്ഞും മേഴ്സിയെ പുറകോട്ട് വലിച്ചില്ല. ആഫ്രിക്കയിലെ കിളിമഞ്ജാരോയിലെ ചുട്ടുപൊള്ളുന്ന വെയിലും അവരെ തളർത്തിയില്ല. സംശയത്തിന്റെയും ആശങ്കകളുടെയും നിമിഷങ്ങളുണ്ടായിരുന്നു. മതത്തിന്റേയോ ഭാഷയുടെയോ ദേശത്തിന്റെയോ വ്യത്യാസമില്ലാതെ ഒരേകുടുംബം പോലെ നിന്നാണ് ഒപ്പമുള്ളവർ പ്രോത്സാഹിപ്പിച്ചത്.

റെക്കോർഡുകൾ തേടി ആയിരുന്നില്ല ആ യാത്ര. പ്രായം ജീവിതത്തെ ചുരുക്കുന്നില്ലെന്ന് തെളിയിക്കുക മാത്രമായിരുന്നു തന്റെ ലക്ഷ്യമെന്ന് അവർ പറയുന്നു. അനുഭവങ്ങൾ മുന്നിലുള്ള ലോകത്തെയും കാഴ്ചകളെയും കൂടുതൽ വിശാലമാക്കുമെന്നും.

പാദം മുന്നോട്ട് വെയ്ക്കാനുള്ള മനസ്സാണ് വിജയം നിർണയിക്കുന്നതെന്നും യൗവ്വനത്തിന്റെ വേഗതയേക്കാൾ ശക്തമാണതെന്നും ഉയരങ്ങൾ താണ്ടുംതോറും അവർ തിരിച്ചറിഞ്ഞു.






***ഒരു രാത്രിയുടെ യാത്ര***

കിളിമഞ്ജാരോ കൊടുമുടിയിലേക്കുള്ള അവസാനത്തെ കയറ്റം അർധരാത്രിയിലാണ് തുടങ്ങിയത്. ഏഴ് കോട്ടുകൾ, മൂന്നു ലെഗ്ഗിങ്സ്, ഒട്ടേറെ സോക്സുകളും കൈയുറകളുംഅങ്ങനെയായിരുന്നു വേഷധാരണം. ഓക്സിജൻ കുറയുമ്പോഴും, കാലുകൾക്ക് ഭാരം തോന്നിയപ്പോഴും ഹൃദയം മന്ത്രിച്ചു : ''ഒരു ചുവട്, ഒരു ശ്വാസം,പതിയെ പതിയെ '. യുവാക്കളിൽ പലരും വഴിമുട്ടി നിന്നപ്പോൾ, മേഴ്സിയെ മുന്നോട്ട് നയിച്ചത് ഈ മന്ത്രണമാണ്. വേഗതകൊണ്ടല്ല ശക്തി അളക്കുന്നത് പ്രതിരോധത്തിലാണെന്ന് അവർ തെളിയിച്ചു.

***ജീവിതപാഠങ്ങൾ***

ഈ യാത്രകൾ മൂന്ന് വലിയ സത്യങ്ങൾ അടിവരയിടുന്നു:

പ്രതിബന്ധങ്ങളെ മറികടക്കാൻ പ്രായം തടസ്സമല്ല.

മറ്റുള്ളവരുമായി താരതമ്യം ചെയ്യുന്നത് സന്തോഷം നഷ്ടപ്പെടുത്തും; മത്സരം അവനവനോട് വേണം.

എവറസ്റ്റും കിളിമഞ്ജാരോയും പോലെ ഓരോരുത്തർക്കും കീഴടക്കേണ്ട 'മലകൾ' വേറെയുണ്ടാകും ആശുപത്രികളിലോ വീടുകളിലോ ഓഫീസുകളിലോ നേരിടേണ്ട ഓരോ പ്രതിബന്ധങ്ങളിലും ഓരോ ചുവട് വച്ച് മുന്നേറുക.

ഇനിയും വൈകിയിട്ടില്ലെന്ന് ഓർമ്മിപ്പിക്കുകയാണ് മേഴ്സി ജോസഫ്. മലകൾ ചോദിക്കുന്നത് നിന്റെ പ്രായമല്ല ; നീ മുന്നോട്ട് പോകുന്നോ എന്ന് മാത്രമാണ്.

ബക്കറ്റ് ലിസ്റ്റിൽ അടുത്ത ലക്ഷ്യം ന്യൂയോർക്ക് മാരത്തോണിൽ പങ്കെടുക്കുക എന്നുള്ളതാണ്. സാധാരണയായി ആറു മണിക്കൂറിനുള്ളിൽ 23 മൈൽ പിന്നിടുന്നതിന് പകരം അഞ്ച് മണിക്കൂറിൽ അത് ഫിനിഷ് ചെയ്യുന്നതിനായുള്ള പരിശ്രമം ആരംഭിച്ചുകഴിഞ്ഞു.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



### മനോജ് നൈനാൻ

ഡാളസ്- ഫോർട്ട് വർത്ത്: തിരുവല്ല, പുളിക്കീഴ് മുളനിൽക്കുന്നതിൽ മാത്യു നൈനാന്റെയും, പൊന്നമ്മ നൈനാന്റെയും മകൻ, മനോജ് നൈനാൻ (47) ടെക്സാസിൽ അന്തരിച്ചു. ബെറ്റ്സിയാണ് ഭാര്യ. ഏക മകൾ: ലിലി. സ്മിത ഏക സഹോദരിയാണ്.

### ശോശാമ്മ ചാക്കോ

ഇല്ലിവളവ്:പറപ്പള്ളിൽ പത്താഴക്കുഴിയിൽ പരേതനായ ചാക്കോ ചാക്കോയുടെ ഭാര്യ ശോശാമ്മ ചാക്കോ (100) അന്തരിച്ചു. മക്കൾ: തങ്കമ്മ, കുഞ്ഞൂഞ്ഞമ്മ, കുഞ്ഞമ്മ ണി, ജോയ്, മോളി. മരുമക്കൾ: പൊൻകുന്നം പള്ളി നീരാക്കൽ പി.വി. ഫ്രാൻസിസ്, പരേതനായ പി.എ.ബേബി, ആന ത്താനം കോതകേരിൽ ജേക്കബ്കുട്ടി,ഷേർളി ഫിലിപ്, റാന്നി മുരിപ്പേൽ ഏബ്രഹാം.



### മോളി ജോസ്

ഡാളസ് / ബോംബെ: ജോസ് തോമസിന്റെ പത്നി മോളി ജോസ് ബോംബയിൽ അന്തരിച്ചു. ഡാളസിലെ സാമൂഹ്യ സാംസ്കാരിക പ്രവർത്തകൻ റെജി വർഗീസിന്റെ(ചാമുണ്ട ഓട്ടോമൊബൈൽസ്, ഡാളാസ്, ടെക ്സസ്) സഹോദരിയാണ് മോളി ജോസ് .ഏക മകൾ സ്റ്റിൻസി ആഗ്നേൽ ജോയ് വർഗീസ് ചാമുണ്ട ഓട്ടോമൊബൈൽസ് ബോറിവല്ലി ബോംബെ,. റെജി വർഗീ സ് (ഡാളസ്) സഹോദരന്മാ രും സാലി സോമൻ, സഹോദരിയുമാണ്.

### സി.ജെ.ജോസഫ്

വല്ലകം: ചേന്നംകേരിൽ സി.ജെ.ജോസഫ് (ജോസ്80) അന്തരിച്ചു. ഭാര്യ: വെണ്ണിക്കണ്ടത്തിൽ പരേതയായ മേരി ജോസഫ്. മക്കൾ: ഫ്രാങ്ക്ലിൻ, ഫെബിൻ, ഫ്ളോറി, ഫിനിക്സ്.



### മറിയാമ്മ തോമസ്

ന്യൂജേഴ്സി: വെണ്ണിക്കുളം നാരകത്താനീ നാറാണത്ത് വീട്ടിൽ പരേതനായ എൻ എം മത്തായിയുടെ ഭാര്യ, മറിയാമ്മ തോമസ് (ഓമന - 77) ന്യൂജേഴ്സിയിൽ അന്തരിച്ചു. മോൻസി മാത്യു (ന്യൂജേഴ്സി), തോമസ് മാത്യു (ഫിലഡൽഫിയ), എന്നിവർ മക്കളും, വിജി മോൻസി മാത്യു, റിനി ജോർജ്, എന്നിവർ മരുമക്കളും, മെർലിൻ മാത്യു, മെർവിൻ മാത്യു, ടിഷ തോമസ്, കെവിൻ തോമസ് എന്നിവർ കൊച്ചുമക്കളുമാണ്.

### സാറാമ്മ പുന്നൂസ്

വാകത്താനം:വള്ളിക്കാട്ട് പുന്നൂസ് പുന്നൂസിന്റെ ഭാര്യ സാറാമ്മ പുന്നൂസ് അന്തരിച്ചു. പുല്ലാട്ട് പിച്ചനാട്ട് പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: പ്രിൻസ്, പ്രിയ. മരുമക്കൾ: ബെസ്സി പാറപ്പാട്ട് നാലുന്നാക്കൽ, ഷൈൻ തോമസ് ഫിലിപ്.



### ആനന്ദ് ടി. ജോൺസൺ

മിസ്സിസാഗ: ചെങ്ങന്നൂർ തിരുവൻവണ്ടൂർ കല്ലിശേരി തട്ടാരുഴത്തിൽ അഡ്വ. ആനന്ദ് ടി. ജോൺസൺ (കൊച്ചുമോൻ-56) കാനഡയിൽ അന്തരിച്ചു. രോഗബാധിതനായി ചികിത്സയിലിരിക്കേയാണ് മരണം. ഭാര്യ: മുണ്ടൻകാവ് മഠത്തിൽപറമ്പിൽ മേരി ജോൺസൺ. മകൻ: ഡേവിസ് ഈശോ ജോൺസൺ.

### സിസിലിയാമ്മ തോമസ്

തെങ്ങണ:പഴയബ്ലോക്ക് പുതുപ്പറമ്പിൽ പരേതനായ തോമസ് ജോസഫിന്റെ ഭാര്യ സിസിലിയാമ്മ തോമസ് (90) അന്തരിച്ചു. മക്കൾ: ലിസമ്മ, ലീലാമ്മ, ആൻസി, ജോസ്, മോളി, ജാൻസി, ജെസി. മരുമക്കൾ: പരേതനായ ജോസഫ് പാറത്തറ, സെബാസ്റ്റ്യൻ വെട്ടിക്കൽ, ജോസ് തച്ചേടത്ത്, ഷേർളി നീണ്ടൂർ, ജോർജ്, ബെന്നി.



### ആൻസമ്മ

ന്യൂയോർക്ക്: അമേരിക്കയിലെ യോങ്കേഴ്സിൽ സ്ഥിരതാമസമാക്കിയ, ചമ്പക്കുളം മാളിയേക്കൽ സെബാസ്റ്റ്യൻറെ (ബാബു) ഭാര്യ ആൻസമ്മ (60) അന്തരിച്ചു . പരേത കൈനകരി കുറുപ്പശ്ശേരി കുടുംബാംഗമാണ്. മക്കൾ : ഫാ. തോമസ് (ടോം) മാളിയേക്കൽ (ചങ്ങനാശേരി അതിരൂപത), ടീനു സെബാസ്റ്റ്യൻ (യൂ.എസ്.എ), ടിജോ സെബാസ്റ്റ്യൻ (യൂ.എസ്.എ). മരുമക്കൾ: സെൽബിൻ പുതിയിടം (യൂ.എസ്.എ), ഷെയ്ന ടോമി (യൂ.എസ്.എ).ഫാ. ജോസഫ് കുറുപ്പശ്ശേരി സി.എം.ഐ പരേതയുടെ സഹോദരനാണ്.

### എൻ.സി.പാപ്പച്ചൻ

വയലാ:നെല്ലാനികാട് എൻ.സി.പാപ്പച്ചൻ (71) അന്തരിച്ചു. ഭാര്യ: തങ്കമ്മ (കല്ലറ).



### പ്രൊഫ. ജോസഫ് എബ്രഹാം

ഫ്ളോറിഡ: ചങ്ങനാശേരി എസ് ബി കോളേജ് കോമേഴ്സ് വിഭാഗത്തിന്റെ മുൻ മേധാവി, പ്രൊഫ. ജോസഫ് എബ്രഹാം (ജോസ്കുട്ടി) കാക്കാൻതോട്ടിൽ ഫ്ളോറിഡയിൽ അന്തരിച്ചു. ഭാര്യ എൽസമ്മ പ്ലാക്കാട്ട് മക്കൾ എബ്രഹാം. അനു ,ലിസ. മരുമക്കൾ , ജോ കല്ലറക്കൽ ,റ്റാനിയ വള്ളിയിരുപെത്ത്, ഗാരി ചരിവുകാലയിൽ.

### കെ.കെ.ജോസഫ്

കുറുപ്പന്തറ:കണ്ണച്ചാംപറമ്പിൽ കെ.കെ.ജോസഫ് (കുഞ്ഞേപ്പ്78) അന്തരിച്ചു. ഭാര്യ: കല്ലറ തെക്കേമ്യാലിൽ മോളി. മക്കൾ: ജോജി, ജോമി, ജോസ്മി. മരുമക്കൾ: ജെൽസി തേക്കുംകാട്ടിൽ തിരുവനന്തപുരം, ലൈജു പുന്നൂസ് ആലപ്പാട്ട് തൊടുപുഴ, പുന്നൂസ് രാജൻ ഇല്ലിക്കൽ മുട്ടം.



### സഖറിയാസ് ജോസഫ്

കോട്ടയം: എസ്.എൻ. പുരം മണിയങ്ങാട്ട് സഖറിയാസ് ജോസഫ് (സ്കറിയാച്ചൻ-66) അന്തരിച്ചു. ഭാര്യ, ലാലി പാലാ കാപ്പിൽ കുടുംബാംഗം.മക്കൾ: ജിന്റോ (ഡിഫ്ലയിങ് സ്ക്വാഡ് ഇവന്റ്സ്). ജിസ്മി (ഓസ്ട്രേലിയ). മരുമക്കൾ: നിമ്മി (അസിസ്റ്റന്റ് പ്രഫസർ, എൻജിനീയറിംഗ് കോളേജ്, മുട്ടം) കുന്നേൽ കുടുംബാംഗം അതിരമ്പുഴ, ജോർജ് തോമസ് മറ്റക്കാട്ടിൽ, പെരുമ്പാവൂർ (ഓസ്ട്രേലിയ). കൊച്ചുമക്കൾ: ജോ. എഡ്ഡി. സഹോദരങ്ങൾ: ഫാദർ ജോസ് മണിയങ്ങാട്ട് (യുഎസ്എ). ബേബി (യുഎസ്എ). മേരി (യുഎസ്എ). രാജമ്മ, ലിസമ്മ, വത്സമ്മ (ജമൈക്ക).

### ശോശാമ്മ മാത്യു

പാമ്പാടി:പുതുപ്പറമ്പിൽ പരേതനായ പി.ടി.മാത്യുവിന്റെ ഭാര്യ ശോശാമ്മ മാത്യു (82) അന്തരിച്ചു.



### ജെയിംസ് സി ഫിലിപ്പ്സ്

ഇടയ്ക്കാട്ട്: ചെങ്ങളവൻ ജെയിംസ് സി ഫിലിപ്പ്സ് (ജിമ്മി-71)അന്തരിച്ചു. ഭാര്യ: ലൂസി ഫിലിപ്പ് അരീക്കര മുപ്രാപ്പള്ളി കുടുംബാംഗമാണ്. മക്കൾ: അനൂപ് ജയിംസ്, വിനോദ് ജയിംസ്. മരുമക്കൾ: മെർളിൻ പായിക്കാട്ട്മാലിൽ പാലത്തുരുത്ത്, രഞ്ചു നിരവത്ത് മോനിപ്പള്ളി.

### ശോശാമ്മ തോമസ്

പാദുവ:മഠത്തിൽ പരേതനായ തോമസിന്റെ ഭാര്യ ശോശാമ്മ തോമസ് (87) അന്തരിച്ചു. അമയന്നൂർ നെടുവയലിൽ കുടുംബാംഗമാണ്. മക്കൾ: ജോസഫ്, ലില്ലി, ലൈല, ഫിലിപ്, ലി സി, സന്തോഷ്. മരുമക്കൾ: പെണ്ണമ്മ കുന്നേൽ മുത്തോലി, ആന്റണി തൊണ്ടകുളം കൊങ്ങാണ്ടൂർ, ആന്റണി ളായികരീയിൽ മിത്രക്കരി, ഷീല പുത്തൻകുളങ്ങര ജോൺസൺ സോഫി നെയ്യത്തുംപറമ്പിൽ .



### ബേബി ജേക്കബ്

കൂടല്ലൂർ: പാലക്കാട്ട് ബേബി ജേക്കബ് (77) അന്തരിച്ചു.

### ശോശാമ്മ ഐപ്

മൂലേടം:മുഞ്ഞനാട്ട് തകടിയേൽ (മുഞ്ഞനാട്പുള്ളിയിൽ) ടി.സി.ഐപ്പിന്റെ ഭാര്യ ശോശാമ്മ ഐപ് (70) അന്തരിച്ചു. മീനടം പട്ടശേരിൽമഠത്തിൽ കുടുംബാംഗമാണ്. മക്കൾ: അഭിലാഷ്, അനീഷ്. മരുമക്കൾ: സോണിയ പട്ടശേരിൽ പള്ളിക്കത്തോട്, ജോജിമോൾ ചെട്ടിയേടത്ത് പാമ്പാടി (ഗംഗാറാം ആശുപത്രി ഡൽഹി).

### മേരിക്കുട്ടി ജോസഫ്

കൂനന്താനം:നങ്ങച്ചിവീട്ടിൽ മേരിക്കുട്ടി ജോസഫ് (92) അന്തരിച്ചു. ഭർത്താവ്: പരേതനായ റിട്ട.പ്രഫ. ജോസഫ് മത്തായി. മക്കൾ: മത്തായിക്കുഞ്ഞ്, ഈത്തമ്മ രാജു, കുഞ്ചെറിയാച്ചൻ.



### കെ.കെ ജോസഫ്

കുറുപ്പന്തറ: കണ്ണച്ചാൻപറമ്പിൽ കെ.കെ ജോസഫ് (കുഞ്ഞേപ്പ്-80) അന്തരിച്ചു. ഭാര്യ: മോളി കല്ലറ തെക്കേമ്യാലിൽ കുടുംബാംഗമാണ്.

### മറിയാമ്മ വർഗീസ്

മാലം:തെക്കേക്കര താഴത്തേടത്ത് പരേതനായ ഉലഹന്നാൻ വർഗീസിന്റെ ഭാര്യ മറിയാമ്മ വർഗീസ് (95) അന്തരിച്ചുവെള്ളൂർ ചിറക്കപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ടി.വി.ജോൺ, ടി.വി.ഏലിയാമ്മ, ടി. വി.ഏബ്രഹാം, പരേതനായ ജോർജ് വറുഗീസ്. മരുമക്കൾ: അന്നമ്മ ജോൺ, പരേതനായ മാത്തുക്കുട്ടി, മേരി വർഗീസ്, ബീന ജോർജ്.

### സി.ജെ.ജോസഫ്

കറുകച്ചാൽ:കൂത്രപ്പള്ളി ചിറത്തലയ്ക്കൽ സി.ജെ. ജോസഫ് (ജോഷി 49) അന്തരിച്ചു. ഭാര്യ: മാമ്പുഴക്കരി സോഫി. മകൾ: ട്രീസ.


THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi CHANNEL HD
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News